# ഗിരിദീപം

വാല്യം : 05 | ലക്കം : 09 | വില : ₹10

സെപ്റ്റംബർ 2022



സെപ്റ്റംബർ 08

## പരിശുദ്ധ ദൈവമാതാവിന്റെ
## പിറവിത്തിരുന്നാൾ ആശംസകൾ



മാനന്തവാടി രൂപതയുടെ നിയുക്ത
സഹായമെത്രാൻ

# റവ. ഫാ. അലക്സ് താരാമംഗലം അച്ചന്

അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ...

ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

വാല്യം 05 സെപ്റ്റംബർ 2022 ലക്കം 09

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
940 006 2898

# ഉള്ളടക്കം


1. Prot. No.492 / 2022, Pastoral Letter No. 02/2022 ................................ 05
2. കച്ചേരിക്കാര്യം ................................................................................ 09
3. അനുസ്മരണം - ഫാ. ജോസഫ് വലിയകണ്ടം ................................ 15
4. വിശ്വാസപരിശീലനം ...................................................................... 18
5. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ........................................................ 25
6. ചെറുപുഷ്പ മിഷൻലീഗ് ................................................................ 29
7. തിരുബാലസഖ്യം ............................................................................ 37
8. യുവജനശുശ്രൂഷ ............................................................................ 40
9. കുടുംബപ്രേഷിതത്വം ...................................................................... 44
10. വിമൽജ്യോതി വാർത്തകൾ .......................................................... 52
11. സാൻജോസ് അക്കാദമി .................................................................. 55
12. നിർമ്മലഗിരി വാർത്തകൾ .............................................................. 56
13. ADAM ............................................................................................ 59
14. ഇൻഫാം വാർത്തകൾ .................................................................... 60
15. എ.കെ.സി.സി. ................................................................................ 61
16. ഏയ്ഞ്ചൽ ട്രസ്റ്റ് ............................................................................ 64
17. സാമൂഹ്യസേവനവേദി .................................................................... 67
18. ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ...................... 70
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ................ 72
20. Programme of the Archbishop Mar Joseph Pamplany... ................ 77
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞളറക്കാട്ട് പിതാവ്) .............. 79
22. Programme of the Archbishop Emeritus Mar George Njaralakatt ......... 80
23. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ................ 81

Prot. No.492 / 2022, Pastoral Letter No. 02/2022

# ഇടയലേഖനം

*ദൈവകൃപയാലും തിരുസ്സഭയുടെ നിയോഗത്താലും*
*തലശ്ശേരി അതിരൂപതയുടെ ഇടയൻ:*

*മാർ ജോസഫ് പാംപ്ലാനി*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ

സെപ്റ്റംബർ മാസം എട്ടുനോമ്പിലൂടെ പരിശുദ്ധ അമ്മയുടെ ജനനത്തിന് നാം ഒരുങ്ങുന്ന സമയമാണല്ലോ. കേരളത്തിലെ സുറിയാനി സഭകളുടെ തനതുപാരമ്പര്യത്തിന്റെ ഭാഗമായ എട്ടുനോമ്പ് നമ്മുടെ പൂർവ്വികരുടെ മരിയഭക്തിയുടെ ഏറ്റവും ശ്രദ്ധേയമായ സാക്ഷ്യമാണ്. എട്ടുനോമ്പിനു പിന്നിലെ പാരമ്പര്യങ്ങളെ ചേർത്തുവായിച്ചാൽ പ്രധാനമായും മൂന്നു വസ്തുതകളാണ് വെളിപ്പെടുന്നത്. ഇവയുടെ വെളിച്ചത്തിൽ പരിശുദ്ധ അമ്മയ്ക്കുള്ള ജന്മദിനസമ്മാനമായി മൂന്നു പദ്ധതികൾ ഞാൻ നിങ്ങൾക്കു മുന്നിൽ വയ്ക്കുകയാണ്.

ഒന്നാമതായി, വിജാതീയ രാജാക്കന്മാരുടെ പടയോട്ടങ്ങളിൽ തങ്ങളുടെ ചാരിത്ര്യം സംരക്ഷിക്കാൻ എട്ടുനാൾ നീണ്ടുനിന്ന നോമ്പിലും ഉപവാസത്തിലും ദൈവാലയത്തിൽ കഴിച്ചുകൂട്ടിയ ക്രൈസ്തവ യുവതികളെ രക്ഷിക്കാൻ പരിശുദ്ധ ദൈവമാതാവ് അത്ഭുതകരമായി ഇടപെട്ടതിന്റെ കൃതജ്ഞതാനിർഭരമായ ഓർമ്മ ഈ നോമ്പിന്റെ പിന്നാമ്പുറങ്ങളിലുണ്ട്. നമ്മുടെ കുടുംബങ്ങളിലെ പെൺമക്കളെ ലക്ഷ്യമാക്കി തീവ്രവാദ സംഘടനകൾ ഒരുക്കുന്ന പ്രണയക്കുരുക്കുകൾ ഇന്ന് വർദ്ധമാനമാകുന്നുണ്ട്. ജന്മംനൽകി സ്നേഹിച്ചു വളർത്തിയ മക്കൾ മതതീവ്രവാദികളുടെ ചൂണ്ടയിൽ കുരുങ്ങുമ്പോൾ രക്ഷിക്കാൻ വഴിയേതും കാണാതെ നിസ്സഹായരാകേണ്ടിവരുന്ന മാതാപിതാക്കളുടെ സങ്കട

ങ്ങളെ ഈ നോമ്പുകാലത്തിന്റെ പ്രാർത്ഥനാനിയോഗമായി നമുക്ക് സമർപ്പിക്കാം. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകളെയും സ്ത്രീത്വത്തെയും പരിശുദ്ധ അമ്മയെ എന്നപോലെ ആദരിക്കാൻ നാം പഠിക്കേണ്ട നാളുകളാണിവ. പരിശുദ്ധ അമ്മയുടെ നീല അങ്കിയുടെ സംരക്ഷണതണലിൽ നമ്മുടെ മക്കൾ സുരക്ഷിതരാകാൻ ഈ എട്ടുനോമ്പിൽ നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം. തീവ്രവാദ ഗ്രൂപ്പുകളുടെ ചതിക്കുഴികളിൽ നമ്മുടെ മക്കൾ വീണുപോകാതിരിക്കാനുള്ള ബോധവൽക്കരണം കൗമാരക്കാരായ വിദ്യാർത്ഥികളെയും അവരുടെ മാതാപിതാക്കളെയും ലക്ഷ്യമാക്കി അതിരൂപതാ മതബോധന കേന്ദ്രം ആവിഷ്കരിച്ചിട്ടുള്ളത് എല്ലാവരും പ്രയോജനപ്പെടുത്തണം.

രണ്ടാമതായി, നമ്മുടെ അമ്മയായ പരിശുദ്ധ കന്യാമറിയത്തിന്റെ ജനനത്തിരുനാൾ മനുഷ്യരെല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളാണ് എന്ന സത്യത്തെ ധ്യാനിക്കേണ്ട തിരുനാളായിട്ടാണ് സഭാപാരമ്പര്യം പഠിപ്പിക്കുന്നത്. നാമെല്ലാവരും പരിശുദ്ധ അമ്മയുടെ മക്കളാകയാൽ സാഹോദര്യത്തിന്റെ കരുതൽ പരസ്പരം പകരാൻ നമുക്ക് കഴിയണം. സഹോദരങ്ങളുടെ സങ്കടങ്ങളെക്കുറിച്ച് അറിയാതെയും അന്വേഷിക്കാതെയും സ്വാർത്ഥരായി ജീവിക്കുന്നവർക്ക് പരിശുദ്ധ അമ്മയുടെ മക്കളാകാൻ അർഹതയില്ല. ''പരിശുദ്ധ ത്രിത്വം വന്നുവസിച്ച ഭവനം'' എന്നാണ് വി. തോമസ് അക്വീനാസ് പരിശുദ്ധ മറിയത്തെ വിശേഷിപ്പിക്കുന്നത്. ദൈവഭവനമായ മറിയം ഭവനമില്ലാത്തവരെക്കുറിച്ചുള്ള ഓർമ്മ നമ്മിൽ ഉണർത്തണം. നമ്മുടെ അതിരൂപതയുടെ പ്ലാറ്റിനം ജൂബിലിക്ക് ഒരുക്കമായി ഭവനരഹിതർക്കെല്ലാം ഭവനം നിർമ്മിച്ചു നൽകുന്ന ''ബിഷപ് സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമ്മാണ പദ്ധതി'' നാം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണല്ലോ. ഈ പദ്ധതിയോട് സഹകരിച്ച് 20 ൽപരം വീടുകൾ ഇതിനോടകം നിർമ്മിച്ചു നൽകിയ ഇടവകകളുണ്ട് എന്നത് അഭിമാനകരമാണ്. അതിരൂപതയിലാകെ 600 ൽപരം വീടുകൾ ഇതിനോടകം നിർമ്മിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കോവിഡിന്റെ രൂക്ഷത അകന്ന പശ്ചാത്തലത്തിൽ ഈ ജീവകാരുണ്യ പദ്ധതി എല്ലാ ഇടവകകളിലും കാര്യമായി നടപ്പിലാക്കണം. ജസ്റ്റിസ് കോശി കമ്മീഷനുള്ള വിവരശേഖരണത്തിനായി നടത്തിയ സർവ്വേയിൽ സ്വന്തമായി ഭവനം നിർമ്മിക്കാൻ 5 സെന്റ് ഭൂമിപോലുമി

ല്ലാത്ത എഴുന്നൂറോളം കുടുംബങ്ങൾ നമ്മുടെ അതിരൂപതയിലുണ്ട് എന്ന കണ്ടെത്തൽ നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഈ ഭൂരഹിതർക്കെല്ലാം ഭവന നിർമ്മാണത്തിനാവശ്യമായ ഭൂമി നൽകാൻ ആത്മാർത്ഥമായി പരിശ്രമിച്ചാൽ നമുക്ക് സാധിക്കും. ആചാര്യവിനോഭാവെ ആവിഷ്കരിച്ച "ഭൂദാന പ്രസ്ഥാനം" പോലെ നമ്മുടെ ഇടവകയിലെ ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനാവശ്യമായ അഞ്ചോ ആറോ സെന്റ് ഭൂമി നൽകാൻ ഭൂസ്വത്തുള്ളവർ തയ്യാറാകണം. കൂടുതൽ ഭൂമിയുള്ള ഇടവക പള്ളികളും സ്ഥാപനങ്ങളും ഇക്കാര്യത്തിൽ മാതൃക കാട്ടണം. ഭൂരഹിതർക്കായി ഭൂമി നൽകാൻ സന്നദ്ധരായി ഇതിനോടകം മുന്നോട്ടുവന്ന അതിരൂപതയുടെ വിവിധ ഭാഗങ്ങളിലെ സുമനസ്സുകളായ വ്യക്തികളെ നന്ദിയോടെ ഓർമ്മിക്കുന്നു. ഇടവകാതലത്തിൽ ഇപ്രകാരമുള്ള ഭൂദാനത്തിന് പ്രചോദനം നൽകാൻ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നത് പ്രയോജനകരമാകും.

മൂന്നാമതായി, പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ സ്വർഗത്തിലേക്കുള്ള വഴിതുറക്കാൻ ദൈവം തീരുമാനിച്ച തിരുനാളായിട്ടാണ് തിരുസഭാ മാതാവ് നമ്മെ പഠിപ്പിക്കുന്നത്. "ഭൂമിയിലേക്ക് ദൈവം ഇറങ്ങി വന്ന വഴിയും ഗോവണിയുമായ മറിയമാണ് ദൈവത്തിലേക്ക് കയറിച്ചെല്ലാനുള്ള വഴിയും ഗോവണി"യുമെന്ന വി. അംബ്രോസിന്റെ വാക്കുകൾ നാം ധ്യാനവിഷയമാക്കേണ്ടതാണ്. "മറിയംവഴി ഈശോയിലേക്ക്" എന്ന ആപ്തവാക്യം നമുക്ക് പരിചിതമാണല്ലോ. മറിയത്തിന്റെ പക്കലെത്തുന്നവരെല്ലാം ഈശോയുടെ പക്കലെത്തും എന്നു നാം വിശ്വസിക്കുന്നു. പരിശുദ്ധ മറിയമാകുന്ന വഴിയെക്കുറിച്ചുള്ള ചിന്ത "എല്ലാവർക്കും വഴി" എന്ന സാഹോദര്യ ചിന്തയിലേക്ക് നമ്മെ നയിക്കണം. കുടിയേറ്റത്തിന്റെ 100-ാം വർഷം ആഘോഷിക്കാൻ നാം ഒരുങ്ങുമ്പോഴും "സ്വന്തം വീട്ടുമുറ്റത്ത് വാഹനമെത്തുന്ന ഒരു വഴി" എന്നത് പല കുടുംബങ്ങൾക്കും ഇന്നും ഒരു വിദൂര സ്വപ്നം മാത്രമാണ്. വഴിയില്ലാത്ത ഭവനങ്ങളിൽ ബഹുഭൂരിപക്ഷത്തിനും വഴി ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് വഴിയോരത്ത് വസിക്കുന്നവരുടെ ഉദാസീനമായ മനോഭാവമാണ്. വഴിയും സത്യവും ജീവനുമായ നമ്മുടെ കർത്താവിനോടുള്ള സ്നേഹം പ്രകടമാക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം അയൽക്കാരന്റെ വീട്ടിലേക്കുള്ള വഴി തുറന്നു കൊടുക്കുന്നതാണ്. അയൽക്കാരന്റെ വഴി അടയ്ക്കുന്നവർ സ്വർഗ്ഗത്തിലേക്കുള്ള സ്വന്തം

വഴിയാണ് അടയ്ക്കുന്നത് എന്ന ഓർമ്മ വേണം. വീട്ടുമുറ്റത്ത് വാഹന മെത്താത്തതിന്റെ പേരിൽ കഷ്ടപ്പെടുന്ന രോഗികളുടെയും വിവാഹം മുടങ്ങുന്ന യുവജനങ്ങളുടെയും ഭവന നിർമ്മാണം മുടങ്ങുന്ന കുടും ബങ്ങളുടെയും സങ്കടം മാറ്റാൻ നമുക്ക് കഴിഞ്ഞാൻ അത് പരിശുദ്ധ അമ്മയ്ക്കുള്ള ഏറ്റവും നല്ല പിറന്നാൾ സമ്മാനമായിരിക്കും.

പരിശുദ്ധ അമ്മയ്ക്കുള്ള പിറന്നാൾ സമ്മാനമായി നാം വിഭാവനം ചെയ്യുന്ന മൂന്നു കർമ്മപദ്ധതികൾ നമ്മുടെ എല്ലാ മക്കൾക്കും തീവ്ര വാദികളിൽനിന്നുള്ള സംരക്ഷണം, ഭൂരഹിതർക്കെല്ലാം കിടപ്പാടത്തി നാവശ്യമായ ഭൂദാനം, വഴിയില്ലാത്തവരിൽ സാധിക്കുന്നവർക്കെല്ലാം വഴി എന്നിവയാണ്. ഈ പദ്ധതികളെക്കുറിച്ച് ഇടവകാ അജപാലന സമിതികൾ കാര്യക്ഷമമായി ചർച്ച ചെയ്യുകയും ഇവ സാക്ഷത്കരി ക്കാനവശ്യമായ പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്യണം. പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ ക്രിസ്തീയ സ്നേഹത്തിന്റെ പ്രായോഗിക പാഠങ്ങൾ അഭ്യസിക്കാൻ നമുക്ക് അവസരമാകട്ടെ. അമ്മ യുടെ ജന്മദിനത്തിന്റെ എല്ലാ അനുഗ്രഹങ്ങളും മംഗളങ്ങളും നിങ്ങൾക്കെല്ലാവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു. പരിശുദ്ധ അമ്മയിൽ വസിച്ച പരിശുദ്ധ ത്രിത്വം പിതാവും പുത്രനും പരിശുദ്ധാ ത്മാവും ✠ നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹാശംസകളോടെ,

തലശ്ശേരി
25-08-2022

**+ മാർ ജോസഫ് പാംപ്ലാനി**
തലശ്ശേരി അതിരൂപതയുടെ ഇടയൻ

---

NB: ഈ ഇടയലേഖനം 2022 സെപ്റ്റംബർ 04-ാം തീയതി ഞായ റാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബ്ബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.




### 1. അഭിനന്ദനങ്ങൾ

**റവ. ഡോ. തോമസ് ഓലിക്കരോട്ട്** – തലശ്ശേരി അതിരൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറായും ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് സയൻസിന്റെയും ഡയറക്ടറായും ബഹു. തോമസ് ഓലിക്കരോട്ട് അച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. 2022 ഓഗസ്റ്റ് മാസം 17-ാം തീയതി ബഹു. ഓലിക്കരോട്ട് അച്ചൻ പുതിയ ഉത്തരവാദിത്വം ഏറ്റെടുത്തു. വചനപ്രഘോഷണരംഗത്ത് തിളങ്ങിനിൽക്കുന്ന ഓലിക്കരോട്ട് തോമസ് (ടോം) അച്ചൻ നമ്മുടെ അതിരൂപതയുടെ അഭിമാനമാണ്. പ്രിയപ്പെട്ട ടോം അച്ചന് എല്ലാവിധ അനുമോദനങ്ങളും ആശംസകളും.

**റവ. ഫാ. ലൂയിസ് മരിയദാസ്:** കലാസാഹിത്യ സാംസ്ക്കാരിക സംഗീത മേഖലകളിൽ സമഗ്രമായ സംഭാവനകൾ നല്കുന്നവർക്കായി ഏർപ്പെടുത്തിയിരിക്കുന്ന തുരീയം 2022 പുരസ്ക്കാരത്തിനു നമ്മുടെ അതിരൂപതാംഗമായ ബഹു. ലൂയി മരിയദാസ് മേനാച്ചേരി അച്ചൻ അർഹനായി. ഗോവ ഗവർണർ അഡ്വ. ശ്രീധരൻ പിള്ളയിൽനിന്നും അച്ചൻ ബഹുമതി ഏറ്റുവാങ്ങി. കലാവാസനകൾ വളർത്തിയെടുക്കുവാൻ കാര്യമായ സാഹചര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്കുവേണ്ടി അച്ചൻ ആരംഭിച്ച Grazia International Arts Academy 2022 മെയ് മാസം 4-ാം തീയതി അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ കൈതപ്രം ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. ബഹു. ലൂയി മരിയദാസ് അച്ചൻ നമ്മുടെ അതിരൂപതയ്ക്കു കലാരംഗത്ത് ദൈവം നൽകിയ സമ്മാനമാണ്. ബഹു. ലൂയിസ് അച്ചന് അനുമോദനങ്ങളും ആശംസകളും.

**റവ. ഫാ. ജോബി കരിന്തോളിൽ:** ജർമ്മനിയിൽ ഓസ്നാബ്രുക്ക് രൂപതയിൽ Wietmarschen - Lohne ഇടവകകളുടെ വികാരിയായി നിയമിതനായി. പ്രിയപ്പെട്ട ജോബി അച്ചന് അനുമോദനങ്ങളും ആശംസകളും...

Address: Pfarrer Joby Thomas
Matthias - Rosemann Str. 2
49835 Wietmarschen, Germany

**റവ. ഫാ. ജോൺ ആലപ്പാട്ട്:** ജർമ്മനിയിൽ റേഗെൻസ്ബുർഗ് Pondorf Schamhaupten - Wolfsbuch ഇടവകകളുടെ വികാരിയായി ബഹു. ജോൺ (ഷിജോ) ആലപ്പാട്ടച്ചൻ നിയമിതനായി. പ്രിയപ്പെട്ട ജോണച്ചന് അനുമോദനങ്ങളും ആശംസകളും...

Address: Pfarrer Shijo Alappattu
Windener Str. 14
93336 Pondorf / Altmannstein, Germany

**പുതിയ അഡ്രസ്സ്**

Address: Rev. Fr. Joseph Thayyil (Spiritual Father)
Mother Home, Sreestha, Pariyaram Medical College P.O.
Kannur - 670 503

**2. നന്ദി**

ബഹു. ഫിലിപ്പ് കവിയിൽ അച്ചനായിരുന്നു കഴിഞ്ഞ നാല് വർഷങ്ങളായി ഏറ്റവും പ്രശംസനീയമായ വിധത്തിൽ നമ്മുടെ ബൈബിൾ അപ്പൊസ്റ്റോലേറ്റിനെ നയിച്ചിരുന്നത്. പ്രിയപ്പെട്ട ഫിലിപ്പച്ചൻ ബൈബിൾ അപ്പൊസ്റ്റോലേറ്റിനു നല്കിയ സേവനകാലഘട്ടത്തെ നന്ദിയോടെ അനുസ്മരിക്കുന്നു.

**3. ബഹു. വൈദികരുടെ വാർഷിക ധ്യാനം**

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ ഈ വർഷത്തെ വാർഷികധ്യാനം രണ്ടു ബാച്ചുകളിലായി നടക്കുന്നു. 2022 സെപ്റ്റംബർ 11 മുതൽ 16 വരെ ആദ്യബാച്ചിന്റെയും, 18 മുതൽ 23 വരെ രണ്ടാമത്തെ ബാച്ചിന്റെയും ധ്യാനം നടക്കും. ഒന്നാമത്തെ ബാച്ചിന്റെ ധ്യാനം മദർ ഹോമിലും രണ്ടാമത്തെ ബാച്ചിന്റെ ധ്യാനം മൈനർ സെമിനാരിയിലും വച്ചാണ് നടക്കുന്നത്. ധ്യാനത്തിൽ പങ്കെടുക്കുവാനുള്ള വൈദികരുടെ പേരുകൾ കഴിഞ്ഞ മാസത്തെ ഗിരിദീപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏതെങ്കിലും കാരണങ്ങളാൽ ബാച്ചുമാറി ധ്യാനത്തിൽ പങ്കെടുക്കുന്നവരോ വരാൻ സാധിക്കാത്തവരോ ഉണ്ടെങ്കിൽ ദയവായി നേരത്തെ അറിയിക്കുമല്ലോ. ധ്യാനത്തിനുള്ള ക്രമീകരണങ്ങൾ നടത്തുവാൻ അത് സഹായകരമാകും. ഈ വർഷത്തെ വാർഷികധ്യാനം

നയിക്കുന്നത് ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവാണ്.

## 4. Deacons Parents Meet

ഈ വർഷം വൈദികപട്ടം സ്വീകരിക്കുന്ന ഡീക്കന്മാരുടെ മാതാപിതാക്കളുടെ ഒരു യോഗം 2022 സെപ്റ്റംബർ 27-ാം തീയതി രാവിലെ 10:30 ന് തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് നടത്തുന്നു. നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പട്ടം സ്വീകരിക്കുന്നവരുടെയും മറ്റ് സന്യാസ സമൂഹങ്ങൾക്കുവേണ്ടി പട്ടം സ്വീകരിക്കുന്നവരുടെയും മാതാപിതാക്കളെ ഈ മീറ്റിംഗിലേക്ക് പറഞ്ഞയക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. സെപ്റ്റംബർ 20-ാം തീയതിയോടെ മൈനർ സെമിനാരി റെക്ടറെ ഓരോ ഇടവകകളിൽ നിന്നും വരുന്നവരുടെ എണ്ണം അറിയ്ക്കണം.

## 5. ആദരാഞ്ജലികൾ

**ശ്രീമതി മറിയം വരിക്കാനിക്കൽ (95)** : ബഹു. മാർട്ടിൻ വരിക്കാനിക്കൽ അച്ചന്റെ പ്രിയപ്പെട്ട മാതാവ് മറിയം വരിക്കാനിക്കൽ 2022 ജൂലൈ മാസം 25-ാം തീയതി നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2022 ജൂലൈ മാസം 26-ാം തീയതി അഭിവന്ദ്യ വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൊളക്കാട് സെന്റ് തോമസ് ദൈവാലയ സെമിത്തേരിയിൽവച്ച് നടന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം. പ്രിയപ്പെട്ട മാർട്ടിനച്ചനും കുടുംബാംഗങ്ങൾക്കും അനുശോചനം അറിയിക്കുന്നു.

**ശ്രീ. ജോസ് കളപ്പുരയിൽ (72)** : ബഹു. ജോർജ് കളപ്പുരയിൽ അച്ചന്റെ പ്രിയപ്പെട്ട സഹോദരൻ ജോസ് കളപ്പുരയിൽ 2022 ഓഗസ്റ്റ് മാസം 8-ാം തീയതി നിര്യാതയായി. മൃതസംസ്ക്കാരശുശ്രൂഷകൾ അന്നേദിവസം തന്നെ അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഒറ്റത്തൈ സെന്റ് ആന്റണീസ് ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട ജോർജച്ചനും കുടുംബാംഗങ്ങൾക്കും അനുശോചനങ്ങൾ. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**ശ്രീമതി മേരി സ്കറിയ (91)** : ബഹു. തോമസ് കൊട്ടുകാപ്പള്ളി അച്ചന്റെ പ്രിയപ്പെട്ട മാതാവ് മേരി സ്കറിയ 2022 ഓഗസ്റ്റ് 9-ാം തീയതി നിര്യാതയായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2022 ഓഗസ്റ്റ് 10-ാം തീയതി അഭിവന്ദ്യ വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ

നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട തോമസച്ചനും കുടുംബാംഗങ്ങൾക്കും അനുശോചനങ്ങൾ. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

## 6. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് മഴുവഞ്ചേരി - 02-09-1985
2. റവ. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം - 05-09-2007
3. റവ. ഫാ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ - 11-09-2020
4. റവ. ഫാ. തോമസ് കൊച്ചുപറമ്പിൽ - 13-09-2013
5. റവ. ഫാ. സോസിമൂസ് മുണ്ടിയാനിപ്പുറം സി.എം.ഐ. - 15-09-1966
6. റവ. ഫാ. ലൊയോള പെരികിലക്കാട്ട് സി.എം.ഐ. - 17-09-1988
7. റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (സീനിയർ) - 19-09-1979
8. റവ. ഫാ. സബീനൂസ് ഈന്തുംപ്ലാക്കൽ സി.എം.ഐ. - 20-09-1979
9. റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (ജൂനിയർ) - 20-09-1988
10. റവ. ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ് - 22-09-1982

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
ചാൻസലർ

## PPF വിശേഷങ്ങൾ

പ്രിയപ്പെട്ട വൈദിക സഹോദരങ്ങളെ,

ഏവർക്കും മാതാവിന്റെ പിറവിത്തിരുന്നാളാശംസകൾ !

ഓർമയിൽ സൂക്ഷിക്കാൻ ചില പി പി എഫ് വിശേഷങ്ങൾ.

1 പി പി എഫ് ഉൾപ്പെടെയുള്ള വൈദിക ക്ഷേമം അഭിവന്ദ്യ പിതാവ് എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നതിനാൽ ഇനി മുതൽ പി പി എഫ് സംബന്ധമായ കാര്യങ്ങൾക്ക് എന്നെ സമീപിക്കുമല്ലോ.

2 നമ്മുടെ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും കരുവഞ്ചാൽ ആശുപത്രിയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുക.

3 മറ്റ് ആശുപത്രികളിൽ ഉപരി ചികിത്സ ആവശ്യമായി വരുന്നവർ അഭിവന്ദ്യ പിതാവിനെയും എന്നെയും അറിയിക്കാൻ സന്മനസ്സ് കാണിക്കുക.

4 ഏതു ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയാലും ഉടൻതന്നെ എന്നെയും സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് ഏജൻറ് ജോബി സാറിനെയും (Mob: 9388208105, 9447688460) നിർബന്ധമായും അറിയിക്കുക.

5 പി പി എഫ് ഇടവക - വ്യക്തി വിഹിതങ്ങൾ 2022 ഡിസംബറിനകം കുടിശ്ശിക തീർത്തടച്ച് നമുക്ക് പരസ്പരം അനുഗ്രഹമാകാം. വിഹിതം അടയ്ക്കാനും മെഡിക്കൽ ബില്ലുകൾ സമർപ്പിക്കാനും പ്രൊക്യൂറേറ്ററിന്റെ ഓഫീസിൽ മിസ്റ്റർ ജസ്റ്റിന്റെ (Mob: 7306705042) സേവനം സദാ ലഭ്യമാണ്.

6 മുൻകാല കുടിശിക വലിയ ബാധ്യതയായി അനുഭവപ്പെടുന്നവർ പ്രസ്തുത വിവരം നേരിട്ട് സംസാരിച്ച് ആവശ്യമായ ക്രമീകരണത്തിന് സന്മനസ് കാണിക്കുമല്ലോ.

7 വാർഷിക ധ്യാന ദിനങ്ങളിൽ പി പി എഫ് തുക പൂർണ്ണതയോടെ നൽകി നമ്മുടെ കൂട്ടായ്മയെ ശക്തിപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ.

8 **നന്ദി... നന്ദി... നന്ദി...**
കഴിഞ്ഞ അഞ്ചു വർഷക്കാലം പി പി എഫിനും നമുക്കും അനുഗ്രഹത്തിന്റെ അഭിഷേക സാന്നിധ്യമായി നിലകൊണ്ട ബഹു. ജേക്കബ് വെണ്ണായിപ്പള്ളിയച്ചന്റെ നേതൃത്വവും പ്രവർത്തനമികവും വാക്കുകൾക്കതീതമാണ്. എത്ര നന്ദി പറഞ്ഞാലും അധികമാകാത്ത വിധം അത്രമേൽ കരുതലോടും കരുണയോടും കൂടി പി പി എഫിനെ നയിച്ച സിജു അച്ചനെ അതിരൂപത അഭിമാനത്തോടും ആദരവോടു കൂടി അഭിനന്ദിക്കുന്നു... നന്ദി പറയുന്നു. അച്ചന്റെ അകമഴിഞ്ഞ ആത്മാർത്ഥതയ്ക്കും അനുസ്യൂതമായ ആത്മാർപ്പണത്തിനും ഒരിക്കൽക്കൂടി അകൈതവമായ നന്ദി... നന്ദി... നന്ദി.

സ്നേഹാശംസകളോടെ

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
വികാരി ജനറാൾ

# റവ. ഫാ. ആന്റണി കുറിച്ച്യാപറമ്പിൽ ചാരിറ്റബിൾ ട്രസ്റ്റ്

**AKM Charitable Trust**

ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനായി ജീവിതം ഉഴിഞ്ഞ് വച്ച പ്രിയപ്പെട്ട ആന്റണി കുറിച്ച്യാപറമ്പിലച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് AKM ചാരിറ്റബിൾ ട്രസ്റ്റ്. എറണാകുളം കളമശ്ശേരിയിലുള്ള അച്ചന്റെ സ്വന്തം കെട്ടിടസമുച്ചയമായ AKM Towers ആണ് ട്രസ്റ്റിന്റെ ഓഫീസ്. ഡയാലിസിസ് ആവശ്യമായി വരുന്നവരെ സഹായിക്കുക, രോഗികളെ സഹായിക്കാൻ ആവശ്യമായ സെന്ററുകൾ തുടങ്ങുക, പാവപ്പെട്ടവർക്ക് വിദ്യാഭ്യാസ സഹായം നൽകുക തുടങ്ങിയവയാണ് ട്രസ്റ്റിന്റെ പ്രധാന ലക്ഷ്യങ്ങൾ. എറണാകുളത്ത് ഡയാലിസിസ് ചെയ്യുന്ന രോഗികളെ അതിരൂപതയുടെ ഏയ്ഞ്ചൽ ഡയാലിസിസ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇപ്പോൾ സഹായിക്കുന്നത്.

2021-22 സാമ്പത്തികവർഷം AKM ചാരിറ്റബിൾ ട്രസ്റ്റ് 10,38,016 രൂപ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുന്ന ബഹു. കുറിച്ച്യാപറമ്പിലച്ചൻ കളമശ്ശേരിയിലുള്ള AKM Towers കെട്ടിടസമുച്ചയം അതിരൂപതയ്ക്കായി എഴുതിതന്നിട്ടുണ്ട്. AKM Towers- ൽ നിന്നു ലഭിക്കുന്ന വാടക ഉപയോഗിച്ചാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള തുക കണ്ടെത്തുന്നത്.

മലബാർ മേഖലയിൽ കഷ്ടതയനുഭവിക്കുന്ന, പ്രത്യേകിച്ച് ഡയാലിസിസ് രോഗികൾക്ക് ഈ ട്രസ്റ്റ് വളരെ അനുഗ്രഹവും സഹായകരവും ആകുമെന്നതിൽ സംശയമില്ല. ജീവിതം മുഴുവൻ ദൈവത്തിനും ദൈവജനത്തിനുംവേണ്ടി ആത്മാർപ്പണം ചെയ്യുന്ന അച്ചന്റെ ത്യാഗോജ്ജ്വലമായ ഈ കർമ്മപദ്ധതി അതിരൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മാതൃകയും മുതൽക്കൂട്ടുമാണ്. അതിരൂപതയ്ക്ക് എന്നും അഭിമാനവും അനുഗ്രഹവുമായ അച്ചന്റെ പ്രവർത്തനങ്ങളുടെ ഓർമ്മയ്ക്കായി കരുവഞ്ചാലിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് സെന്ററിന്റെ ഒരു വാർഡ് ബഹു. ആന്റണി അച്ചന്റെ പേരിൽ നാമകരണം ചെയ്യുന്നതാണ്. ഏവർക്കും പ്രിയങ്കരനായ ആന്റണി അച്ചന്റെ ഹൃദയവിശാലതയും ഉദാരതയും അതിരൂപത നിറമനസ്സോടെ സ്മരിക്കുന്നു.



**അനുസ്മരണം**

## ഫാ. ജോസഫ് വലിയകണ്ടം

തലശ്ശേരി അതിരൂപതയിലെ മുതിർന്ന വൈദികരിൽ ഒരാളായ റവ. ഫാ. ജോസഫ് വലിയകണ്ടം (82) 2022 ഓഗസ്റ്റ് മാസം 8-ാം തീയതി വൈകുന്നേരം 5:50 ന് നിര്യാതനായി. കിഡ്നി സംബന്ധമായ അസുഖത്താൽ കണ്ണൂർ കൊയിലി ആശുപത്രിയിൽ ചികിത്സയിൽ കഴിയുമ്പോളാണ് മരണം സംഭവിച്ചത്.

ബഹു. ജോസഫ് അച്ചൻ 1940 ഫെബ്രുവരി 5-ാം തീയതി പാലാ രൂപതയിലെ കുറവിലങ്ങാട് ഇടവകയിൽ വലിയകണ്ടം ജോസഫ് മറിയം ദമ്പതികളുടെ മൂത്തമകനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം കുറവിലങ്ങാട് ചെറുകര ഗവൺമെന്റ് എൽ. പി. സ്കൂളിലും എടൂർ എൽ. പി. സ്കൂളിലുമായി പൂർത്തിയാക്കി. ജോസഫച്ചന്റെ ബാല്യകാലത്തു തന്നെ വലിയകണ്ടം കുടുംബം മലബാറിലേക്ക് കുടിയേറി.

1958 ൽ കുന്നോത്ത് സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ ചേർന്ന് തലശ്ശേരി രൂപതക്കുവേണ്ടി വൈദിക പഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1967 മാർച്ച് മാസം 10-ാം തീയതി തലശ്ശേരി രൂപതയുടെ ആദ്യമെത്രാനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു.

1967 ഏപ്രിൽ മാസം 16-ാം തീയതി പേരാവൂർ സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിൽ സഹവികാരിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. 1968 മുതൽ 1974 വരെ വെള്ളരിക്കുണ്ട് പള്ളിയിൽ വികാരിയായി നിയമിതനായി. വെള്ളരിക്കുണ്ടിൽ ദൈവാലയത്തിന്റെ നിർമ്മാണവും എൽ. പി. സ്കൂൾ ആരംഭിച്ചതും ഉൾപ്പെടെ അനേകം വികസനപ്രവർത്തനങ്ങൾ നടത്തി.

1974 മുതൽ 1977 വരെ താമരശ്ശേരി രൂപതയിലെ കൂടരഞ്ഞി പള്ളി വികാരിയായി സേവനമനുഷ്ഠിച്ചു. പിന്നീട് 1977 മുതൽ 1984 വരെ മണിക്കടവ് ഇടവകയുടെ വികാരിയായി. ഹൈസ്കൂൾ കെട്ടിടം, മണിക്കടവ് ഇരിട്ടി റോഡ് നിർമ്മാണം, ദൈവാലയത്തിന്റെ നവീകരണം തുടങ്ങിയ നിരവധി വികസന പ്രവർത്തനങ്ങൾ മണിക്കടവിന് സമ്മാനിച്ചു. ഈ കാലഘട്ടത്തിലാണ് ശാന്തിനഗർ ഇടവകയ്ക്ക് തുടക്കം കുറിച്ചത്. 1984 മുതൽ 1989 വരെ കുടിയാന്മല പള്ളിയുടെ വികാരിയായി സേവനമഷ്ഠിച്ചു. കുടിയാന്മലയിൽ ഇന്നത്തെ ദൈവാലയം പണിയാരംഭിച്ചതും പൂർത്തിയാക്കിയതും ജോസഫച്ചൻ ആയിരുന്നു. യു. പി. സ്കൂൾ കെട്ടിട നിർമ്മാണവും കുടിയാന്മലയിൽ നടത്തി.

1989-1990 കാലഘട്ടത്തിൽ പുളിങ്ങോം വികാരിയായി സേവനമനുഷ്ഠിച്ചു. ചൂരപ്പടവ് ഇടവകയ്ക്ക് തുടക്കം കുറിച്ചു. സൺഡേസ്കൂൾ കെട്ടിട നിർമ്മാണം നടത്തി. തുടർന്ന് 1990 മുതൽ 1998 വരെ തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ മാനേജർ എന്ന നിലയിൽ സ്തുത്യർഹമായ സേവനം കാഴ്ച വച്ചു. കോർപ്പറേറ്റ് മാനേജർ എന്ന ഉത്തരവാദിത്വത്തോടൊപ്പം കണ്ണൂർ ടൗൺ കേന്ദ്രമാക്കി ഒരു ദൈവാലയത്തിനു തുടക്കം കുറിച്ചത് ബഹു. വലിയകണ്ടം അച്ചൻ ആയിരുന്നു. ഇന്നത്തെ ഹോളി ഫാമിലി ടൗൺ പള്ളിയുടെ വളർച്ചക്ക് അടിത്തറയിട്ടതും അച്ചൻ ആയിരുന്നു.

1998 മുതൽ 2002 വരെ ചെറുപുഴ സെന്റ് മേരീസ് ഫൊറോനാ വികാരിയായി ശുശ്രൂഷ ചെയ്തു. 2002 മുതൽ 2005 വരെ കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ പള്ളി വികാരിയായും 2007 മുതൽ 2012 കിളിയന്തറ പള്ളി വികാരിയായും ശുശ്രൂഷ ചെയ്തു. 2012 മുതൽ 2015 മെയ് മാസം വരെ നെല്ലിപ്പാറ ഇടവകയിൽ വികാരിയായി ശുശ്രൂഷ ചെയ്തു. നെല്ലിപ്പാറയിൽനിന്നാണ് കരുവഞ്ചാൽ ശാന്തിഭവനിലേക്ക് വിശ്രമജീവിതത്തിനായി ജോസഫ് വലിയകണ്ടം അച്ചൻ എത്തുന്നത്. മുകളിൽ വിവരിച്ച ശുശ്രൂഷാവഴികൾ ബഹു. ജോസഫ് അച്ചന്റെ പുരോഹിത ശുശ്രൂഷ തിരുസഭയ്ക്കു നൽകിയ സംഭാവനകൾ വ്യക്തമാക്കുന്നുണ്ട്.

വളരെ ശാന്തനും ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്ന അജപാലകനായിരുന്നു വലിയകണ്ടം അച്ചൻ. കുടിയേറ്റ കർഷകരുടെ വേദനകൾ പൂർണ്ണമായി ഉൾക്കൊണ്ട് ദൈവജനത്തിന്റെ ഒപ്പം നടന്ന് തന്റെ ജീവിതം ദുഖിതർക്കും നിരാലംബർക്കും ആശ്രയമാക്കിത്തീർത്ത പുരോഹിതനായിരുന്നു ജോസഫച്ചൻ. തല

ശ്ശേരി അതിരൂപതയുടെ വളർച്ചയുടെ ആദ്യനാളുകളിലെ വിഷമതകളും കഷ്ടപ്പാടുകളും സന്തോഷത്തോടെ ഏറ്റുവാങ്ങിയ വൈദികരിലൊരാൾ ആയിരുന്നു ജോസഫച്ചൻ. കോർപ്പറേറ്റ് മാനേജർ എന്ന നിലയിൽ തലശ്ശേരി അതിരൂപത വിദ്യാഭ്യാസ ഏജൻസിക്കു അച്ചൻ നൽകിയ സംഭാവനകൾ നിസ്തുലമാണ്.

ബഹു. ജോസഫ് അച്ചൻ കഴിഞ്ഞ ഏതാനും വർഷങ്ങളായി രോഗബാധിതനായിരുന്നു. വിവിധ രോഗങ്ങൾ അദ്ദേഹത്തെ അലട്ടിയിരുന്നു. അതിനിടയിലാണ് കിഡ്നി സംബന്ധമായ രോഗത്തെ തുടർന്ന് കൊയ്‌ലി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. എന്നാൽ വീണ്ടും രോഗം മൂർഛിക്കുകയും മരണം സംഭവിക്കുകയും ചെയ്തു.

പ്രിയപ്പെട്ട വലിയകണ്ടം അച്ചാ, ദൈവം തലശ്ശേരി അതിരൂപതയ്ക്ക് നൽകിയ ശ്രേഷ്ഠമായ സമ്മാനങ്ങളിൽ ഒന്നായിരുന്നു അങ്ങയുടെ ജീവിതം. അങ്ങ് നടന്ന അജപാലന വഴികളും ചെയ്ത നന്മകളും വിസ്മയത്തോടെയാണ് ഞങ്ങൾ നോക്കി കാണുന്നത്. ഈ അതിരൂപതയ്ക്ക് അങ്ങയുടെ സേവനങ്ങൾ വിസ്മരിക്കാനാവില്ല. കുടിയേറ്റ ജനത്തിന്റെ വേദനകളിൽ നല്ലിടയന്റെ സാന്നിധ്യമായി തീർന്ന അങ്ങ് ശ്രേഷ്ഠമായ പൗരോഹിത്യജീവിതം കൊണ്ട് സ്വർഗത്തിൽ നിക്ഷേപങ്ങൾ കരുതി എന്ന് ഞങ്ങൾക്ക് ഉറപ്പാണ്. പ്രിയ സഹോദര വൈദികാ, ഈശോയുടെ തിരുമുഖം ദർശിക്കുവാൻ അങ്ങ് ആരംഭിച്ച യാത്രയ്ക്ക് മംഗളങ്ങൾ

*വന്ദ്യപുരോഹിതാ, അങ്ങയുടെ ജ്വലിക്കുന്ന ഓർമ്മകൾക്ക് മുന്നിൽ പ്രണാമം.*

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
ചാൻസലർ

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).**

സെപ്റ്റംബർ മാസം എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജന്മദിനമാണല്ലോ. പാപരഹിതയായി ജനിച്ച്, ദൈവവരപ്രസാദത്തിൽ ജീവിച്ച പരിശുദ്ധ അമ്മയെ അനുകരിച്ച് നമുക്കും വിശുദ്ധിയിൽ വളരാം. എട്ടുനോമ്പ് അനുഷ്ഠിച്ച് അമ്മയുടെ പിറവിത്തിരുന്നാളിന് ഒരുങ്ങാം.

ഏലിയാ സ്ലീവാ മൂശ കാലത്ത് മിശിഹായുടെ രണ്ടാമത്തെ ആഗമനത്തെയും വി. സ്ലീവായുടെ മഹത്വത്തെയും നാം ധ്യാനവിഷയമാക്കുകയാണല്ലോ. സെപ്റ്റംബർ 14 വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാളാണ്. കുരിശുമരണം വഴി ഈശോ നേടിത്തന്ന രക്ഷയും ജീവനും നമുക്കും സ്വന്തമാക്കാം. വിശ്വാസം പരിശീലിക്കുന്ന എല്ലാ കുഞ്ഞുങ്ങളെയും ഈ രക്ഷയുടെ അനുഭവത്തിലേക്ക് ("രക്ഷയുടെ പാതയിൽ") നമുക്ക് നയിക്കാം.

## 1. ഓണപരീക്ഷ – സെപ്റ്റംബർ 11

ഓണപരീക്ഷ സെപ്റ്റംബർ 11–ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠങ്ങൾ താഴെകൊടുക്കുന്നു. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. **പരീക്ഷയുടെ സമയത്തിൽ മാറ്റം വരുത്താൻ പാടില്ല.** 11–ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്കുവേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

### A. ജനറൽ ചോദ്യങ്ങൾ

**4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. ജനറൽ ചോദ്യങ്ങൾ ഓഗസ്റ്റ് 21–ന് പ്രധാനാധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി നൽകിയിട്ടുണ്ട്. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ കൊടുത്ത് അവരെ ഒരുക്കേണ്ടതാണ്.

### B. മാർക്ക്‌വിഭജനം

| പാഠഭാഗം | മാർക്ക് |
|---|---|
| പാഠപുസ്തകം | 60 |
| നമസ്ക്കാരം | 5 |
| ജനറൽ ചോദ്യങ്ങൾ | 5 |
| ആഭ്യന്തര മൂല്യനിർണ്ണയം | 30 |

C. പാഠഭാഗങ്ങൾ

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 1:1 -5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-4 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 7-24) |

NB: പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തര മൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

## 2. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേ സ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 3. എയ്ഞ്ചൽസ് നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകവും സി.ഡിയും ഓഫീസിൽ ലഭ്യമാണ്.

## 4. അസൈൻമെന്റ് ക്ലാസ് XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും'** എന്നതാണ്. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 30 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും

2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം

അസൈൻമെന്റ് എഴുതാൻ സഹായകമായ ആധാരഗ്രന്ഥങ്ങൾ താഴെകൊടുക്കുന്നു.

1. രണ്ടാം വത്തിക്കാൻ കൗൺസിൽ, സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെക്കുറിച്ചുള്ള ഡിക്രി
2. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മീഡിയ ഗൈഡ്
3. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമം തലമുറയുടെ മാർഗദർശി
4. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങൾ ചെയ്യുന്നതും നാം ചെയ്യേണ്ടതും
5. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങളുടെ അധിനിവേശം

## 5. ഏകദിന സെമിനാർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ എല്ലാ ഫൊറോനകളിലും നടത്തേണ്ടതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാർ നയിക്കേണ്ട ടീമിനെ ഫൊറോന മതബോധന കൗൺസിലിന് തീരുമാനിക്കാവുന്നതാണ്. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## 6. ഓഗസ്റ്റ് മാസത്തിൽ നടന്ന സെമിനാർ

**a. പൈസക്കരി :** ഓഗസ്റ്റ് 9 ചൊവ്വാഴ്ച പൈസക്കരി ഫൊറോനയിലെ വിശ്വാസപരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ വിശ്വാസപരി

ശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി വെരി. റവ. ഫാ. നോബിൾ ഓണംകുളം മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഫൊറോന പ്രസിഡണ്ട് ശ്രീ. വർഗ്ഗീസ് കുളത്തിങ്കൽ സ്വാഗതവും സെക്രട്ടറി ശ്രീ. അനീഷ് വാറുകൊഴുപ്പേൽ നന്ദിയും പറഞ്ഞു. റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ, റവ. ഫാ. ജോസഫ് ആനക്കല്ലിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സെമിനാറിൽ 115 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**b. ചെറുപുഴ :** ഓഗസ്റ്റ് 13 ശനിയാഴ്ച ചെറുപുഴ ഫൊറോനയിലെ വിശ്വാസപരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡണ്ട് ശ്രീ. സജി തുരുത്തേൽ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഫൊറോന സെക്രട്ടറി ശ്രീ. ബിജു ചൊവ്വാറ്റുകുന്നേൽ സ്വാഗതവും ശ്രീ. ജോണി ജോസഫ് കൈപ്പള്ളിപ്പാറയിൽ നന്ദിയും പറഞ്ഞു. റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ, റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സെമിനാറിൽ 140 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

## 7. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്. അതിരൂപത വിസിറ്റർ വരുമ്പോൾ ഓഫീസ് റിക്കാർഡുകൾ പരിശോധിക്കുന്നതാണ്.

## 8. ദൈവശാസ്ത്രകോഴ്സ്

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നുകൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്രകോഴ്സ്. 2022-23 അധ്യയനവർഷത്തിൽ 60 വയസ്സിൽ താഴെയുള്ള എല്ലാ വിശ്വാസപരിശീലകരെയും ദൈവശാസ്ത്ര പഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

## 9. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2022-2023 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ഓണപരീക്ഷയ്ക്ക് ശേഷം സെപ്റ്റംബർ മാസത്തിൽ ആരംഭിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിരൂപത വിസിറ്റേഴ്സിന്റെ പേരു വിവരങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| ആലക്കോട് | ടോമി എടാട്ടേൽ |
| ചെമ്പന്തൊട്ടി | സോയ് ജോസഫ് പുറവക്കാട്ട് |
| ചെമ്പേരി | അവിരാച്ചൻ കിഴക്കേതലക്കൽ |
| ചെറുപുഴ | ജോണി കൈപ്പള്ളിപ്പാറയിൽ |
| എടൂർ | തോമസ് ആലപ്പാട്ട് |
| കാഞ്ഞങ്ങാട് | ജോർജുകുട്ടി ജോസഫ് പേണ്ടാനത്ത് |
| കാസർഗോഡ് | ജോസ് കുഴിവേലിൽ |
| കുന്നോത്ത് | ജോബി അബ്രാഹം പനച്ചിക്കക്കരോട്ട് |
| മേരിഗിരി | ആനിച്ചൻ കുളങ്ങരമുറിയിൽ |
| നെല്ലിക്കാംപൊയിൽ | ജോസ് പുഷ്പക്കുന്നേൽ |
| പൈസക്കരി | വിൽസൺ കന്നുകെട്ടിയേൽ |
| പനത്തടി | റെജി ലോറൻസ് ആലുക്കൽ |
| പേരാവൂർ | ജോർജ്ജ് അമ്പാട്ട് |
| തളിപ്പറമ്പ് | ബെന്നി ജോസഫ് മുരിങ്ങയിൽ |
| തോമാപുരം | ഷിജിത്ത് തോമസ് കുഴിവേലിൽ |
| വായാട്ടുപറമ്പ് | മാത്യു കാടൻകാവിൽ |
| വെള്ളരിക്കുണ്ട് | ജോയി ആനിക്കാട്ടുവയലിൽ |

## 10. അതിരൂപത മതബോധന കൗൺസിൽ പ്രതിനിധികൾ

വിസിറ്റർമാരിൽ നിന്നും അതിരൂപത മതബോധന കൗൺസിൽ പ്രതിനിധികളായി ഷിജിത്ത് തോമസ് കുഴിവേലിൽ, ടോമി എടാട്ടേൽ, സോയ് ജോസഫ് പുറവക്കാട്ട്, ജോർജ്ജ് അമ്പാട്ട് എന്നിവരെ തെരെഞ്ഞെടുത്തു.

## 11. മതബോധന കൗൺസിൽ/പി.ടി.എ.

സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതിന് കുട്ടിക

ളുടെ രക്ഷിതാക്കളെ വിളിച്ചുകൂട്ടി അവർക്ക് ക്ലാസ് കൊടുക്കേണ്ടതും എല്ലാ ഇടവകകളിലും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

## 12. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാ ധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാ ത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ വിശ്വാസപരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

## 13. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മി റ്റിയാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടു ക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന ഭാരവാഹികളുടെ കാലാവധി മൂന്നു വർഷമാണ്. ഇനിയും ഫൊറോനകമ്മിറ്റി കൂടാത്തവർ എത്രയും പെട്ടന്നുതന്നെ ഫൊറോനകമ്മിറ്റി കൂടി വിശ്വാസപരിശീലകരുടെ ധ്യാനം, ഏകദിന സെമിനാർ എന്നിവ നടത്തുന്ന തീയതി തീരുമാനിക്കേണ്ടതാണ്.

## 14. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2022-23 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 15. വിശ്വാസപരിശീലകരുടെ ധ്യാനം

2022-2023 പ്രവർത്തന വർഷത്തിൽ പരിയാരം മദർഹോമിൽ വച്ച് വിശ്വാസപരിശീലകർക്ക് മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ധ്യാനം സംഘടി പ്പിക്കുന്നു. അതിരൂപതയിൽ വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ മതാധ്യാപകരും ധ്യാനത്തിൽ പങ്കെടുക്കണം. ധ്യാനം നടത്തുന്ന തീയതികൾ സെപ്റ്റംബർ 23-25, ഒക്ടോബർ 14-16, 28-30, നവംബർ 11-13,

ഡിസംബർ 9-11, 16-18. ഓരോ ഫൊറോനയ്ക്കും ധ്യാനത്തിൽ പങ്കെടുക്കുവാൻ സാധിക്കുന്ന തീയതി തീരുമാനിച്ച് ഓഫീസിൽ അറിയിക്കുമല്ലോ. ധ്യാനം വെള്ളിയാഴ്ച രാവിലെ 9.30-ന് ആരംഭിച്ച് ഞായറാഴ്ച 4 മണിക്ക് അവസാനിക്കുന്നതാണ്.

### 16. സർവ്വേ ഫോം - നന്ദി

2022-2023 അധ്യയനവർഷത്തെ വിശ്വാസപരിശീലകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം സമയബന്ധിതമായി ഓഫീസിൽ എത്തിച്ച എല്ലാ പ്രധാനാധ്യാപകർക്കും നന്ദി.

### 17. വിയാനി ഡേ - നന്ദി

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ബഹു. വൈദികരെ ആദരിച്ച എല്ലാ വിശ്വാസപരിശീലകർക്കും കുട്ടികൾക്കും നന്ദി.

### 18. മാതാവിന്റെ സ്വർഗാരോപണ തിരുന്നാൾ - നന്ദി

പരിശുദ്ധകന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുന്നാളിനോടും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തോടും അനുബന്ധിച്ച് എല്ലാ സൺഡേ സ്കൂളുകളിലും ഗ്രൂപ്പ് പ്രോഗ്രാമുകൾ അവതരിപ്പിക്കാൻ നേതൃത്വം നൽകിയ ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും വിശ്വാസപരിശീലകർക്കും നന്ദി. വ്യത്യസ്തങ്ങളായ പ്രോഗ്രാമുകൾ അവതരിപ്പിച്ച കുട്ടികൾക്ക് അഭിനന്ദനങ്ങൾ.

### 19. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ മുടയരഞ്ഞി, ലിസിഗിരി, കോടോപ്പള്ളി, നെടുവാലൂർ എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ എടൂർ, കോഴിച്ചാൽ, നെല്ലിയടുക്കം, ബാലേശുഗിരി എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി.

### 20. ഏകദിന സെമിനാർ : സെപ്റ്റംബർ മാസം

1. നെല്ലിക്കാംപൊയിൽ - സെപ്റ്റംബർ 10
2. തളിപ്പറമ്പ് - സെപ്റ്റംബർ 10
3. കുന്നോത്ത് - സെപ്റ്റംബർ 10
4. കാഞ്ഞങ്ങാട് - സെപ്റ്റംബർ 21
5. എടൂർ - സെപ്റ്റംബർ 21

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തോലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. തിയോളജി കോഴ്സുകളിലേക്കുള്ള അഡ്മിഷൻ പൂർത്തിയായി

2022 –23 വർഷത്തെ ബിരുദ ബിരുദാനന്തര കോഴ്സുകളിലേക്കുള്ള അഡ്മിഷൻ പൂർത്തിയായി. ഈ വർഷം 360 വിദ്യാർത്ഥികളാണ് പുതുതായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ ദൈവശാസ്ത്രപഠനത്തിനായി പ്രവേശിച്ചിരിക്കുന്നത്.

## 2. തിയോളജി പഠന പുസ്തകങ്ങളുടെ വിതരണം

തിയോളജി കോഴ്സിന്റെ വരുന്ന സെമസ്റ്ററിലെ പാഠപുസ്തകങ്ങൾ ജൂൺ മാസത്തിൽ അതാതു സ്റ്റഡിസെന്ററുകളിലും മതാദ്ധ്യാപകർക്ക് ഫൊറോനാ കേന്ദ്രങ്ങളിലും എത്തിച്ചു നൽകിയിട്ടുണ്ട്. ഹീബ്രു പരീക്ഷ അതാത് സൺഡേ സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ നടത്തി. ഉത്തരക്കടലാസുകൾ സെപ്റ്റംബർ 10 ന് മുമ്പായി എത്തിച്ച് തരേണ്ടതാണ്.

## 3. ബിരുദദാന ചടങ്ങ് ഒക്ടോബർ മാസത്തോടെ...

ഈ വർഷം ബിരുദ – ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദ ദാന ചടങ്ങ് ഒക്ടോബർ മാസത്തിൽ നടത്തുന്നതായിരിക്കും. വിശദവിവരങ്ങൾ കോ – ഓർഡിനേറ്റേർസ് മുഖാന്തരം പിന്നീട് അറിയിക്കുന്നതാണ്.

## 4. സഭാ നവീകരണ ധ്യാനം

കേരള കത്തോലിക്കാസഭ സഭാനവീകരണ വർഷമായി ആചരിക്കുന്ന ഈ വർഷം നമ്മുടെ അതിരൂപത എല്ലാ ഇടവകകളിലും നവീകരണ ധ്യാനങ്ങൾ വചനപ്രഘോഷണസമിതിയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. അതിരൂപത പ്രത്യേകമായി ക്രമീകരിക്കുന്ന ധ്യാനടീമുകളായിരിക്കും ഇടവകകളിൽ ധ്യാനത്തിന് എത്തുന്നത്. ധ്യാനത്തിന് ഒരുക്കമായി ഹോംമിഷൻ, വീട് വെഞ്ചരിപ്പ് എന്നിവയും ക്രമീകരിക്കുന്നതാണ്. 2022 ഡിസംബർ മുതൽ ധ്യാനം ആരംഭിക്കും. വിശദവിവരങ്ങൾ വൈദികരുടെ വാർഷികധ്യാനാവസരങ്ങളിൽ പങ്കുവയ്ക്കുന്നതാണ്.

## 5. പ്രീച്ചേർസ് മീറ്റ്

സഭാനവീകരണ ധ്യാനത്തിനുള്ള ധ്യാനടീമുകളുടെ ആദ്യ കൂട്ടായ്മ ഓഗസ്റ്റ് 10-ാം തീയതി സന്ദേശഭവനിൽ വച്ച് അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ സാന്നിധ്യത്തിൽ നടത്തി. രണ്ടാമത്തെ പ്രാർത്ഥനാ കൂട്ടായ്മ 2022

സെപ്റ്റംബർ 29-30 തീയതികളിൽ സന്ദേശഭവനിൽ വച്ച് നടത്തുന്നതാണ്. ഈ ടീമിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## 6. You Cat

നമ്മുടെ അതിരൂപതയിൽ 12-ാം ക്ലാസ്സ് വേദപാഠം കഴിഞ്ഞ കുട്ടികളുടെ തുടർവിശ്വാസപരിശീലനം ഉറപ്പാക്കുന്ന അഡൽറ്റ് കാറ്റക്കിസം പ്രോഗ്രാം - **You Cat** ഈ വർഷം മുതൽ ആരംഭിക്കുന്നു. അതിരൂപതയുടെ ദൈവശാസ്ത്ര കേന്ദ്രമായ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടാണ് പാഠപുസ്തകം തയ്യാറാക്കുന്നത്. വിശ്വാസ പരിശീലനകേന്ദ്രം, യുവജനപ്രേഷിതത്വം, എന്നീ ഡിപ്പാർട്ട്മെന്റുകളുടെ പങ്കാളിത്തത്തോടെയായിരിക്കും ക്ലാസ്സുകൾ ക്രമീകരിക്കുന്നത്. അതിരൂപതാതല യൂത്ത് ക്ലാസ്സുകൾക്ക് ഒരു ഏകീകൃത സിലബസ് ഉറപ്പാക്കുകയും യുവജനങ്ങളോടൊത്തുള്ള യാത്ര, വിശ്വാസപരിശീലനത്തിലും തുടരുകയുമാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ആധുനിക കാലത്ത് യുവജനങ്ങളെ ബാധിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് പാഠപുസ്തകം തയ്യാറാക്കുന്നത്.

## 7. ലോഗോസ് പഠന സഹായി

ലോഗോസ് ബൈബിൾ ക്വിസ്സിൽ പങ്കെടുക്കുന്നവർക്ക് സഹായകമാകുന്ന രീതിയിൽ ചോദ്യോത്തരങ്ങൾ ഉൾപ്പെടുത്തി ഒരു പഠനസഹായി ബൈബിൾ അപ്പൊസ്റ്റൊലേറ്റ് പുറത്തിറക്കിയിട്ടുണ്ട്. ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ, ഓർഡർ അനുസരിച്ചുള്ള പുസ്തകങ്ങൾ ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്. ലോഗോസ് പഠനസഹായി തയ്യാറാക്കാൻ സഹായിച്ച സി.എം.സി, എഫ്.സി.സി പ്രൊവിൻസുകളിലെ സിസ്റ്റേഴ്സിനെ നന്ദിയോടെ ഓർക്കുന്നു.

## 8. ലോഗോസ് ബൈബിൾ ക്വിസ്

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 22-ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും പ്രഖ്യാപിച്ചു.

**പഠനഭാഗം**

| | |
|---|---|
| ജോഷ്വാ 1-12 | മർക്കോസ് 9-16 |
| പ്രഭാഷകൻ 23-26 | 1 കൊറി 9-16 |

**പരീക്ഷാ തീയതി : രൂപതാതലം**

സെപ്റ്റംബർ 25 ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3.30 വരെ

**സംസ്ഥാനതലം:** നവംബർ 06

**മെഗാ ഫൈനൽ:** നവംബർ 19-20 തീയതികളിൽ

**NB:** പരീക്ഷയ്ക്കു 10 ദിവസം മുമ്പുമുതൽ ഹാൾ ടിക്കറ്റുകൾ www.logosquiz.org എന്ന വെബ്സൈറ്റിൽ നിന്നു എടുക്കാവുന്നതാണ്. ലോഗോസ് പരീക്ഷയ്ക്ക് നന്നായി ഒരുങ്ങാൻ വേണ്ട പ്രോത്സാഹനം ബഹു. അച്ചൻമാർ നൽകുമല്ലോ.

## 9. മാർ തോമാശ്ലീഹാ: ഭാരതം കണ്ട ആത്മീയ തേജസ്

മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ആചരിക്കുന്നതിന്റെ ഭാഗമായി, മാർ തോമാശ്ലീഹായെക്കുറിച്ച് സമഗ്രമായ അറിവു നൽകത്തക്കവിധം 'മാർ തോമാശ്ലീഹാ ഭാരതം കണ്ട ആത്മീയ തേജസ്' എന്ന പുസ്തകം ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നു. മാർത്തോമാ ക്രിസ്ത്യാനികളുടെ ഭവനങ്ങളിൽ സൂക്ഷിക്കേണ്ട ഒരു വിശിഷ്ട ഗ്രന്ഥമാണിത്. മാർ തോമാശ്ലീഹായെക്കുറിച്ചുള്ള വിവരങ്ങൾക്കൊപ്പം ശ്ലീഹാ യോടുള്ള വ്യത്യസ്ത പ്രാർത്ഥനകളും കൂടി ഉൾപ്പെടുത്തിയ ഈ പുസ്ത കത്തിന് 70 രൂപയാണ് മുഖവില. 50 രൂപയ്ക്ക് ഇടവകകൾക്ക് നൽകുന്നതാ ണ്. അതിരൂപതയിലെ KCYM ഓഫീസ് ആണ് വിതരണത്തിന്റെ ചുമ തല വഹിക്കുന്നത്. വിശദവിവരങ്ങൾക്ക്: ഫാ. ജിൻസ് വാളിപ്ലാക്കൽ - 9497439045; ആൽഫാ ഓഫീസ്- 8086312826.

## 10. സെപ്റ്റംബർ മാസത്തിലെ ക്ലാസ്സുകളുടെ സമയക്രമീകരണം

### BTh ഇംഗ്ലീഷ് വിഭാഗം

| വിഷയം | തീയതി |
|---|---|
| യുഗാന്ത്യദൈവശാസ്ത്രം | 03-09-2022 |
| മനുഷ്യദർശനം: ദൈവശാസ്ത്രവീക്ഷണത്തിൽ | 27-09-2022 |

### MTh ഇംഗ്ലീഷ് വിഭാഗം

| വിഷയം | തീയതി |
|---|---|
| Morality of life | 11-09-2022 |
| Unity of Luke, Acts | 17-09-2022 |

### MTh മലയാള വിഭാഗം

| വിഷയം | തീയതി |
|---|---|
| Morality of life | 04-09-2022 |
| The Book of Ezekiel | 25-09-2022 |

## ഡോ. തോമസ് മണ്ണൂരാംപറമ്പിൽ ഈസ്റ്റ് സിറിയൻ ലിറ്റർജിക്കൽ റിസേർച്ച് സെന്റർ: കാക്കനാട്

ഈസ്റ്റ് സിറിയൻ ആരാധനാക്രമത്തെയും സീറോ മലബാർ കുർബാന യെയും ആഴത്തിൽ പഠിക്കുന്നതിനും ഗവേഷണ താല്പര്യങ്ങളെ പ്രോത്സാ

ഹിപ്പിക്കുന്നതിനുമായി ബഹുമാനപ്പെട്ട ഡോ. തോമസ് മണ്ണൂരാംപറമ്പില ച്ചന്റെ പേരിൽ ലിറ്റർജിക്കൽ റിസേർച്ച് സെന്റർ ആരംഭിച്ചു. 2022 ഓഗസ്റ്റ് 28 ഞായറാഴ്ച അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം നിർവ്വ ഹിച്ചു. റവ. ഡോ. തോമസ് മണ്ണൂരാംപറമ്പിൽ 'റിച്ച്നസ്സ് ഓഫ് ഈസ്റ്റ് സിറി യൻ ലിറ്റർജി' എന്ന വിഷയത്തിൽ സെമിനാർ പ്രബന്ധം അവതരിപ്പിച്ചു. തലശ്ശേരി അതിരൂപതാ പ്രൊക്യൂറേറ്റർ റവ. ഡോ. ജോസഫ് കാക്കരമറ്റ ത്തിൽ സ്വാഗതവും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ടോം ഓലിക്ക രോട്ട് നന്ദിയും പ്രകാശിപ്പിച്ചു. അതിരൂപതാ വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ, സീറോ മലബാർ കാറ്റകെറ്റിക്കൽ കമ്മീഷൻ സെക്രട്ടറി റവ. ഡോ. തോമസ് മേൽവെട്ടം എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

## നന്ദിയുടെ നറുമലരുകൾ

കഴിഞ്ഞ നാലു വർഷങ്ങളായി ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ആയി പ്രശംസനിയമാംവിധം സേവനം ചെയ്ത പ്രിയപ്പെട്ട ഫിലിപ്പ് കവിയി ലച്ചനെ നന്ദിയോടെ ഓർക്കുന്നു. അച്ചന്റെ വ്യത്യസ്തങ്ങളായ ഉത്തരവാദിത്വ ങ്ങൾക്കിടയിൽ (ഡയറക്ടർ സന്ദേശഭവൻ, ഡയറക്ടർ AKCC, AIFL, Pastoral Co-ordinator) ബൈബിൾ അപ്പൊസ്റ്റൊലേറ്റിനെയും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിനെയും അച്ചൻ വളരെ മനോഹരമായി നയിക്കുകയായിരുന്നു. അച്ചന്റെ വർധിച്ചു വരുന്ന ജോലി ഭാരം പരിഗണിച്ചാണ് അഭിവന്ദ്യ പിതാവ് അച്ചനെ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഫ്രീ ആക്കിയിരിക്കുന്നത്. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റായി അച്ചൻ തുടർന്നും സേവനം ചെയ്യുന്നതാണ്.

പ്രിയപ്പെട്ട ഫിലിപ്പച്ചൻ ബൈബിൾ അപ്പൊസ്റ്റൊലേറ്റിനു ചെയ്ത എല്ലാ സേവനങ്ങൾക്കും നന്ദിപറയുന്നു. എല്ലാവരെയും സ്നേഹിച്ചും ഒരുമിപ്പിച്ചും നയിക്കുന്ന, പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുന്ന അച്ചന്റെ ശൈലി സ്നേഹപൂർവ്വം ഓർമിക്കുന്നു. അച്ചാ ഹൃദയപൂർവ്വം നന്ദിപറയുന്നു.

## അഭിനന്ദനങ്ങൾ

ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെയും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഡയ റക്ടറായി പുതുതായി നിയമിതനായിരിക്കുന്ന റവ. ഡോ. ടോം ഓലിക്ക രോട്ടച്ചന് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
പ്രസിഡന്റ്
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**ഫാ. ടോം ഓലിക്കരോട്ട്**
ഡയറക്ടർ,
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്
&
ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

വിശ്വാസത്തിൽ അടിപതറാതെ തളരാതെ തന്റെ മക്കളെ വിശ്വാസത്തിൽ ആഴപ്പെടുത്തുന്ന പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാളിന്റെയും, ആഴമായ ആദ്ധ്യാത്മികതയിൽ നിന്ന് പൊട്ടിയൊഴുകിയ സേവനത്തെ അനുകരിക്കുന്നതോടൊപ്പം, വാക്കുകളിൽ എഴുതപ്പെട്ട സുവിശേഷത്തെ സ്പന്ദിക്കുന്ന ജീവിതമാക്കിക്കൊണ്ട് സമർപ്പിത ജീവിതത്തിന്റെ വഴിത്താരയിലൂടെ വെളിച്ചമായി കടന്ന് നീങ്ങിയ വി. മദർതെരേസയുടെ തിരുനാളിന്റെയും ലോകത്തിന്റെ ശക്തികൾക്ക് മുമ്പിൽ വിജയം നേടിയ വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാളിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ നേരുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : മാതാവിന്റെ പിറവിത്തിരുനാൾ<br>കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. മദർതെരേസ,വി. മത്തായി<br>വി. വിൻസെന്റ് ഡി പോൾ |
| പ്രാർത്ഥനാനിയോഗം | : സംസ്ഥാനസമിതിയുടെ നിയോഗങ്ങൾക്കു വേണ്ടി |
| സുകൃതജപം | : വി. ഫ്രാൻസീസ് സേവ്യറെ,<br>ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ |
| സുകൃതം | : 75 അനുദിനപ്രാർത്ഥന (സംസ്ഥാന സമിതിയുടെ നിയോഗങ്ങൾക്കുവേണ്ടി |
| വിശുദ്ധയെ അറിയാൻ, സ്നേഹിക്കാൻ | : നവമാലിക അദ്ധ്യായം 3 |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

1 വ്യാഴം : എട്ട് നോമ്പ് ആരംഭം, നിയോഗം: മിഷൻലീഗ് സംഘടനയ്ക്കുവേണ്ടി

4 ഞായർ : പേരാവൂർമേഖലകളിലുള്ള ശാഖകൾ സന്ദർശനം

5 തിങ്കൾ : മദർതെരേസയുടെ തിരുനാൾ, കാരുണ്യദിനം, അധ്യാപകദിനം, അഗതിമന്ദിര സന്ദർശനം

8 വ്യാഴം : മാതാവിന്റെ പിറവിത്തിരുനാൾ

9 വെള്ളി : ഫാ. ജോസഫ് മാലിപ്പറമ്പിൽ 24-ാം ചരമവാർഷികം. അനുസ്മരണം, അസാധാരണസമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം, ഡയറക്ടേഴ്സ്ദിനം

14 ബുധൻ : കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
16 വെള്ളി : മാർ ജോർജ് വലിയമറ്റം ജന്മദിനം, ആശംസകൾ അറിയിക്കുന്നു
18 ഞായർ : സാഹിത്യശില്പശാല - സന്ദേശഭവൻ, എടൂർ മേഖലകളിലുള്ള ശാഖകൾ സന്ദർശനം
20 ചൊവ്വ : കലോത്സവ ലിസ്റ്റ് അതിരൂപതയിൽ എത്തിക്കേണ്ട ദിവസം
21 ബുധൻ : സംസ്ഥാന സാഹിത്യമത്സരം
26 തിങ്കൾ : ലോകബധിരദിനം
25 ഞായർ : കുന്നോത്ത് മേഖലകളിലുള്ള ശാഖകൾ സന്ദർശനം
29 വ്യാഴം : വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ, ഊറിയേൽ മാലാഖാമാരുടെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ:** ഫാ. ജോസഫ് മാലിപ്പറമ്പിൽ 24-ാം ചരമ വാർഷികം, ഡയറക്ടേഴ്സ് ദിനം, എക്സിക്യൂട്ടീവ്, എം റ്റി സി ഒന്നാം ക്ലാസ്സ്, ദിനാചരണങ്ങൾ - കാരുണ്യ പ്രവർത്തനം, അഗതിമന്ദിരങ്ങൾ സന്ദർശിക്കുന്നു, സംസ്ഥാന സാഹിത്യ മത്സരം, മേഖലാ കലോത്സവം, അധ്യാപക ദിനം, പ്ലാറ്റിനം ജൂബിലി വിളംബര പ്രവർത്തനങ്ങൾ.

## 3. അധ്യാപകദിനം

സെപ്റ്റംബർ 5-ാം തീയതി അധ്യാപക ദിനത്തോടനുബന്ധിച്ച് നമ്മുടെ അധ്യാപകർക്ക് ആശംസകളർപ്പിക്കുകയും എല്ലാ അധ്യാപകർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ പേരാവൂർ സെന്റ് ജോൺസ് യു പി സ്കൂളിൽ വെച്ച് അധ്യാപകദിനം നടത്തുന്നതായിരിക്കും.

## 4. കാരുണ്യ ദിനം

സെപ്റ്റംബർ 5-ാം തീയതി വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് എല്ലാ ശാഖകളും തങ്ങൾക്ക് തന്നിരിക്കുന്ന അഗതിമന്ദിരങ്ങളുമായി ഫോണിൽ വിളിച്ച് ആശംസകൾ അറിയിക്കുകയും സാധിക്കുന്ന കാരുണ്യപ്രവർത്തികൾ ചെയ്യുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ പേരാവൂർ കൃപാസദനത്തിൽ വെച്ച് അന്നേദിനം കാരുണ്യദിനാചരണം നടത്തുന്നതായിരിക്കും.

## 5. വി. കൊച്ചുത്രേസ്യായുടെ തിരുനാളും, അംഗത്വ നവീകരണവും

ഒക്ടോബർ 1-ാം തീയതി വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് അംഗത്വ നവീകരണം നടത്തുമല്ലോ. അതിരൂപതാതല അംഗത്വ നവീകരണവും വി. കൊച്ചുത്രേസ്യായുടെ തിരുനാളാഘോഷവും ഒക്ടോബർ 4-ാം തീയതി ചെമ്പന്തൊട്ടിയിൽവെച്ച് നടത്തപ്പെടുന്നതാണ്.

## 6. മിഷൻ പച്ചക്കറിത്തോട്ടം

മിഷൻ പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ സെപ്റ്റംബർ 20 ന് മുമ്പ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം

എന്നാണ് നേരത്തെ അറിയിച്ചിരുന്നത് എന്നാൽ ഇപ്പോഴത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഒക്ടോബർ 10 വരെ അതിരൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. പേര് രജിസ്റ്റർ ചെയ്യാത്തവരെ മത്സരത്തിന് പരിഗണിക്കുന്നതല്ല. പച്ചക്കറിത്തോട്ടമത്സരങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഓഗസ്റ്റ് മാസത്തെ ഗിരിദീപം പേജ് 36, മാർഗ്ഗരേഖ പേജ് 59 എന്നിവ കാണുക.

## 7. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും; ഡയറക്ടേഴ്സ് ദിനവും

സെപ്റ്റംബർ 9-ാം തിയതി ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ബഹു. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 24-ാം ചരമവാർഷികാനുസ്മരണവും ഡയറക്ടേഴ്സ് ദിനവും ആചരിക്കുകയാണല്ലോ, അന്നേദിവസമോ 11-ാം തീയതി ഞായറാഴ്ച്ചയോ ശാഖകളിൽ അനുസ്മരണം നടത്തുമല്ലോ. അതിരൂപതാതല ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും, ഡയറക്ടേഴ്സ് ദിനാചരണവും ഒറ്റത്തൈ ശാഖയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

## 8. എം റ്റി സി പഠനസഹായി

ഓരോ മേഖലയ്ക്കും ആവശ്യമായ 2022-2023 വർഷത്തേയ്ക്കുള്ള എം റ്റി സി പഠനസഹായി സെപ്റ്റംബർ ആദ്യ ആഴ്ചതന്നെ തയ്യാറാക്കി നല്കുന്നതായിരിക്കും. എം റ്റി സി പഠന സഹായിയിൽ പറഞ്ഞിരിക്കുന്നതുപോലെ ക്ലാസ്സും ക്യാമ്പും നടത്താൻ മേഖലകൾ ശ്രദ്ധിക്കുമല്ലോ. എം റ്റി സി യെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് 60 കാണുക.

## 9. ആൽബം നിർമ്മാണം

**"ജൂബിലി നിറവിൽ പ്രേഷിതരാകാം; തോമാശ്ലീഹാ തൻ വഴിയെ"** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലകളിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. പേപ്പർ കട്ടിംഗ്സ്, ഫോട്ടോസ് എന്നിവയാണ് പ്രധാനമായും ഉപയോഗിക്കേണ്ടത്. ഇവയ്ക്ക് ബോർഡർ വരയ്ക്കാവുന്നതാണ്. ആൽബം 100 പേജിൽ കവിയരുത്. അളവ് ലീഗൽ പേപ്പർ സൈസ് (22 X 34 സെ.മി) ആൽബത്തിൽ ആശംസകൾ, ഉള്ളടക്കം, തലക്കെട്ടുകൾ എന്നിവ ഒഴികെ മറ്റൊരു എഴുത്തുകളും പാടില്ല. ആൽബനിർമ്മാണത്തെക്കുറിച്ച് കൂടുതൽ അറിയാൻ മാർഗ്ഗരേഖ പേജ് 59-60 കാണുക. ശാഖയിലെ എല്ലാവരും കൂടി ഒരുമിച്ച് ചേർന്ന് ഒരു ആൽബമാണ് നിർമ്മിക്കേണ്ടത്.

### 10. ക്ലിക്ക് ഷോട്ട് - നിബന്ധനകൾ

- 5-ാം ക്ലാസ്സുമുതൽ12 ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം. സാങ്കേതിക കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്.

- സ്ക്രിപ്റ്റ് സ്വയം രചിച്ചതാവണം
- **"ജൂബിലി നിറവിൽ പ്രേഷിതരാകാം ; തോമാശ്ലീഹാ തൻവഴിയെ"** എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം ഷോർട്ട് ഫിലിം.
- 6 മിനുട്ടിൽ കൂടുതൽ ദൈർഘ്യമുള്ളവ മത്സരത്തിൽ പരിഗണിക്കുന്നതല്ല. ആറ് മിനുട്ടിനുള്ളിൽ ടൈറ്റിൽസ്, സ്റ്റോറി മുതലായവയെല്ലാം ഉൾപ്പെടുത്തേണ്ടതാണ്.
- മിഷൻലീഗിൽ അംഗത്വമുള്ള എത്ര കുട്ടികൾക്കുവേണമെങ്കിലും ഷോർട്ട് ഫിലിമിൽ അഭിനയിക്കാം.
- പെൻഡ്രൈവിൽ ആക്കി നവംബർ 30ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
- ഒന്നാം സ്ഥാനം - 3000 രൂപയും, രണ്ടാം സ്ഥാനം - 2500 രൂപയും, മൂന്നാം സ്ഥാനം - 2000 രൂപയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും.
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് - 57 -58 കാണുക.

## 11. പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരം - നിബന്ധനകൾ

- 5-ാം ക്ലാസ്സുമുതൽ 10 ക്ലാസ്സ് വരെയുള്ള ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം.
- മത്സരത്തിൽ 4 മുതൽ 8 പേർക്കുവരെ പങ്കെടുക്കാം
- പങ്കെടുക്കുന്നവർക്ക് അംഗത്വ കാർഡ് നിർബന്ധമാണ്.
- പാട്ട് സ്വയം എഴുതി അതിന് സംഗീതം നൽകി റെക്കോർഡ് ചെയ്ത ഗാനമാണ് ഉപയോഗിക്കേണ്ടത്.
- ആംഗ്യപ്പാട്ടിന്റെ ഒരു സമയത്തുപോലും വ്യക്തിപരമായ രീതിയിൽ തനിച്ച് നൃത്തം ചെയ്യാൻ പാടില്ല.
- പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
- 3 മിനിട്ടു മുതൽ 5 മിനിട്ടുവരെ നീളുന്ന ഗാനങ്ങൾ ഉപയോഗിക്കാവുന്നതാണ്.
- ടെക്നിക്കൽ കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്.
- ഒന്നാം സ്ഥാനം - 3000 രൂപയും, രണ്ടാം സ്ഥാനം - 2500 രൂപയും, മൂന്നാം സ്ഥാനം - 2000 രൂപയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും
- ബൈബിൾ അധിഷ്ഠിതമായിരിക്കണം ഗാനങ്ങൾ.
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് - 58 -59 കാണുക.

## 12. പ്രബന്ധരചന മത്സരം - നിബന്ധനകൾ

- **വിഷയം : "ജൂബിലി നിറവിൽ പ്രേഷിതരാകാം ; തോമാശ്ലീഹാ തൻ വഴിയെ".**
- 10 പേജിൽ കവിയരുത്, ഒരു പേജിൽ പരമാവധി 19 വരികൾ

- ശാഖാ ഡയറക്ടറച്ചന്റെ കത്തും അംഗത്വ കാർഡിന്റെ കോപ്പിയും രചനയോടൊപ്പം ഉണ്ടായിരിക്കണം.
- ഒരു ശാഖയിൽ നിന്നും ഒന്നിൽ കൂടുതൽ പേർക്ക് പങ്കെടുക്കാം.
- ഒന്നാം സമ്മാനം 2000 രൂപ, രണ്ടാം സമ്മാനം 1000 രൂപ, മൂന്നാം സമ്മാനം 500 രൂപ.
- അതിരൂപതയിൽ ലഭിക്കേണ്ട അവസാന തീയതി നവംബർ 30
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് - 59 കാണുക.

## 13. സംസ്ഥാന സാഹിത്യമത്സരവും സാഹിത്യശില്പശാലയും

അതിരൂപതാതല സാഹിത്യമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ സെപ്റ്റംബർ 21-ാം തീയതി കണ്ണൂർ ശ്രീപുരം പാസ്റ്ററൽ സെന്ററിൽവച്ച് നടക്കുന്ന സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് സെപ്റ്റംബർ 20-ാം തീയതി വൈകിട്ട് 7 മണിയോടെ തലശ്ശേരി സന്ദേശഭവനിൽ എത്തിച്ചേരേണ്ടതാണ്. അവർക്കുവേണ്ടി ബഹു. ഫാ. ജോബി കാരക്കാട്ടിന്റെ നേതൃത്വത്തിൽ സാഹിത്യരചന പരിശീലനം ഉണ്ടായിരിക്കുന്നതാണ്.

## 14. അതിരൂപതാ കലോത്സവം

ഈ വർഷത്തെ അതിരൂപതാ കലോത്സവം ഒക്ടോബർ 4-ാം തീയതി നടത്തപ്പെടുന്നതായിരിക്കും എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. അതിരൂപതാ കലോത്സവത്തിന് മുമ്പ് മേഖലകളിൽ മത്സരം നടത്തി സെപ്റ്റംബർ 20 നുള്ളിൽ ലിസ്റ്റ് അതിരൂപതയിൽ നൽകേണ്ടതാണ്. കലോത്സവത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് 52-54 കാണുക. അതിരൂപതാ മത്സരം നടക്കുന്ന സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും.

## 15. അതിരൂപതാ കൗൺസിൽ വാർഷികം, പ്ലാറ്റിനം ജൂബിലി സമാപനം

മിഷൻലീഗ് അതിരൂപതാ കൗൺസിൽ വാർഷികവും, പ്ലാറ്റിനം ജൂബിലി സമാപനവും ഒക്ടോബർ 8-ാം തീയതി ശനിയാഴ്ച ആലക്കോട് വച്ച് (ആലക്കോട് മേഖല) നടത്തുന്നു. കഴിഞ്ഞ പ്രവർത്തന വർഷം അതിരൂപതാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ശാഖകൾക്കും മേഖലകൾക്കുമുള്ള ട്രോഫിയും ക്യാഷ് അവാർഡുകളും മിഷൻലീഗിലൂടെ വളർന്ന് മികച്ച നേട്ടങ്ങൾ കൈവരിച്ചവരെ ആദരിക്കുന്ന ചടങ്ങും കൗൺസിൽ വാർഷികസമ്മേളനത്തിൽ വച്ച് നടക്കുന്നതായിരിക്കും. ഈ ആഘോഷ പരിപാടികളിൽ മുഴുവൻ ശാഖാ മേഖലാ ഭാരവാഹികളും വൈസ്ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾ കത്തിലൂടെയും ഫോൺവിളിച്ചും അറിയിക്കുന്നതായിരിക്കും.

**16. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ സെപ്റ്റംബർ മാസം പേരാവൂർ (സെപ്റ്റംബർ - 4), എടൂർ (സെപ്റ്റംബർ - 18), കുന്നോത്ത് (സെപ്റ്റംബർ - 25), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**17. പുതിയ മേഖലാ സാരഥികൾ**

കാസർഗോഡ് സോണിനെ നയിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട എല്ലാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

**18. ലോകബധിരദിനം**

25.09.2022 ഞായറാഴ്ച ഉച്ചകഴിഞ്ഞ് ആലക്കോട് വെച്ച് അതിരൂപതാതല ലോകബധിര ദിനാചരണം നടത്തുന്നതായിരിക്കും.

**19. മിഷൻകലണ്ടർ**

അതിരൂപതയിൽ നൽകിയ എണ്ണമനുസരിച്ച് ഈ വർഷവും മിഷൻ കലണ്ടർ മേഖലകളിൽ എത്തിക്കുന്നതാണ് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**20. കുഞ്ഞേട്ടൻ അനുസ്മരണം, അല്മായദിനാചരണവും**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് ശ്രീ. പി. സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 13-ാം ചരമവാർഷികാനുസ്മരണവും, അല്മായ ദിനാചരണവും അതിരൂപതാതലത്തിൽ 14-08-2022 ന് കോഴിച്ചാൽ ശാഖയിൽ വച്ച് നടത്തി. അനുസ്മരണത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തു തന്ന ബഹു. ആൻഡ്രൂസ് തെക്കേൽ അച്ചനും, മിഷൻലീഗ് ഭാരവാഹികൾക്കും, സൺഡേസ്കൂൾ അധ്യാപകർക്കും പ്രത്യേകം നന്ദി.

**21. അഭിനന്ദനങ്ങൾ**

ഓഗസ്റ്റ് 4-ം തീയതി വിയാനിഡേയോടനുബന്ധിച്ച് എല്ലാ ശാഖകളിലും മേഖലകളിലും വൈസ്ഡയറക്ടർ സിസ്റ്റേഴ്സിന്റെയും ശാഖാ-മേഖലാ ഭാരവാഹികളുടെയും നേതൃത്വത്തിൽ ബഹുമാനപ്പെട്ട വൈദികരെ സന്ദർശിച്ച് ആശംസകൾ അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ആദരിക്കുകയും ചെയ്തു. എല്ലാവർക്കും പ്രത്യേകം നന്ദി.

**22. അൽഫോൻസാ ക്വിസ്സ് വിജയികൾ**

ജൂലൈ 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് അതിരൂപതാ പ്രസിഡന്റ് ശ്രീ. സുനിൽ കല്ലിടുക്കിലിന്റെ നേതൃത്വത്തിൽ തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാതല അൽഫോൻസാ ക്വിസ് മത്സരം നടത്തപ്പെട്ടു. 17 മേഖലകളിൽ നിന്നും കുട്ടികൾ പങ്കെടുത്തു. നെല്ലിക്കാംപൊയിൽ, പേരാവൂർ, എടൂർ എന്നീ മേഖല

കൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. മത്സരത്തിൽ പങ്കെടുത്ത കൊച്ചുകൂട്ടുകാർക്ക് പ്രത്യേക അഭിനന്ദനങ്ങൾ... വിജയികൾക്ക് തെക്കേക്കണ്ടത്തിൽ കുരുവിള - അന്നമ്മ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ നൽകി.

### 23. നിയമാവലി ക്വിസ് വിജയികൾ

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് 15.08.2022 ന് ശാഖാ - മേഖലാ വൈസ്ഡയറക്ടേഴ്സിന് ഗൂഗിൾ ഫോമിൽ നടത്തിയ നിയമാവലി ക്വിസ് മത്സരത്തിൽ സി. റിൻസി എം എസ് എം ഐ, സി. അനൂപ സി എം സി, സി. ക്ലെയർ എസ് എം എസ് എന്നിവർ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. മത്സരത്തിൽ പങ്കെടുത്ത എല്ലാ സിസ്റ്റേഴ്സിനും പ്രത്യേക അഭിനന്ദനങ്ങൾ...

### 24. തിളക്കമാർന്ന വിജയം - അഭിനന്ദനങ്ങൾ

2021 - 2022 പ്രവർത്തനവർഷത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെച്ച നെല്ലിക്കാംപൊയിൽ മേഖലയും, മണിക്കടവ് ശാഖയും ഗോൾഡൻ സ്റ്റാർ പുരസ്ക്കാരവും, തളിപ്പറമ്പ് മേഖലയും, പരിയാരം ശാഖയും സിൽവർ സ്റ്റാർ പുരസ്കാരവും, രാജമുടി ശാഖ മിഷൻ സ്റ്റാർ പുരസ്ക്കാരവും കരസ്ഥമാക്കി. അഭിമാനകരമായ ഈ വലിയ അംഗീകാരം നേടിയെടുക്കുവാൻ അദ്ധ്വാനിച്ച, സഹകരിച്ച എല്ലാ മേഖലാ - ശാഖാ ഡയറക്ടർമാരെയും, വൈസ്ഡയറക്ടേഴ്സിനെയും ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

### 25. അതിരൂപതാ സാഹിത്യമത്സരം (തൂലിക)

ഓഗസ്റ്റ് 18-ാം തീയതി നാല് റീജിയണുകളിലായി നടത്തപ്പെട്ട അതിരൂപതാ സാഹിത്യമത്സരത്തിന് നേതൃത്വം കൊടുത്ത എല്ലാ ഡയറക്ടർ അച്ചൻമാർക്കും, വൈസ്ഡയറക്ടേഴ്സിനും, അതിരൂപതാ ശാഖാ - മേഖലാ ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

### 26. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും, സ്വാതന്ത്ര്യദിനാഘോഷവും

15.08.2022 ന് ചേപ്പറമ്പ് ശാഖയിൽ വച്ച് അതിരൂപതാതലത്തിൽ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും, സ്വാതന്ത്ര്യദിനാഘോഷവും നടത്തി.

### 27. ഗവേണിംഗ് ബോഡി മീറ്റിംഗ്

06.08.22 ന് ശനിയാഴ്ച്ച വൈകുന്നേരം 6.30 ന് വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചന്റെ മഹനീയസാന്നിധ്യത്തിൽ ഗവേണിംഗ്

ബോഡി മീറ്റിംഗ് കൂടി. മീറ്റിംഗിൽ 01.02.2022 മുതൽ 31.07.22 വരെയുള്ള മിഷൻലീഗ് – തിരുബാലസഖ്യം റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മീറ്റിംഗിൽ പങ്കെടുത്ത ഫാ. ജോൺസൺ കോവൂർപുത്തൻപുര, ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ, അതിരൂപതാ ഭാരവാഹികൾ എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദി.

## 28. സംസ്ഥാന കുഞ്ഞേട്ടൻ അനുസ്മരണവും, മാനേജിംഗ് കമ്മറ്റിയും

13.08.2022 ശനിയാഴ്ച ചെമ്മലമറ്റത്ത് വെച്ച് നടന്ന സംസ്ഥാന സംസ്ഥാന കുഞ്ഞേട്ടൻ അനുസ്മരണവും, മാനേജിംഗ് കമ്മറ്റിയും അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

## 29. സെമിനാറുകൾ, ക്ലാസ്സുകൾ

- 07.08.2022 ന് നെല്ലിയടുക്കം ശാഖയിൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.
- 09.08.2022 ന് തളിപ്പറമ്പ് മേഖലയിൽ ശ്രീ. ബേബി പ്ലാശ്ശേരി സാർ ക്ലാസ്സ് എടുത്തു.
- 13.08.2022 ന് കാസർഗോഡ് സോണിൽ ശ്രീ ബിജു കൊച്ചുപൂവക്കോട്ട് സാർ ക്ലാസ്സ് എടുത്തു.

## 30. ആദരാഞ്ജലികൾ

ഈ ഭൂമിയിൽ ദൈവം തന്നെ ഭരമേൽപിച്ച ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ നിർവഹിച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹുമാനപ്പെട്ട ജോസഫ് വലിയകണ്ടം അച്ചനും, ബഹു. ജോസഫ് വടക്കേപ്പറമ്പിൽ അച്ചന്റെ പേരപ്പൻ മാത്യു വി.റ്റി. വടക്കേപ്പറമ്പിലിനും അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

സ്നേഹപൂർവം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിനായി നാം ഒരുങ്ങുമ്പോൾ നമ്മുടെ സഹനങ്ങളും ത്യാഗങ്ങളും സുകൃതങ്ങളും കോർത്തിണക്കി അമ്മയ്ക്ക് ഇഷ്ടപ്പെട്ട മനോഹരമായ ഒരു പിറന്നാൾ സമ്മാനം കൊടുക്കുവാൻ കൊച്ചു കൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒത്തിരി സ്നേഹത്തോടെ പിറവിതിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : പരിശുദ്ധ അമ്മയുടെ പിറവത്തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. വിൻസെന്റ് ഡി പോൾ വി. മദർതെരേസ |
| പ്രാർത്ഥനാനിയോഗം | : എല്ലാ അധ്യാപകർക്കും വേണ്ടി |
| സുകൃതജപം | : എന്റെ ഈശോയെ എന്നും ഞങ്ങൾക്ക് കൂട്ടായിരിക്കേണമേ. |
| വചനം | : കർത്താവ് വീട് പണിയുന്നില്ലെങ്കിൽ; പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ് (സങ്കീ 127:1) |
| *പ്രവൃത്തി* | : അനാഥമന്ദിരങ്ങൾ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുക. |
| മനഃപാഠമാക്കുക | : വി. മദർതെരേസക്കുറിച്ച് അധ്യാപകരോട് ചോദിച്ച് മനസ്സിലാക്കുക. |
| എയ്ഞ്ചൽസ് വോയ്സ് | : മദർതെരേസ ഫാൻസിഡ്രസ്സ് മത്സരം (പെൺകുട്ടികൾക്ക് മാത്രം) |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

| | |
|---|---|
| 1 വ്യാഴം | : എട്ട് നോമ്പ് ആരംഭം, നിയോഗം: തിരുബാല സഖ്യം കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കുക. |
| 5 തിങ്കൾ | : മദർതെരേസയുടെ തിരുനാൾ, കാരുണ്യദിനം, അധ്യാപകദിനം, അഗതിമന്ദിര സന്ദർശനം |
| 8 വ്യാഴം | : മാതാവിന്റെ ജനനതിരുനാൾ |
| 14 ബുധൻ | : കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 16 വെള്ളി | : മാർ ജോർജ് വലിയമറ്റം ജന്മദിനം, ആശംസകൾ അറിയിക്കുന്നു. |
| 26 തിങ്കൾ | : ലോകബധിരദിനം |
| 29 വ്യാഴം | : വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ, ഊറിയേൽ മാലാഖാമാരുടെ തിരുനാൾ |

**2. അഭിനന്ദനങ്ങൾ:** ഓഗസ്റ്റ് 4-ാം തീയതി വിയാനിഡേയോടനുബന്ധിച്ച് എല്ലാ ശാഖകളിലും മേഖലകളിലും വൈസ്ഡയറക്ടർ സിസ്റ്റേഴ്സിന്റെയും

ശാഖാ - മേഖലാ ഭാരവാഹികളുടെയും നേതൃത്വത്തിൽ ബഹു. വൈദികരെ സന്ദർശിച്ച് ആശംസകൾ അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ആദരിക്കുകയും ചെയ്തു. എല്ലാവർക്കും പ്രത്യേകം നന്ദി.

**3. ശാഖാ സന്ദർശനങ്ങൾ:** അതിരൂപതാ ഭാരവാഹികൾ സെപ്റ്റംബർ മാസം പേരാവൂർ (സെപ്റ്റംബർ - 4), എടൂർ (സെപ്റ്റംബർ - 18), കുന്നോത്ത് (സെപ്റ്റംബർ - 25), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. തിരുബാലസഖ്യം ആനിമേറ്റേഴ്സ് അന്നേ ദിവസം തിരുബാലസഖ്യം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

**4. പ്രസംഗമത്സരം : അതിരൂപതാതല വിജയികൾ**

| | | |
|---|---|---|
| Ist | ഏബൽ അറയാനിക്കൽ | - ചട്ടമല |
| IInd | ഏബൽ പാലക്കൽ | - വെള്ളരിക്കുണ്ട് |
| IIIrd | മാത്യു സിയോൺ കല്ലൂർ | - കുളിനീർ |

**5. സംഗീതം : അതിരൂപതാതല വിജയികൾ**

| | | |
|---|---|---|
| Ist | എവ്‌ലിൻ മരിയ മണിയംമാക്കൽ | - വെള്ളരിക്കുണ്ട് |
| IInd | അന്ന കൂമുള്ളിൽ | - കനകക്കുന്ന് |
| IIIrd | ടെസ്സ വിലങ്ങുപാറ | - എടൂർ |

**6. നിറംകൊടുക്കാമോ ആഗസ്റ്റ് മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | ഫെലിക്സ് ഇറുമ്പുംകുഴിയിൽ | - വായാട്ടുപറമ്പ് |
| II | സാറാ മരിയ തോമ്പുന്നയിൽ | - കരിക്കോട്ടക്കരി |
| III | അന്ന റോസ് മേലേട്ട് | - കരയത്തുംചാൽ |

**7) നിങ്ങൾക്കറിയാമോ ആഗസ്റ്റ് മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | ലിസ്മരിയ പേന്നോത്തിൽ | - വെള്ളാട് |
| II | ജേക്കബ്ബ് കണിയാത്ത് | - നെല്ലിക്കുന്ന് |
| III | ഇതാൻ കണക്കശ്ശേരിൽ | - പെരിങ്ങാല |

**4. മദർതെരേസ ഫാൻസിഡ്രസ്സ് മത്സരം**

വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് പെൺകുട്ടികൾക്കായി മദർതെരേസ ഫാൻസി ഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു. ഒരു ശാഖയിൽ നിന്ന് ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ. holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേയ്ക്ക് അയയ്ക്കുക. അയക്കേണ്ട അവസാന ദിവസം സെപ്റ്റംബർ 10. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

സ്നേഹപൂർവം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# ചെമ്പേരി കരുണാലയം വാർത്തകൾ

തലശ്ശേരി അതിരൂപതയുടെ ഏറ്റവും പ്രധാനപ്പെട്ട അഗതിമന്ദിരങ്ങളിലൊന്നാണ് ചെമ്പേരിയിലുള്ള കരുണാലയം. 60 വയസ്സിന് മുകളിൽ പ്രായമുള്ളവരും, അനാഥരുമായ സ്ത്രീപുരുഷന്മാരെ ഉദ്ദേശിച്ചാണ് 1975ൽ കരുണാലയം സ്ഥാപിതമായത്. 2016ൽ പുതുതുക്കിപ്പണിത കരുണാലയത്തിൽ ഇപ്പോൾ 65 പേർക്കുള്ള സൗകര്യമാണുള്ളത്. പരസഹായത്തോടെ മാത്രം ദിനചര്യകൾ ചെയ്യാൻ കഴിയുന്നവരും, കിടപ്പ് രോഗികളുമായ 42 പേരും അത്യാവശ്യകാര്യങ്ങൾ സ്വയം ചെയ്യാൻ സാധിക്കുന്നവരുമായ 18 പേരും ഇപ്പോൾ കരുണാലയത്തിൽ സംരക്ഷിക്കപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട S.D Sisters ആണ് ഇവിടെ ശുശ്രൂഷ ചെയ്യുന്നത്.

ഇവിടെയുള്ള അന്തേവാസികളും ശുശ്രൂഷകരും ഉൾപ്പെടെ 80 പേർക്കുള്ള ഭക്ഷണം, ജോലിക്കാരുടെ ശമ്പളം, മരുന്നുകൾ എന്നിവയ്ക്ക് പ്രതിമാസം 6 ലക്ഷം രൂപയോളം ചെലവ് വരുന്നുണ്ട്. കരുണാലയത്തിന്റെ വരുമാനമാർഗം പ്രധാനമായും പള്ളികളിൽനിന്നും മന്ത്രയുടെ ഭാഗമായി ലഭിക്കുന്ന തുകയും ആളുകൾ നൽകുന്ന സംഭാവനകളും വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽനിന്നു ലഭിക്കുന്ന സഹായവുമാണ്. വിശേഷ ദിവസങ്ങളിലും പ്രത്യേക അവസരങ്ങളിലും വ്യക്തികളും സ്ഥാപനങ്ങളും കരുണാലയത്തിൽ ഭക്ഷണം എത്തിച്ചുതരുന്നത് വളരെ സഹായകരമാണ്. കരുണാലയത്തിന്റെ ഭാഗമായിത്തന്നെ പ്രവർത്തിക്കുന്ന മരണാസന്നരായ ക്യാൻസർ രോഗികളെ ശുശ്രൂഷിക്കുന്ന വിഭാഗമാണ് സാന്ത്വനം. ഒരേസമയം 9 പേർക്ക് പരിചരണം നൽകുന്നതിനുള്ള സൗകര്യം ഇവിടെയുണ്ട്.

വികാരിയച്ചന്മാരുടെ ശിപാർശയോടുംകൂടെ 60 വയസ്സിന് മുകളിൽ പ്രായമുള്ള അർഹരായവരെ ഇവിടെ സ്വീകരിക്കുന്നതാണ്. വൃദ്ധമന്ദിരത്തിലെ പ്രവർത്തിപരിചയ സർട്ടിഫിക്കറ്റ് ആവശ്യമുള്ളവർക്ക് ഇവിടെ ശുശ്രൂഷയ്ക്ക് അവസരം ഉണ്ട്. ദിവസവും വന്നുപോയും, താമസിച്ചും ശുശ്രൂഷ ചെയ്യാൻ സൗകര്യമുണ്ട്. ഇടവകകളിൽ നിന്ന് ശുശ്രൂഷയ്ക്കായി വരാൻ തയ്യാറായുള്ളവരെ അച്ചന്മാർ പ്രോത്സാഹിപ്പിക്കുമല്ലോ.

Contact No. Director : Fr. Sebastian Chennoth
9544139143, 9447866524
Sr. Deena S.D - 9496400491

A/C No. Director Karunalayam
1160100015337, FDRL 0001116
Federal Bank, Chemperi

karunalayam1@fbl

# യുവജനശുശ്രൂഷ

"മദർ തെരേസായുടെ ചിരിയിൽ, വാക്കിൽ, പ്രവർത്തിയിൽ നസ്രായനായ യേശു ലോകത്തിന്റെ ലോകത്തിന്റെ വിവിധ തെരുവുകളിലൂടെ നല്ല സമരിയാക്കാരനായി വീണ്ടും നടന്ന് വരുന്നു"

*(വി. ജോൺ പോൾ പാപ്പാ)*

പ്രിയപ്പെട്ട വൈദികരേ, മാതാപിതാക്കളേ, യുവജനങ്ങളെ,

സെപ്റ്റംബർ മാസം അഗതികളെ അനുസ്മരിക്കുന്ന മാസമാണല്ലോ. അഗതിമന്ദിരങ്ങൾ സന്ദർശിക്കാനും ആതുരരെ ശുശ്രൂഷിക്കാനും ഈ മാസം പരിശ്രമിക്കാം...

## സെപ്റ്റംബർ 8 ആചരണം – മാതൃദിനം

ഉത്ഭവപാപമില്ലാതെ ജനിച്ച പരി. അമ്മയുടെ പിറവിത്തിരുനാളിനായി ഒരുങ്ങുമ്പോൾ നമ്മുടെ സുകൃതങ്ങളും പ്രാർത്ഥനകളും ത്യാഗങ്ങളും ചേർത്തൊരുക്കി അമ്മയക്ക് നമുക്ക് പിറന്നാൾ സമ്മാനം നൽകാം. പരി. അമ്മയുടെ പിറവിത്തിരുനാൾ മാതൃദിനമായി ആചരിക്കാം. നമ്മുടെ അമ്മമാരെ ആദരിക്കുവാനും സമ്മാനങ്ങൾ കൈമാറുവാനും പരിശ്രമിക്കാം.

## വി. മദർതെരേസ അനുസ്മരണം

വി. മദർ തെരേസ ജീവിക്കേണ്ടത് നമ്മിൽ ഓരോരുത്തരിലൂടെയാണ്. അതിരൂപതാതല മദർതെരേസ അനുസ്മരണവും അഗതിദിനാചരണവും സെപ്റ്റംബർ 10 ന് നടക്കുന്നതായിരിക്കും. കാരുണ്യത്തിന്റെ സാന്ത്വന സ്പർശമായ അഗതികളുടെ അമ്മയായ വിശുദ്ധ മദർതെരേസായുടെ തിരുനാൾ ദിനമായ സെപ്തം. 5 ന് ഓരോ യൂണിറ്റിന്റെയും നേതൃത്വത്തിൽ ഭക്ഷ്യധാന്യങ്ങൾ, സാമ്പത്തികസഹായം എന്നിവ മറ്റുള്ളവരിൽ നിന്ന് സ്വീകരിച്ച് അനാഥാലയത്തിലും അഗതിമന്ദിരങ്ങളിലും ഉള്ളവരെ സഹായിക്കുവാൻ ഓരോ യൂണിറ്റും ശ്രദ്ധിക്കുമല്ലോ.

## PSC Coaching

സർക്കാർ ജോലി ആഗ്രഹിക്കുന്ന എല്ലാവർക്കുമായി തലശ്ശേരി അതിരൂപത കെസിവൈഎം ഓൺലൈനായി PSC Coaching ആരംഭിക്കുന്നു. ജോലിയില്ലാതെ കഷ്ടപ്പെടുന്ന പത്താം ക്ലാസ്സ്, +2, ഡിഗ്രി ലെവലിൽ ഉള്ള ഉദ്യോഗാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. കെസിവൈഎം അതിരൂപത, മേഖല സമിതികളുടെ സഹായത്തോടെ രജിസ്റ്റർ ചെയ്ത്

കോച്ചിങ്ങിൽ പങ്കെടുക്കാവുന്നതാണ്. ഇടവകയിലെ ജോലിയില്ലാതെ നിൽക്കുന്ന മുഴുവൻ യുവജനങ്ങളെയും PSC Coaching ലേക്ക് രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിരൂപതയുടെ വിദ്യാഭ്യാസ സംരംഭമായ സാൻജോസ് അക്കാഡമിയുടെയും വിമൽ ജ്യോതി എഞ്ചിനീയറിംങ്ങ് കോളേജിന്റെയും സഹായത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 9400062918, 8281517660, 9497439045

## അദ്ധ്യാപക ദിനാചരണം

അറിവിന്റെ ആഴങ്ങളിലേക്ക് നമ്മെ വളർത്തിയ അദ്ധ്യാപകരെ ആദരിക്കാൻ സെപ്റ്റംബർ 5-ാം തീയതി മാറ്റിവയ്ക്കാം. വിശ്വാസ പരിശീലനം നല്കുന്ന അദ്ധ്യാപകരെ ആദരിക്കുവാനും അദ്ധ്യാപക രംഗത്തുനിന്നും വിശ്രമ ജിവിതം നയിക്കുന്നവരുടെ കൂടെ സമയം ചെലവഴിക്കുവാനും ശ്രദ്ധിക്കുമല്ലോ.

## വിയാനി ദിനാഘോഷം

ഇടവകാ വൈദീകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയാ വിയാനിയുടെ തിരുനാൾ ദിനത്തിൽ വൈദീകർക്ക് ആശംസകൾ നേർന്ന് യുവജനങ്ങൾ കേക്ക് മുറിച്ച് ആഘോഷിച്ചു.

## സംസ്ഥാന അർദ്ധവാർഷിക സെനറ്റ്

സംസ്ഥാന സമിതിയുടെ 44-ാമത് അർദ്ധവാർഷിക സെനറ്റ് കാഞ്ഞിരപ്പള്ളി രൂപതയുടെ ആതിഥേയത്വത്തിൽ കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിംങ്ങ് കോളേജിൽ വച്ച് നടത്തപ്പെട്ടു. അതിരൂപതയിൽ നിന്നും ഡയറക്ടർ, ആനിമേറ്റർ, സെനറ്റ് അംഗങ്ങൾ, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## സ്വാതന്ത്ര്യദിനാഘോഷം

അതിരൂപതാതല സ്വാതന്ത്ര്യദിനാഘോഷം മിഷൻപ്രദേശത്ത് മെന്റലി ചലഞ്ചിഡ് ആയ കുട്ടികളോടൊപ്പം ഉജ്ജെയിനിൽ വച്ച് നടത്തപ്പെട്ടു. ദേശീയ പതാകകൾ കൈമാറിയും മിഠായി വിതരണം ചെയ്തും സ്വാതന്ത്രദിനാഘോഷം കൊണ്ടാടി.

## മിസ്സിയോ 2 k22

പ്രേഷിത ചൈതന്യം ഉൾകൊണ്ടു കൊണ്ട് തലശ്ശേരി കെസിവൈഎം -ലെ യുവജനങ്ങൾ മദ്ധ്യപ്രദേശിലെ ഉജ്ജെയിൻ ഗ്രാമങ്ങൾ സന്ദർശിക്കുകയും പ്രേഷിതാനുഭവങ്ങൾ സ്വന്തമാക്കുകയും ചെയ്തു.

അതിരൂപതാ പ്രസിഡന്റ് ശ്രി. ജോയേൽ ജോസഫിന്റെ നേതൃത്വത്തിൽ 25 ഓളം യുവജനങ്ങൾ യാത്രയിൽ പങ്കുചേർന്നു. 10 ദിവസം നീണ്ട മിഷൻസ

ന്ദർശനത്തിൽ ഉജ്ജെയിൻ രൂപതാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വടക്കേൽ ഉദ്ഘാടനം ചെയ്യുകയും യുവജനങ്ങളുമായി ആശയ വിനിമയം നടത്തുകയും ചെയ്തു.

പത്തു ദിവസം നീണ്ടുനിന്ന മിഷൻയാത്രയിൽ ഉജ്ജെയിൻ രൂപതയുടെ മിഷൻ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഗ്രാമങ്ങൾ സന്ദർശിക്കുകയും ആതുരാലയങ്ങളും മിഷൻ സെന്ററുകളും അടുത്തറിയുകയും ചെയ്തു.

## ഉജ്ജെയിൻ യുവജനസംഗമം

തലശ്ശേരി അതിരൂപയിൽ നിന്നും മിഷൻഗ്രാമ സന്ദർശനത്തിനായ് പോയ യുവജന സംഘം സ്വാതന്ത്ര ദിനത്തോടനുബന്ധിച്ച് ഉജ്ജെയിൻ രൂപതയിലെ എസ്എംവൈഎം യുവജന പ്രവർത്തകരൊടൊപ്പം യുവജനസംഗമം സംഗമം നടത്തി. ഉജ്ജെയിൻ രൂപതയിലെ അമ്പതോളം യുവജനങ്ങൾ പങ്കെടുത്തു. സംഗമത്തോടനുബന്ധിച്ച് കലാപരിപാടികളും സംഘടിപ്പിച്ചു.

## നൈറ്റ് വിജിൽ

കെസിവൈഎം വായാട്ടുപറമ്പ് ഫൊറോനയുടെ നേതൃത്വത്തിൽ നൈറ്റ് വിജിൽ സംഘടിപ്പിച്ചു. മദർഹോം ധ്യാനകേന്ദ്രത്തിലെ അസോസിയേറ്റ് ഡയറക്ടർ ഫാ. ആന്റണി വെട്ടിയാനിക്കൽ നേതൃത്വം കൊടുത്തു.

## ദുരന്തമുഖത്തു സേവനവുമായി യുവജനത

പേരാവൂർ ഫൊറോനയിൽ ശക്തമായ പേമാരിയും ഉരുൾ പൊട്ടലും മൂലം ദുരിതമനുഭവിക്കുന്ന ജനതക്കു സഹായവുമായി എത്തിയ എല്ലാ യുവജനങ്ങൾക്കും കെസിവൈഎം പ്രവർത്തകർക്കും നേതൃത്വം കൊടുത്ത ഫൊറോന പ്രസിഡന്റ് അഖിലിനും അതിരൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

## U - turn 2.0

കാഞ്ഞങ്ങാട് കെസിവൈഎം-ന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് നഗരഹൃദയത്തെ ആവേശക്കടലാക്കി നൂറുകണക്കിന് യുവജനങ്ങളെ അണിനിരത്തിയ മഹായുവജന റാലി നടത്തി. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ വികാരി ജനറാളച്ചൻമാർ ഫൊറോന ഡയറക്ടർമാർ യുവജന നേതാക്കൾ എന്നിവർ പങ്കെടുത്തു. നേതൃത്വം കൊടുത്ത ഫൊറോന പ്രസിഡന്റ് അൻസിലിനും ഫൊറോന സമിതിക്കും നന്ദി.

## ഒപ്പരം

എടൂർ ഫൊറോനയുടെ നേതൃത്വത്തിൽ ചരൾ സ്നേഹഭവനിൽ വച്ച് ഒപ്പരം എന്ന പേരിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി. അഗതി മന്ദിരത്തിന്റെ നാല് ചുവരുകൾക്കുള്ളിൽ ജീവിതം കഴിക്കുന്നവരൊടൊപ്പം കലാപരിപാടികളും ആഘോഷങ്ങളുമായി ഈ ദിനം ചെലവഴിച്ചു.

## പ്രതിഷേധം രേഖപ്പെടുത്തി

പൊതുജനത്തിന് അധിക ബാധ്യത വരുത്തുന്ന അധിക നികുതി വരുത്തിക്കൊണ്ട് ശമ്പള വർദ്ധനവ് നടത്തുന്ന സർക്കാരിന്റെ നയങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധമറിയിച്ച് തലശ്ശേരി അതിരൂപത കെസിവൈഎം.

## എക്സ്പ്ലോറ 2 k22

2022-2023 പ്രവർത്തന വർഷത്തേക്കുള്ള കെസിവൈഎം, എസ്എംവൈഎം അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിന് എക്സ്പ്ലോറ 2k22 ആഗസ്റ്റ് 28-ാം തീയതി പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. 17 ഫൊറോനകളിൽനിന്നുള്ള ഫൊറോന ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. എക്സ്പ്ലോറ ഇലക്ഷൻ സെനറ്റിൽ ആദ്യവസാനംവരെ പങ്കെടുക്കുന്നവർക്ക് മാത്രമെ ഇലക്ഷൻ തെരഞ്ഞെടുക്കപ്പെടുവാനും വോട്ടുചെയ്യുവാനും അവകാശം ഉണ്ടായിരിക്കുകയുള്ളു. മത്സരാർത്ഥികൾ അംഗത്വ കാർഡും, ഇടവക വികാരി, ഫൊറോന ഡയറക്ടർ എന്നിവരുടെ **ശിപാർശ കത്തകളും** കൊണ്ടുവരേണ്ടതാണ്.

സ്നേഹപൂർവം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I) 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

901 എം.പി.സി കോഴ്സ് തലശ്ശേരി സന്ദേശഭവനിൽ വച്ച് ആഗസ്റ്റ് 18 – 20 വരെയുള്ള തീയതികളിൽ നടക്കുകയുണ്ടായി. കോഴ്സിൽ 130 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

### 2. Offline MPC Classes

2022 ജൂൺ മാസം മുതൽ ഓഫ്‌ലൈനായി എം.പി.സി കോഴ്സുകൾ ക്രമീകരിച്ചിരിക്കുകയാണ്. മൂന്നുദിവസത്തെ താമസിച്ചുള്ള കോഴ്സുകൾ പടന്നക്കാട്, തലശ്ശേരി സെന്ററുകളിൽ വച്ചു നടത്തുന്നു. കോഴ്സ് ഡേറ്റുകൾ താഴെ കൊടുത്തിരിക്കുന്നു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് വെബ്സൈറ്റിൽ (www.familytly.com) അല്ലെങ്കിൽ ഓഫീസിൽ നേരിട്ടും കോഴ്സ് രജിസ്റ്റർ ചെയ്യാവുന്നതാണ്.

| MPC 2022 | | |
|---|---|---|
| September | 22 - 24 | (Thursday, Saturday) Padannakkad |
| November | 03 - 05 | (Thursday, Saturday) Thalassery |
| December | 15 - 17 | (Thursday, Saturday) Thalassery |

### Time Schedule :

കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സി. യുടെ ഫീസ് **1250** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 650 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 600 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

### 3. Online MPC - December

തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റ് 2022 ഡിസംബർ 5,6,7 തീയതികളിൽ വിവാഹ ഒരുക്ക സെമിനാർ ഓൺലൈനായി നടത്തുന്നതാണ്. ഓഫ്‌ലൈനിൽ കോഴ്സ് നടത്താൻ സാധിക്കാത്തവർക്കുവേണ്ടി മാത്രമാണ് അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം ഈ കോഴ്സ് അനു

വദിച്ചിരിക്കുന്നത്. അതിനാൽ ബഹു. വികാരിയച്ചന്മാർ ഓൺലൈൻ കോഴ്സിൽ രജിസ്റ്റർ ചെയ്യുന്നവരുടെ urgency സാക്ഷ്യപ്പെടുത്തിയ കത്ത് നൽകുകയും അത് കോഴ്സിന്റെ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

- ഓൺലൈൻ എം.പി.സി യുടെ രജിസ്ട്രേഷൻ ഫാമിലി അപ്പൊസ്റ്റൊലേറ്റ് വെബ്സൈറ്റ് www.familytly.comൽ Online MPC എന്ന ഓപ്ഷനിൽ നടത്താവുന്നതാണ്.
- മൂന്ന് ദിവസങ്ങളിലായി നടത്തുന്ന കോഴ്സിന്റെ Time Schedule
    - Ist Day 10.00 am - 05.00 pm
    - IInd Day 02.00 pm - 07.00 pm
    - IIIrd Day 02.00 pm - 07.00 pm
- കോഴ്സ് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി അയച്ചുകൊടുക്കുന്നതാണ്.
- ക്ലാസുകളിൽ മുഴുവൻ സമയവും പങ്കെടുക്കുന്നവർക്ക് മാത്രമാണ് സർട്ടിഫിക്കറ്റ് നൽകുന്നത്.
- ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നവർക്ക് പ്രത്യേകം പരീക്ഷ നടത്തി വിലയിരുത്തുന്നതാണ്.
- ബഹു. വികാരിയച്ചന്മാർ ഇക്കാര്യം ഇടവകാ ഗ്രൂപ്പുകളിൽ അറിയിക്കുമല്ലോ. അത്യാവശ്യമുള്ളവർക്ക് മാത്രം ഈ കോഴ്സിനായി ശുപാർശ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**4. Prolife Marriage Bureau**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ. പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

Web site: www.prolifemarry.com Contact No : 6235445544.

## III. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് എല്ലാ ടീച്ചേഴ്സിനുവേണ്ടിയും പ്രാർത്ഥിക്കാം.
2. **യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റ്തല പ്രവർത്തനം – ഭവന സന്ദർശനം നടത്തി പുതിയ മാതൃവേദി അംഗങ്ങളെ ചേർക്കുക.
3. **ഓൺലൈഫ് മീഡിയ പ്രോഗ്രാമുകൾ നൽകേണ്ട മേഖല** – ചെമ്പന്തൊട്ടി മേഖല
4. **മാതൃവേദി പ്രവർത്തന പദ്ധതി – സെപ്റ്റംബർ 2022**

1 – എട്ടു നോമ്പാരംഭം

3 – മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ് – തളിപ്പറമ്പ്

5 – വി. മദർ തെരേസ – അദ്ധ്യാപക ദിനം – അഗതി മന്ദിര സന്ദർശനം

7 - **അമ്മയ്ക്കൊരെഴുത്ത് മത്സരം (ഓൺലൈൻ)**

8 - പരി. ക. മറിയത്തിന്റെ പിറവിത്തിരുനാൾ
**മാതൃദിനം - അംഗത്വ സ്വീകരണം, അംഗത്വ നവീകരണം**
**അതിരൂപതാതല ആചരണം - ചെമ്പേരിമേഖല**

14 - വി. കുരിശിന്റെ പുകഴ്ച

15 - വ്യാകുല മാതാവ്

21 - വി. മത്തായിശ്ലീഹ

22-24 - എം.പി.സി - പടന്നക്കാട്

24 - കാരുണ്യ മാതാവ്

27 - വി. വിൻസെന്റ് ഡി പോൾ - ദത്ത് ഭവന സന്ദർശനം

29 - വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ, ഊറിയേൽ

30 - **പുതിയ അംഗത്വ ലിസ്റ്റ്, അംഗത്വകാർഡ്, അപേക്ഷ എന്നിവ രൂപതയിൽ നൽകാനുള്ള അവസാനതീയതി.**

### 5. മാതൃസംഗമം

ജൂലൈ 24-ാം തീയതി പാലത്തിൻകടവ് ഇടവകയിലും ആഗസ്റ്റ് 7 ന് പുല്ലടി - അടോട്ടുകയ ഇടവകകളിലും അമ്മമാർക്കായി മാതൃസംഗമങ്ങൾ നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സംഗമങ്ങൾ ഉദ്ഘാടനം ചെയ്ത് ക്ലാസ് എടുത്തു.

### 6. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ - അതിരൂപതാതല ആചരണം (വായാട്ടുപറമ്പ്)

മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ അതിരൂപതാതല ആചരണം ആഗസ്റ്റ് 15-ാം തീയതി വായാട്ടുപറമ്പ് മേഖലാതലത്തിൽ നടന്നു. വായാട്ടുപറമ്പ് മേഖല വൈസ് പ്രസിഡണ്ട് ശ്രീമതി ഡോളി കരുവേൽ സ്വാഗതമാശംസിച്ച ചടങ്ങിൽ പ്രസിഡണ്ട് ശ്രീമതി ഷേർളി ചിറക്കലാത്ത് അദ്ധ്യക്ഷത വഹിച്ചു. വായാട്ടുപറമ്പ് ഫൊറോന വികാരി റവ. ഫാ. തോമസ് തെങ്ങുംപള്ളി ചടങ്ങ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അനുഗ്രഹപ്രഭാഷണം നടത്തി. ശേഷം മാതൃവേദി വായാട്ടുപറമ്പ് മേഖല ഡയറക്ടർ ഫാ. ജോസഫ് ആനിത്താനം, ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദർ ആദിത്ത് പാഴൂത്തടത്തിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. തുടർന്ന് അമ്മമാർക്കായി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ് ക്ലാസ് എടുത്തു. അമ്മമാരുടെ വിവിധങ്ങളായ കലാപരിപാടികളും നടന്നു. ശേഷം മേഖലാ ആനിമേറ്റർ സി. അനിത എസ്.എച്ച് ഏവർക്കും നന്ദിയർപ്പിച്ചതോടെ മീറ്റിംഗിന് സമാപനമായി. മീറ്റിംഗ് ഭംഗിയായി നടത്തുവാൻ സഹായിച്ച മാതൃവേദി ഭാരവാഹികൾക്കും അമ്മമാർക്കും ഹൃദ്യമായ നന്ദിയർപ്പിക്കുന്നു.

### 7. അമ്മയ്ക്കൊരെഴുത്ത് മത്സരം

അതിജീവനത്തിന്റെ അനുഭവങ്ങൾ അറിയിച്ചുകൊണ്ട് പരി. മറിയത്തിന് കത്തെഴുതുക. മറിയത്തിന്റെ മാതൃക എപ്രകാരം സ്വാധീനിച്ചുവെന്ന് പരാമർശിക്കേണ്ടതാണ്. കത്ത് എഴുതുന്ന രീതികൾ അവലംബിക്കേണ്ടതാണ്.

- ഒരു ഇടവകയിൽ നിന്ന് 5 പേർക്ക് വരെ പങ്കെടുക്കാം. മേഖലയിൽ മത്സരമില്ല.
- പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ യൂണിറ്റുകളിൽ രജിസ്റ്റർ ചെയ്യുകയും യൂണിറ്റുകൾ മേഖലകളിൽ അറിയിക്കുകയും ചെയ്യുക.
- മേഖലകളിൽ നിന്ന് എല്ലാ യൂണിറ്റുകളുടെയും രജിസ്ട്രേഷൻ ലിസ്റ്റ്, പേര്, വീട്ടുപേര്, യൂണിറ്റ്, അംഗത്വകാർഡ് നമ്പർ എന്നിവ രേഖപ്പെടുത്തി ഡയറക്ടർ അല്ലെങ്കിൽ ആനിമേറ്റർ ഒപ്പിട്ട് പേപ്പർ **സെപ്റ്റംബർ 7-ാം തീയ്യതി വൈകുന്നേരം 4 മണിക്കുള്ളിൽ** ഓഫീസിലേക്ക് വാട്ട്സ് ആപ്പ് ചെയ്യുക.

  **Whats App Number : 9400206974**
- മത്സരാർത്ഥികൾ കത്ത് ടൈപ്പ് ചെയ്ത് അല്ലെങ്കിൽ ഡി.ടി,പി ചെയ്ത് ഓഫീസിലേക്ക് വാട്ട്സ് ആപ്പിൽ അയക്കുക. കത്ത് അയക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വകാർഡ് നമ്പർ എന്നിവ വാട്ട്സ് ആപ്പ് മെസ്സേജായി ഒപ്പം കൊടുക്കുക.

  **അയക്കേണ്ട നമ്പർ : 9400206974**
  **തീയതി : സെപ്റ്റംബർ 7**
  **സമയം : 10.00am – 04.00pm**

### 8. സംവാദം – മത്സരം

- തന്നിട്ടുള്ള വിഷയത്തെ ആസ്പദമാക്കി ഒരു ടീമിൽ നിന്ന് രണ്ട് പേർ വീതം തങ്ങളുടെ വാദഗതികൾ നിരത്തിക്കൊണ്ടുള്ള പ്രസംഗമാണ് സംവാദം.
- ഒരു മേഖലയിൽ നിന്ന് രണ്ട് പേരെ സെലക്റ്റ് ചെയ്ത് അതിരൂപതാ മത്സരത്തിനായി സജ്ജമാക്കുക.
- അനുകൂലിച്ചുകൊണ്ടും പ്രതികൂലിച്ചുകൊണ്ടും സംസാരിക്കാൻ നറുക്കെടുത്ത് വിഷയങ്ങൾ നൽകിയിരിക്കുന്നു.

**വിഷയം : അണുകുടുംബങ്ങൾ ആവശ്യമോ, അപകടമോ അനുകൂലിച്ച് പ്രസംഗിക്കുന്ന മേഖലകൾ**

| | |
|---|---|
| തളിപ്പറമ്പ് | പേരാവൂർ |
| ചെമ്പന്തൊട്ടി | പൈസക്കരി |
| ചെറുപുഴ | വെള്ളരിക്കുണ്ട് |
| തോമാപുരം | ആലക്കോട് |

**പ്രതികൂലിച്ച് പ്രസംഗിക്കുന്ന മേഖലകൾ**

| | |
|---|---|
| ചെമ്പേരി | കുന്നോത്ത് |
| മേരിഗിരി | കാഞ്ഞങ്ങാട് |
| എടൂർ | വായാട്ടുപറമ്പ് |
| പനത്തടി | നെല്ലിക്കാംപൊയിൽ |

- ലഭിക്കുന്ന വിഷയം യുക്തിഭദ്രമായും ആവേശഭരിതമായും അവതരിപ്പിക്കുന്നതിനാണ് സംവാദത്തിൽ പ്രാധാന്യം.
- ടീമിൽ രണ്ട് പേർക്ക് 50 വീതം മാർക്ക് ആകെ 100 ൽ മാർക്ക് നൽകുന്നതാണ്.
- അനുകൂലമായി ആദ്യറൗണ്ടിൽ പ്രസംഗിക്കുന്നവർ തങ്ങളുടെ വാദമുഖങ്ങൾ അവതരിപ്പിക്കുകയും രണ്ടാമതു സംസാരിക്കുന്നവർ വാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് വിഷയത്തിന്റെ യുക്തിപരമായ Conclusion ലേക്ക് എത്തിക്കുകയും ചെയ്യാൻ ശ്രദ്ധിക്കുക.
- അതിരൂപതാ മത്സരം നടക്കുന്ന തീയതി : **ഒക്ടോബർ 24**
  സ്ഥലം : **തളിപ്പറമ്പ്**
  സമയം : **രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ**
- മേഖലകളിൽ നിന്നും പങ്കെടുക്കുന്നവരുടെ പേരുകൾ നൽകേണ്ട അവസാന തീയതി : **ഒക്ടോബർ 15**

## 9. ബിബ്ലിയ

- ബൈബിൾ വാക്യങ്ങൾ ഹൃദിസ്ഥമാക്കുന്ന ക്വിസ്സ് മത്സരം. ലൂക്കായുടെ സുവിശേഷം മുഴുവൻ പഠനഭാഗമാണ്.
- ആമുഖവും അടിക്കുറിപ്പുകളും പഠിക്കേണ്ടതാണ്.
- ബൈബിൾ റഫറൻസ് അഥവാ ബൈബിൾ വാക്യങ്ങൾ കൃത്യമായി എഴുതുന്നവർക്കാണ് മാർക്ക് ലഭിക്കുന്നത്.
- മേഖലാതലത്തിൽ മത്സരം നടത്തി രണ്ട് പേരെ വീതം സെലക്റ്റ് ചെയ്യേണ്ടതാണ്.
- അതിരൂപതാതല മത്സരം ഒരേ സമയം റീജണൽ കേന്ദ്രങ്ങളിൽ നടത്തുന്നതാണ്.
- അതിരൂപതാ മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റും **സെപ്റ്റംബർ 30 നുള്ളിൽ** ഓഫീസിൽ എത്തിക്കേണ്ടതാണ്.
- റീജണൽ തലത്തിൽ മേഖലയിൽ നിന്ന് തെരഞ്ഞെടുക്കുന്ന രണ്ട് പേർ വീതം മത്സരിക്കുന്നതാണ്. പങ്കെടുക്കുന്നവർ മാതൃവേദിയുടെ യൂണിഫോം, ബാഡ്ജ്, അംഗത്വകാർഡ് എന്നിവ ധരിക്കേണ്ടതാണ്.

**അതിരൂപതാമത്സര തീയതി : ഒക്ടോബർ 15**

**സ്ഥലം : റീജണൽ കേന്ദ്രങ്ങൾ**

**സമയം : രാവിലെ 10 മണി മുതൽ 12 വരെ**
**അതിരൂപതാ മത്സരം ആകെ 45 ചോദ്യങ്ങൾ**
20 ചോദ്യങ്ങൾ - ബൈബിൾ വാക്യങ്ങൾ
20 ചോദ്യങ്ങൾ - ബൈബിൾ റഫറൻസ്
5 ചോദ്യങ്ങൾ - ലൂക്കായുടെ സുവിശേഷത്തിലെ പൊതുവായ ചോദ്യങ്ങൾ

## 10. സഖറിയാസ് കൺവെൻഷൻ - കുന്നോത്ത്, ചെറുപുഴ

സഖറിയാസ് കൺവെൻഷൻ കുന്നോത്ത് മേഖലയിൽ ആഗസ്റ്റ് 16-18 തീയതികളിൽ കിളിയന്തറ ഇടവകയിൽ വച്ച് നടന്നു. ഫൊറോന വികാരി റവ. ഫാ. അഗസ്റ്റ്യൻ പാണ്ടിയമാക്കൽ വി. ബലിയർപ്പിച്ച് ഉദ്ഘാടനം ചെയ്തു. ഫാ. അനീഷ് പുത്തൻപുരക്കൽ, ഫാ. ലിൻസ് വെട്ടുവയലിൽ എന്നിവർ കൺവെൻഷൻ ദിവസങ്ങളിൽ വി. കുർബാനയർപ്പിച്ചു.

ചെറുപുഴ മേഖലയുടെ സഖറിയാസ് കൺവെൻഷൻ ആഗസ്റ്റ് 10-12 തീയതികളിൽ നടത്തപ്പെട്ടു. ഫൊറോന വികാരി വെരി. റവ. ഫാ. ജോസ് വെട്ടിക്കൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി എന്നിവർ കൺവെൻഷൻ ദിവസങ്ങളിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി. മലബാർ ക്രിസ്റ്റീൻ ടീം അംഗങ്ങൾ ക്ലാസുകൾക്കും ശുശ്രൂഷകൾക്കും നേതൃത്വം നൽകി. മാതൃവേദി വോളണ്ടിയേഴ്സിന്റെ സജീവമായ സഹകരണങ്ങളോടെ രജിസ്ട്രേഷനും മറ്റ് സേവനങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കപ്പെട്ടു. മാതൃവേദി ചെറുപുഴ, കുന്നോത്ത് മേഖല സമിതികളെയും ക്രിസ്റ്റീൻ ടീമിനെയും നന്ദിയോടെ അനുസ്മരിക്കുകയും അഭിനന്ദനങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു.

## 11. അറിയിപ്പുകൾ

- സെപ്റ്റംബർ 8 മാതാവിന്റെ പിറവിത്തിരുനാൾ സമുചിതമായി ആചരിക്കുക. എട്ട് നോമ്പെടുത്ത് എല്ലാ അമ്മാമാരും പ്രാർത്ഥിക്കുമല്ലോ. മാതൃദിനമായി എല്ലാ യൂണിറ്റുകളും ഈ ദിവസം ആഘോഷിക്കുക. മാതൃവേദിയുടെ നേതൃത്വത്തിൽ കാഴ്ചസമർപ്പണം, സമ്മേളനം, ക്ലാസ്, മറ്റ് സേവന പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുക.
- സെപ്റ്റംബർ 8 ന് അംഗത്വ സ്വീകരണം, അംഗത്വ നവീകരണം, മാതൃവേദി പതാക ഉയർത്തൽ എന്നിവയും നടത്തേണ്ടതാണ്.
- സെപ്റ്റംബർ മാസം മുഴുവൻ അംഗത്വമാസമായി ആചരിച്ച് ഭവനസന്ദർശനം നടത്തി പുതിയ അംഗങ്ങളെ ചേർക്കാൻ എല്ലാ യൂണിറ്റുകളും ശ്രദ്ധിക്കുക. ഏറ്റവും കൂടുതൽ അംഗങ്ങളെ പുതുതായി ചേർക്കുന്ന യൂണിറ്റിന് മേഖലയിൽ നിന്ന് പ്രോത്സാഹന സമ്മാനങ്ങൾ ഏർപ്പെടുത്തുക.

- മാതൃവേദി അംഗത്വകാർഡ് ഓഫീസിൽ നിന്ന് ലഭിക്കുന്ന അവസാന തീയതി സെപ്റ്റംബർ 30 ആയിരിക്കും. അതിനു മുമ്പായി കാർഡുകൾ ഓഫീസിൽ നിന്ന് വാങ്ങി ഫോട്ടോ പതിപ്പിച്ച് ഓഫീസിൽ എത്തിച്ച് കാർഡ് നമ്പർ വാങ്ങുവാൻ ശ്രദ്ധിക്കുക.
- ഓൺലൈഫ് മീഡിയയ്ക്കുവേണ്ടി ഓഗസ്റ്റ് മാസത്തിൽ പ്രോഗ്രാമുകൾ ഒരുക്കിത്തന്ന ചെമ്പേരി മേഖലയ്ക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു.
- മാതൃവേദി അംഗങ്ങളും ആനിമേറ്റർമാരും ജീവാഗ്നി റിട്രീറ്റിൽ പങ്കെടുക്കുവാനുള്ള ദമ്പതിമാരെ കണ്ടെത്തി രജിസ്ട്രേഷൻ നടത്താൻ ശ്രദ്ധിക്കുക.
- സെപ്റ്റംബർ 3-ാം തീയ്യതി മാതൃവേദി മേഖലാ പ്രസിഡണ്ടുമാരുടെയും, മേഖലാ ആനിമേറ്റർമാരുടെയും ഒരു സംയുക്ത സമ്മേളനം തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു.

**സമയം : 10.30 am - 01.00pm**

## IV. മരിയൻ സിംഗിൾസ്

സിംഗിൾസിന്റെ മീറ്റിംഗ് തലശ്ശേരി സന്ദേശഭവനിൽ വച്ച് ആഗസ്റ്റ് 3,4,5 തീയതികളിലായി നടന്നു. തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ സിബി പാലാക്കുഴി സന്ദേശം നൽകി സംസാരിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, കെ.സി.വൈ.എം. ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, സി. ലിസ് മരിയ സി.എച്ച്.എഫ്, ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ്, റീജന്റ് ബ്രദർ. ആദിത്ത് പാഴൂത്തടത്തിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സിംഗിൾസിനായി ആരാധന, കുർബ്ബാന, കുമ്പസാരം, ജപമാല, ഷെയറിംഗ്, കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചും. അനുഗ്രഹപ്രദമായ മൂന്നു ദിനങ്ങൾക്കൊടുവിൽ 5-ാം തീയതി രാവിലെ 8.30 ഓടെ ഗാതറിംഗ് സമാപിച്ചു.

## V. അമല പ്രോലൈഫ്

### 1. പ്രോലൈഫ് സംഗമം

പ്രോലൈഫ് അംഗങ്ങളുടെ അതിരൂപതാ സംഗമം ജൂലൈ 30-ാം തീയതി ചെമ്പന്തൊട്ടി പള്ളിയിൽ വച്ച് നടന്നു. അമല പ്രോലൈഫ് കോ. ഓർഡിനേറ്റർ ശ്രീ. സെലസ്റ്റിൻ വടക്കേൽ സ്വാഗതമാശംസിച്ച ചടങ്ങിൽ പ്രസിഡണ്ട് ശ്രീ. സിജി പുതുപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അനുഗ്രഹപ്രഭാഷണം നടത്തി, ചെമ്പന്തൊട്ടി ഫൊറോന വികാരി ഫാ. ആന്റണി മഞ്ഞളാംകുന്നേൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ചെമ്പന്തൊട്ടി മേഖല ഡയറക്ടർ ഫാ. മാത്യു പരവരാകത്ത് അനുഗ്രഹപ്രഭാഷണവും, സി. ഡോ. ജോണറ്റ് മരിയ എം.എസ്.എം.ഐ, മാതൃവേദി അതിരൂപതാ പ്രസിഡണ്ട് ശ്രീമതി

തങ്കമ്മ കൊച്ചുവേലിക്കകത്ത് എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. ചടങ്ങിൽ ശ്രീ ബിജു പി. അലക്സിനെ ആദരിക്കുകയും മൂന്ന് വലിയ കുടുംബങ്ങൾക്ക് പ്രോലൈഫ് ഫണ്ട് വിതരണം നടത്തുകയും ചെയ്തു. ശേഷം കെ.സി.ബി.സി പ്രോലൈഫ് മലബാർ സോൺ ഡയറക്ടർ റവ. ഫാ. ഡോ ജോസ് പെണ്ണാപറമ്പിലിന്റെ നേതൃത്വത്തിൽ സെമിനാർ നടന്നു.അമല പ്രോലൈഫ് ആനിമേറ്റർ സി. ജെസ്റ്റീന എം.എസ്.എം.ഐ യുടെ ഏവർക്കും നന്ദിയർപ്പിച്ച് സംസാരിച്ചതോടെ മീറ്റിംഗിന് സമാപനമായി.

**2. ജീവാഗ്നി റിട്രീറ്റ്**

ഗർഭിണികൾക്കും ജീവിതപങ്കാളിക്കുമായി നടത്തപ്പെടുന്ന ഓൺലൈൻ ധ്യാനം ജീവാഗ്നി റിട്രീറ്റ് സെപ്റ്റംബർ 18 – 21 വരെ നടത്തപ്പെടുന്നു. വൈകുന്നേരം 6 മണി മുതൽ 8 മണി വരെയുള്ള സമയങ്ങളിൽ നടത്തുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ രജിസ്ട്രേഷനുവേണ്ടി ബന്ധപ്പെടേണ്ട നമ്പർ : **7510228711, 9048993703.**

രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. ദമ്പതികൾക്ക് വ്യക്തിപരമായ കൗൺസിലിംഗ് ധ്യാന ദിവസങ്ങളിൽ ക്രമീകരിക്കുന്നതാണ്.

**3. ജീവോപഹാരം**

മണലുങ്കൽ ജോർജ്ജ് – ജോസ്ന (വിളക്കന്നൂർ), അഗസ്റ്റിൻ– ജിൻസ് മണ്ണാറത്തറ (മണ്ടളം), ജാനിഷ് ജോസഫ് –അനു അയ്യാനിക്കാട്ട് (പെരുമ്പടവ്), ബിൻസ് തോമസ് – ഡാലിയ കാപ്പിൽ (മേരിഗിരി) എന്നീ കുടുംബങ്ങൾക്ക് ജീവോപഹാരം നൽകി ആദരിച്ചു. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ അമല പ്രോലൈഫ് സമിതി അംഗങ്ങൾ ഈ ഭവനങ്ങൾ സന്ദർശിച്ച് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അഭിവാദനങ്ങൾ അർപ്പിച്ചു.

സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

## അഡ്മിഷൻ 2022-23

2022-23 അദ്ധ്യയന വർഷത്തേക്കുള്ള എൻജിനീയറിംഗ്, എം.ബി.എ. അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് **9400062919, 8281750777, 9846423448, 0460 2212240** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**Website : www.vjec.ac.in   E-mail: admission@vjec.ac.in**

## KEAM RANK SCHOLARSHIP 2022

| | | |
|---|---|---|
| KEAM Rank 1-5000 | : | Scholarship : Entire college fee |
| Rank 5001 - 8000 | : | Scholarship : 2,65,400/- (66,350 x 4 year)<br>Tuition Fee = Government Fees only (Rs.8650/-) |
| Rank 8001-10000 | : | Scholarship : 1,20,000/- (30,000 x 4 year) |
| Rank 10001-20000 | : | Scholarship : 20,000/- (5000 x 4 year) |

## ഇപ്പോൾ വിമൽ ജ്യോതിയിൽ 10 ബി.ടെക് കോഴ്സുകൾ ഉണ്ട്

1. Mechanical Engineering (ME)
2. Civil Engineering (CE)
3. Electrical & Electronics Engineering (EEE)
4. Electronics & Communication Engineering (ECE)
5. Applied Electronics & Instrumentation (AEI)
6. Computer Science & Engineering (CSE)
7. Computer Science & Design (CSD)
8. Artificial Intelligence & Data Science (ADS)
9. Computer Science and Business System
10. Computer Science and Cyber Security

കൂടാതെ MBA, M.Tech, Ph.D. എന്നീ ഉപരിപഠന കോഴ്സുകളും ലഭ്യമാണ്.

## പ്ലേസ്മെന്റ് വാർത്തകൾ

- 2023 അധ്യയനവർഷത്തിൽ ബി.ടെക് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കായി TCS ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. സെലക്ഷൻ ടെസ്റ്റ് ആഗസ്റ്റ് 19,27 തീയതികളിലായി നടത്തപ്പെട്ടു. നമ്മുടെ കോളേജിൽനിന്നും 300ലധികം കുട്ടികൾ പങ്കെടുത്തു.
- TCS ക്യാമ്പസ് റിക്രൂട്ട്മെന്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കായി ആഗസ്റ്റ് 17,18 തീയതികളിലായി പ്ലേസ്മെന്റ് ട്രെയിനിംഗ് നടത്തി. പ്രമുഖ ട്രെയിനിംഗ് കമ്പനിയായ PROGRESSUM EDUTEC ആണ് ട്രെയിനിംഗ് നടത്തിയത്.

- പ്രമുഖ മൾട്ടിനാഷണൽ കമ്പനിയായ HITACHI SOLUTIONS സെപ്റ്റം ബർ 1, 2 തീയതികളിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു. 150-ലധികം കുട്ടികൾ പങ്കെടുക്കുന്നു. ഏകദേശം 30 ഒഴിവുകളുണ്ട്. പ്രതിമാസം 40,000/- രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- ബഹുരാഷ്ട്ര ഐ.ടി കമ്പനിയായ TATA ELXI, 2023, 2024 അധ്യയന വർഷങ്ങളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കായി സെപ്റ്റം ബർ മാസം അവസാനം ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു. 500-ലധികം ഒഴിവുകൾ നിലവിലുണ്ട്. ഇതിനുപുറമേ ASPIRE എന്ന പേരിൽ ഒരു early hiring പ്രോഗ്രാമും സംഘടിപ്പിക്കുന്നു. രണ്ടാം വർഷത്തിൽത്തന്നെ കുട്ടി കളെ റിക്രൂട്ട് ചെയ്യുകയും മൂന്നാം വർഷത്തിൽ കമ്പനിക്ക് ആവശ്യമായ കാര്യങ്ങൾ പരിശീലിപ്പിക്കുകയും ചെയ്യും. തുടർന്ന് 4-ാം വർഷം സ്റ്റൈഫ ന്റോടുകൂടി പാർട് ടൈം ഇന്റേൺഷിപ്പ് നൽകുകയും, കോഴ്സ് പൂർത്തി യാക്കിയ ഉടൻതന്നെ നിയമനം നൽകുകയും ചെയ്യുന്ന പദ്ധതിയാണിത്.

## സിവിൽ സർവ്വീസ് സെമിനാർ സംഘടിപ്പിച്ചു

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് സിവിൽ സർവ്വീസ് പരിശീലന കേന്ദ്രത്തിൽ ഡിഗ്രി ഒന്ന് രണ്ട് വർഷ വിദ്യാർത്ഥികൾക്കായി ഓഗസ്റ്റ് 20, 21 തീയതികളിൽ 11 മണിക്ക് നാഷണൽ /സ്റ്റേറ്റ് മത്സര പരീക്ഷകളിൽ എങ്ങനെ വിജയം നേടാം എന്ന വിഷയത്തിൽ ഡൽഹിയിലെ പ്രശസ്ത സിവിൽ സർവീസ് പരിശീലകരായ ശ്രീ. ജോജോ മാത്യൂസ്, മനീഷ് ഗൗതം എന്നിവർ സൗജന്യ സെമിനാർ സംഘടിപ്പിച്ചു.

## മൂന്നാമത് അന്താരാഷ്ട്ര കോൺഫറൻസ് നടത്തി

വിമൽ ജ്യോതി എൻജിനിയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ എൻജിനിയറിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മൂന്നാമത് അന്തർദേശിയ സമ്മേളനം ആഗസ്റ്റ് 11,12 തീയതികളിൽ നടന്നു. ഇന്റലിജെന്റ് കംപ്യൂട്ടിംഗ്, ഇൻസ്ട്രുമെന്റേഷൻ ആന്റ് കൺട്രോൾ ടെക്നോളജീസ് എന്ന വിഷയത്തിലാണ് സമ്മേളനം നടത്തിയത്. പത്തൊമ്പതോളം രാജ്യങ്ങളിൽ നിന്നായി നിരവധിപ്പേർ പങ്കെടുത്തു. രണ്ടാം ദിവസം ഓൺലൈനിലൂടെയാണ് സമ്മേളനം നടന്നത്. തലശ്ശേരി ആർച്ച് ബിഷപ്പ് മാർ. ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. സെന്റർ ഫോർ ഇന്റസ്ട്രിയൽ മാത്തമാറ്റിക്സ് ഡയറക്ടർ ഡോ. അജയ് വി ദേശ്മുഖ്, കോഴിക്കോട് ടാറ്റാ എലക്സി, സെന്റർ ഓപ്പറേഷൻ മാനേജർ ശരത്ത് എം നായർ, ബാങ്കോക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും ഡോ. കാൾ എൽ സ്റ്റെക്സ്, മലയ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോ. സൽമത്ത് ബിന്റി കർമ്മാൻ, സിംഗപൂർ വിറ്റ് സ്കൂൾ ഓഫ് ഡിസൈൻ പ്രൊഫസർ ഡോ. മാർസലോ ഷെലിൻ എന്നിവർ പങ്കെടുത്തു. നിരവധി പ്രമുഖർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## ഹോസ്റ്റൽ സൂപ്പർവൈസേഴ്സിനെ ആവശ്യമുണ്ട്

35 വയസ്സിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ള കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഹോസ്റ്റൽ സൂപ്പർവൈസേഴ്സിന്റെ തസ്തികയിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ അയയ്ക്കേണ്ട മെയിൽ : santhome@vjim.ac.in. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 8943940451

## വിമൽ ജ്യോതി എം.ബി.എ കോളേജ്

- 2022-24 ബാച്ചിലേക്കുള്ള വിദ്യാർത്ഥികളുടെ അഡ്മിഷൻ തുടരുന്നു. എൻട്രൻസ് പരീക്ഷ എഴുതാത്തവർക്ക് മറ്റൊരു എൻട്രൻസ് ഉടൻ ഉണ്ടാകുന്നതിനാൽ അവർക്കും ഇന്റർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് : 9400062919, 9400512240 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

  Website : **www.vjim.ac.in** E-mail: **admission@vjim.ac.in**
- **2022-ലെ വിവിധ സ്കോളർഷിപ്പുകൾ**

  **ഗോൾഡൻ സ്കോളർഷിപ്പ്:** യുജി പരീക്ഷയിൽ 70 ശതമാനത്തിലധികം മാർക്ക് നേടുന്ന മികച്ച 10 വിദ്യാർത്ഥികൾക്ക് 40,000 രൂപ. സെമസ്റ്റർ ഫീസ് പേയ്മെന്റിനൊപ്പം ക്രമീകരിച്ച നാല് തവണകളായി (10000 x 4) ഇത് ലഭ്യമാണ്.
- യുജി പരീക്ഷയിൽ 70 ശതമാനത്തിലധികം മാർക്ക് നേടുന്ന 10 വിദ്യാർത്ഥികൾക്ക് മാർക്ക് അടിസ്ഥാനത്തിൽ 20,000 രൂപ നൽകും. സെമസ്റ്റർ ഫീസ് പേയ്മെന്റിനൊപ്പം ക്രമീകരിച്ച നാല് തവണകളായി (5,000x4) ഇത് ലഭ്യമാണ്.

  **സിൽവർ സ്കോളർഷിപ്പ്** : KMAT-ൽ മികച്ച മാർക്ക് നേടുന്ന 10 വിദ്യാർത്ഥികൾക്ക് 5000 രൂപ ലഭിക്കും.
- പുതിയ ബാച്ചിന്റെ ഓറിയന്റേഷൻ ക്ലാസുകൾ ഓഗസ്റ്റ് മാസം 16ന് ആരംഭിച്ചു. 22 മുതൽ ക്രമമായ ക്ലാസുകൾ നടത്തുന്നു.
- 2020-22 ബാച്ചിലെ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റുകൾ ഈ വർഷം ഏറ്റവും നല്ല രീതിയിൽ പുരോഗമിക്കുന്നു. 100% പ്ലേസ്മെന്റുകൾ എന്ന ലക്ഷ്യത്തിൽ എത്തുമ്പോൾ, ഇപ്പോൾ 90% ഓളം വിദ്യാർഥികൾക്ക് ജോലി ലഭിച്ചു.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

## 1. K-TET Coaching

K-TET പരീക്ഷയ്ക്കായുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ആഗസ്റ്റ് 1 മുതൽ ഓൺലൈൻ ആയി ആരംഭിച്ചു.

## 2. German Language Coaching

- ജർമ്മൻ Language Coaching A1, A2, B1 പുതിയ ബാച്ചുകൾ ആഗസ്റ്റ് 16ന് ആരംഭിച്ചു. പുതിയ ബാച്ചുകൾ ഒക്ടോബർ മാസത്തിൽ ആരംഭിക്കുന്നതാണ്.
- സാൻജോസ് അക്കാഡമിയിൽ ജർമ്മൻ Language Coaching ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു.

## 3. IELTS, OET

IELTS, OET പുതിയ ബാച്ചുകൾ സെപ്റ്റംബർ 1നും, സെപ്റ്റംബർ 15നും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കുട്ടികളുടെ ആവശ്യാനുസരണം individual training നൽകുന്നതാണ്. അഡ്മിഷനെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.

## 4. UKVI

ജനറൽ നഴ്സിംഗ് പാസ്സായിട്ടുള്ളവരും IELTS സ്കോർ 6ൽ താഴെ ആവശ്യമായിട്ടുള്ളവരുമായ ആളുകൾക്ക് യു.കെ.യിൽ മെഡിക്കൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഏറെ ജോലി സാധ്യതകളുണ്ട്. ഈ കാലയളവിൽ ഏറെ വ്യക്തികൾ ഈ സാധ്യത പ്രയോജനപ്പെടുത്തി യു.കെ.യിൽ എത്തിച്ചേർന്നിട്ടുണ്ട്. ഇതിന്റെ പരിശീലനവും സാൻജോസ് അക്കാഡമിയിൽ നടന്നുകൊണ്ടിരിക്കുന്നു.

## എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്

സാൻജോസ് അക്കാദമി നടത്തുന്ന കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. ഫോൺ : 8281 750 777, 8281 730 777.

സ്നേഹാശംസകളോടെ,

**ഫാ. സോണി വടശ്ശേരിൽ**
ഡയറക്ടർ

# നിർമലഗിരി വാർത്തകൾ

ആഗസ്റ്റ് മാസത്തിൽ ഒട്ടനവധി പരിപാടികൾ നിർമലഗിരി കോളജിൽ സംഘടിക്കപ്പെട്ടു. അതിൽ എടുത്തു പറയേണ്ടത് മഴ ദുരന്തം വിതച്ച മേഖലകളിൽ നിർമലഗിരികോളേജിന്റെ എൻ. എസ്. എസ്. യൂണിറ്റുകളും എൻ. സി. സി. യൂണിറ്റുകളും അധ്യാപകരും വളരെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിയത്. ദുരിതബാധിത മേഖലകളിലെ വീടുകൾ സന്ദർശിച്ച് ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായതിനോടൊപ്പം ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് ആവശ്യമായ സഹായങ്ങൾ എത്തിക്കുന്നതിലും നിർമലഗിരി കോളജ് മുന്നിൽതന്നെ ഉണ്ടായിരുന്നു.

## മാങ്ങാട്ടിടം പി. എച്ച്. സിക്ക് പുസ്തകങ്ങൾ കൈമാറി

ജൂലൈ 30ന് നിർമലഗിരി കോളേജിലെ എൻ. എസ്. എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ മാങ്ങാട്ടിടം പി. എച്ച്. സിയിലെ വിശ്രമ കേന്ദ്രത്തിൽ വായന കേന്ദ്രം ഒരുക്കി. വോളണ്ടിയർമാർ സമാഹരിച്ച പുസ്തകങ്ങൾ പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി മെഡിക്കൽ ഓഫീസർ ഡോ. അശ്വതിക്ക് നല്കി നിർവഹിച്ചു. പുസ്തകസ്റ്റാന്റും എൻ. എസ്. എസ്. നല്കുകയുണ്ടായി. പ്രോഗ്രാം ഓഫീസർമാരായ ഡോ. ജയ്സൺ ജോസഫ്, ശ്രീമതി ദീപ്തി ലിസ്ബത്ത് കെ., വോളണ്ടിയർമാരായ ആരുഷി, ദീക്ഷിത എന്നിവർ സംസാരിച്ചു.

അതേ ദിവസംതന്നെ എൻ. എസ്. എസ്. വോളണ്ടിയേഴ്സിന്റെ നേതൃത്വത്തിൽ സിവിൽ സർവ്വീസ് പരീക്ഷ പരിശീലന ഉദ്ഘാടനം കോളേജ് പ്രിസൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി നിർവഹിച്ചു. വിദ്യാർത്ഥികൾക്കുള്ള സിവിൽ സർവീസ് ഓറിയന്റേഷൻ ക്ലാസ്സ് നിർമലഗിരി ഐ. എ. എസ്. അക്കാദമി ഡയറക്ടർ ഡേ. ബേബി ജോസഫ് നിർവഹിച്ചു. പ്രോഗ്രാം ഓഫീസർ ഡോ. ജയ്സൺ ജോസഫ് ആശംസയും ജുമാന സമീർ സ്വാഗതവും അദ്നാൻ ടി. പി. നന്ദിയും പറഞ്ഞു.

## ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു.

ആഗസ്റ്റ് 7-ന് നിർമലഗിരി കോളേജ് എൻ. എസ്. എസ് യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ മുലയൂട്ടൽ വാരാചരണത്തിന്റെ ഭാഗമായി ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. അമ്മയ്ക്കും കുഞ്ഞിനും മുലയൂട്ടൽ കൊണ്ടുണ്ടാകുന്ന ഗുണങ്ങളെക്കുറിച്ചും ശാസ്ത്രീയമായ രീതികളെക്കുറിച്ചും തിരുവനന്തപുരം വലിയ തുറ കോസ്റ്റൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ പീഡിയാട്രിഷൻ ഡോ. സിമി ഗോപാലകൃഷ്ണൻ ക്ലാസ്സ് എടുത്തു. കോളേജ് പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി അധ്യക്ഷനായിരുന്നു.

എൻ. എസ്. എസ്. പ്രോഗ്രാം ഓഫീസർ ശ്രീമതി. ദീപ്തി ലിസ്ബത്ത് കെ. സ്വാഗതം പറഞ്ഞു. എൻ. എസ്. എസ്. വോളണ്ടിയർമാരായ ജുമാന, നന്ദന, റോസ് മേരി എന്നിവർ പ്രസംഗിച്ചു.

## സ്വാഗത സംഘം രൂപീകരിച്ചു

നിർമലഗിരി കോളേജിൽ അതി വിപുലമായ രീതിയിൽ സംഘടിപ്പി ക്കാൻ തീരുമാനിച്ചിരിക്കുന്ന ഗ്രാൻസ് അലുമ്നി മീറ്റിന്റെ മുന്നൊരുക്ക ങ്ങൾക്കായിട്ടുള്ള സ്വാഗതസംഘം ഓഫീസിന്റെ രൂപീകരണം ആഗസ്റ്റ് 13 ശനിയാഴ്ച മാർ വള്ളോപ്പിള്ളി ഹാളിൽവച്ച് നിർവഹിക്കപ്പെട്ടു. പ്രസ്തുത പരിപാടി കോളേജ് മാനേജർ മോൺ. ഫാ. ആന്റണി മുതുകുന്നേൽ ഉദ്ഘാ ടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ.വി. ഔസേപ്പച്ചൻ, ആലുംനി അസോസിയേഷൻ പ്രസിഡണ്ട് മമ്പറം ദിവാകരൻ എന്നിവർ സന്നിഹിത രായിരുന്നു.

## ആസാദി കാ അമ്റൂത് മഹോത്സവ് സന്ദേശ് റാലി നടത്തി

നിർമലഗിരി കോളേജ് എൻ. സി. സി യൂനിറ്റുകളായ 9 കേരള ഗേൾസ് സീനിയർ വിംങും 31 കേരള ബറ്റാലിയൻ സീനിയർ ഡി വിഷനും കേരള പോലീസും തപാൽ വകുപ്പും സംയുക്തമായി നടത്തിയ ആസാദി കാ അമ്റൂത് മഹോത്സവ് ഹർ ഘർ സന്ദേശ റാലി വിജയമായി.

സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷങ്ങളുടെ ഭാഗമായി എല്ലാ വീടുകളിലും ദേശീയ പതാക ഉയർത്തി രാജ്യം മുഴുവൻ ആഘോഷങ്ങളിൽ പങ്കെടുക്കാനുള്ള സർക്കാരിന്റെ നിർദ്ദേശം അനുസരി ച്ചാണ് റാലി സംഘടിപ്പിച്ചത്. കൂത്തുപറമ്പ് പോലീസ് എസ്. ഐ. വിനോദ് എൻ. ഡി. പരിപാടി ഫ്ളാഗ് ഓഫ് ചെയ്തു. നിർമലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി, എൻ.സി.സി. ഓഫീസർ ലഫ്നന്റ് ഡോ. സുജ മറിയാമ്മ ജോഷ്വാ, മുൻ എ. എൻ. ഒ ഡോ. ടി. കെ സെബാസ്റ്റ്യൻ, ശ്രീ. പ്രഫുൽ വർക്കിയച്ചൻ, നിർമലഗിരി ബ്രാഞ്ച് ഒഫീഷ്യേറ്റിംഗ് പോസ്റ്റ് മാസ്റ്റർ അനുഷ, തപാൽ വകുപ്പ് ജീവനക്കാരായ ബിജു, പ്രീത, കൂത്തുപറമ്പ് പോലീസ് രതീഷ്, പ്രശോഭ്, അഷ്റഫ് കാഡെറ്റുകളായ സാരംഗ്, അഞ്ജന എന്നിവർ റാലിക്ക് നേതൃത്വം നൽകി. 88 കാഡെറ്റുകൾ പങ്കെടുത്തു.

## നിർമ്മലഗിരി കോളേജ് എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ഫ്രീഡം ഫെസ്റ്റ്

ഒന്നാം ദിവസമായ ശനിയാഴ്ച ഫ്രീഡം വാൾ പെയിന്റിംങ്ങോടെ ആരംഭിച്ചു. സ്വാതന്ത്ര്യ സമരസേനാനികളുടെ ചിത്രങ്ങളും പതാക

ഉയർത്തിയ ചെങ്കോട്ടയുടെയും ദണ്ഡിയാത്രയുടെയും ഓർമകളും കോളേജ് ചുവരിലെ വോളണ്ടിയർമാരുടെ വരകളിൽ തെളിഞ്ഞു. വിദ്യാർത്ഥികൾ തയ്യാറാക്കിയ പോസ്റ്ററുകളും ദേശീയ പതാകയും കൈയിലേന്തി എൻ. എസ്. എസ്. ഗീതം ആലപിച്ചുകൊണ്ട് ജാഥ നടത്തി. തുടർന്ന് ദേശഭക്തി ഗാനാലാപനമത്സരം നടന്നു. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി സ്വാതന്ത്ര്യദിനസന്ദേശം നല്കി പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഇക്കണോമിക്സ് വിഭാഗം മേധാവി ഡോ. സെബാസ്റ്റ്യൻ ടി.കെ, ഡോ. പ്രഫുൽ, പ്രോഗ്രാം ഓഫീസർ ഡോ. ജയ്സൺ ജോസഫ് എന്നിവർ നേതൃത്വം നൽകി.

ആഗസ്റ്റ് 16നു നിർമലഗിരി ക്യാമ്പസിൽ പുതുതായി തുടങ്ങുന്ന സ്വയാശ്രയ കോളജ് ആയ നിർമലഗിരി ആർട്സ് ആൻഡ് സയൻസ് അക്കാദമിയുടെ വെഞ്ചരിക്കൽ കർമം കോളജ് മാനേജർ മോൺ. ആന്റണി മുതുകുന്നേൽ നിർവഹിച്ചു.

മലയാളം ഓപ്പൺ ലൈബ്രറിയുടെയും നിർമലഗിരി കോളജ് മലയാള വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഫോക്‌ലോർ ദിനാചരണ ങ്ങളുടെ ഭാഗമായി ആഗസ്റ്റ് 22 നു ഒരു ഏകദിന സെമിനാർ സംഘടിപ്പിച്ചു. കോളജ് മിനി ഓഡിറ്റോറിയത്തിൽവച്ചു നടത്തപ്പെട്ട ചടങ്ങിൽ മലയാള വിഭാഗം തലവൻ ഡോ. ഫാ. മാർട്ടിൻ ജോസഫ് അധ്യക്ഷത വഹിച്ചു. ഡോ. കെ. വി. ഔസേപ്പച്ചൻ ഉദ്ഘാടനം നിർവഹിച്ചു.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# ACCOMPANYING DEAF AND AWAKENING MISSION (ADAM)

## ഓഗസ്റ്റ് മാസത്തിലെ പ്രോഗ്രാമുകൾ

6, 13, 27 തീയതികളിൽ വൈകുന്നേരം 6:30 ന് ഓൺലൈൻ വഴി വിശുദ്ധ കുർബാന അർപ്പിച്ചു.

**ജ്യോതിഭവൻ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂൾ ചായ്യോത്ത്**

2021–22 അധ്യയന വർഷത്തിൽ ജ്യോതി നിവാസ് കുട്ടികൾക്കുള്ള ആദം മിനിസ്ട്രിയുടെ ശുശ്രൂഷകൾ ഓഗസ്റ്റ് മാസം മൂന്നാം തീയതി ബുധനാഴ്ച വിശുദ്ധ ബലിയോടെ ആരംഭിച്ചു.

**ഡോൺ ബോസ്കോ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂൾ കാരക്കുണ്ട്**

ഓഗസ്റ്റ് അഞ്ചാം തീയതി നടത്തപ്പെട്ട സ്കൂൾ മീറ്റിംഗിൽ പങ്കുചേർന്ന് എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിലെ വിജയികൾക്ക് അനുമോദനങ്ങൾ നേരുകയും, പിടിഎ മീറ്റിംഗിൽ മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ക്ലാസ് നൽകുകയും ചെയ്തു.

**സ്വാതന്ത്ര്യദിനാഘോഷവും പരി. അമ്മയുടെ സ്വർഗാരോപണ തിരുനാളും**

ഓഗസ്റ്റ് 15 ഓൺലൈൻ മാധ്യമത്തിൽ CDAI യുടെയും, ADAM മിനിസ്ട്രിയുടെയും ആഭിമുഖ്യത്തിൽ ആരാധനയും, ജപമാലയും നടത്തി. സമാപനത്തിൽ ബോംബെ ഡഫ് ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ ആംഗ്യഭാഷയിൽ നാഷണൽ ആന്തം ആലപിച്ചു.

**മാട്രിമോണിയൽ ഹെൽപ്പ് ഡെസ്ക്** : ഓഗസ്റ്റ് 21–ാം തീയതി കോയമ്പത്തൂർ ക്രിസ്തുരാജ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട (മരിയ സണ്ണി ആദംമിനിസ്ട്രി മെമ്പർ ബാംഗ്ലൂർ) നിരൺകുമാർ എന്നിവരുടെ വിവാഹ ആശീർവാദ കർമത്തിൽ പങ്കുചേർന്ന് ആംഗ്യഭാഷയിൽ കർമ്മങ്ങൾക്ക് പരിഭാഷ നടത്തി.

**സെപ്റ്റംബർ മാസ പരിപാടികൾ**

- 8 മാതാവിന്റെ പിറവിത്തിരുനാൾ ആചരണം.
- 3, 10, 17, 24 വിശുദ്ധ കുർബാന ഓൺലൈൻ.
- 11 ബാംഗ്ലൂർ മിഷൻ
- 25 ആംഗ്യഭാഷാ ദിനാചരണം ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ.

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# ഇൻഫാം വാർത്തകൾ

സ്നേഹമുള്ളവരെ,

കർഷക മക്കൾ സന്തോഷത്തിന്റെയും സമൃദ്ധിയുടെയും ചിങ്ങ പുലരിയിലേയ്ക്ക് സന്തോഷത്തോടെ പ്രവേശിക്കാൻ ആഗ്രഹിക്കുന്നുവെങ്കിലും ബഫർസോണും കാർഷിക വിളകളുടെ വില ഇടിവും കാട്ടു മൃഗശല്യവും കർഷകജനതയുടെ ഉറക്കം കെടുത്തുന്നു. ഈ പ്രത്യേക സാഹചര്യത്തിൽ ഇൻഫാം മറ്റ് കർഷക സംഘടനകളോട് ചേർന്ന് ഈ ചിങ്ങം ഒന്ന് കേരളത്തിൽ അങ്ങോളമിങ്ങോളം പ്രതിഷേധ സമരങ്ങൾ സംഘടിപ്പിച്ചു.

## ചിങ്ങംഒന്ന് കർഷക കരിദിനം :

ആഗസ്റ്റ് 17 (ചിങ്ങം ഒന്ന്) ഇൻഫാം കാസർഗോഡ് ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ഭീമനടി പാരീഷ്ഹാളിൽ വച്ച് ചിങ്ങം ഒന്ന് കർഷക കരിദിനമായി ആചരിച്ചു. ഭീമനടി ടൗണിൽനിന്നും ആരംഭിച്ച പ്രതിഷേധ മാർച്ച് ഇൻഫാം ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ നേതൃത്വം നല്കി. ജില്ലാ പ്രസിഡന്റ് ശ്രീ. ഗിരി തിരിതെള്ളിയിൽ കാസർഗോഡ് ഇൻഫാം റീജനൽ ഡയറക്ടർ റവ. ഡോ. ജോൺസൺ അന്ത്യാംകുളം റവ. ഫാ. ജോസ് തൈക്കുന്നുംപുറം, ഫാ. ലൂയി മരിയദാസ് തുടങ്ങിയവരുടെ നേതൃത്വവും നൂറുകണക്കിന് കർഷകരുടെ സാന്നിദ്ധ്യവും പ്രതിഷേധ റാലിയേയും ധർണ്ണയേയും ശ്രദ്ധേയമാക്കി. കാസർഗോഡ് റീജിയന് അഭിനന്ദനങ്ങൾ!

**കണ്ണൂർ ജില്ല:** കർഷകദിനം കരിദിനമായി ആചരിച്ചു. ഇരിട്ടി ഫോറസ്റ്റ് ഓഫീസിലേയ്ക്ക് നടന്ന കർഷക മാർച്ചിലും ധർണയിലും നൂറുകണക്കിന് കർഷകർ അണിനിരന്നു. ഇരിട്ടിയിൽ നിന്നും ആരംഭിച്ച കർഷക മാർച്ചിന് ഇൻഫാം അതിരൂപതാ ഡയറക്ടർ ഫാ. തോമസ് ചെരുവിൽ നേതൃത്വം നല്കി. ഇരിട്ടി ഫോറസ്റ്റ് ഓഫീസിന് മുന്നിൽ നടന്ന ധർണ കണ്ണൂർ രൂപതാദ്ധ്യക്ഷൻ മാർ അലക്സ് വടക്കുംതല ഉദ്ഘാടനം ചെയ്യുകയും ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി റവ. ഫാ. ജോസഫ് കാവനാടി അദ്ധ്യക്ഷം വഹിക്കുകയും വിവിധ കർഷക സംഘടനകളുടെ പ്രതിനിധികൾ സംസാരിക്കുകയും ചെയ്തു. ഈ പ്രവർത്തനത്തിന് പിന്തുണ നല്കിയ എല്ലാ പ്രവർത്തകർക്കും പ്രത്യേകിച്ച് പങ്കെടുത്ത എല്ലാ വൈദികർക്കും പിന്തുണ നല്കിയ ഏവർക്കും അഭിനന്ദനങ്ങൾ!

ഒരുമിച്ചുനിന്നുകൊണ്ട് കർഷക മക്കളുടെ വേദനയിൽ പങ്കെടുക്കുവാനും അവരുടെ കണ്ണീരൊപ്പാനും നമുക്ക് സാധിക്കട്ടെ.

സ്നേഹപൂർവ്വം

**ഫാ. തോമസ് ചെരുവിൽ**
ഡയറക്ടർ

# എ.കെ.സി.സി.

## കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ഓഗസ്റ്റ് മാസത്തെ പ്രവർത്തന റിപ്പോർട്ട്

### കത്തോലിക്കാ കോൺഗ്രസിന്റെ പുതിയ യൂണിറ്റ് സ്ഥാപനം

കത്തോലിക്ക കോൺഗ്രസ് വെള്ളരിക്കുണ്ട് ഫൊറോനയിൽ ബിരിക്കുളം ലിറ്റിൽ ഫ്ളവർ ഇടവകയിൽ പുതിയ യൂണിറ്റ് ആരംഭിച്ചു. ലിറ്റിൽ ഫ്ളവർ പള്ളിയിൽ ചേർന്ന യോഗത്തിൽ വച്ച് അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ യൂണിറ്റ് ഉദ്ഘാടനം ചെയ്തു. ഭാരവാഹികളായി റെജി തോക്കനാട്ട് (പ്രസിഡണ്ട് ), ആന്റണി കവലയ്ക്കൽ (ജനറൽ സെക്രട്ടറി), റോയ് അതിരുകുളങ്ങര (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. ഇടവക വികാരി ബഹു. ഫാദർ അഖിൽ മുക്കുഴി യൂണിറ്റ് രൂപീകരണത്തിനുള്ള എല്ലാവിധ സഹായസഹകരണങ്ങളും നൽകി.

### വിയാനി ദിനം

04/08/2022 ന് ഇടവക വികാരിമാരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുന്നാൾ ദിനത്തിൽ ബഹു. വികാരി അച്ചന്മാരെ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് ഭാരവാഹികൾ നേരിട്ട് കണ്ടു ആദരവ് നൽകി.

### ബഹു. ബേബി പെരുമാലിക്ക് ആദരാഞ്ജലികൾ

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറി ശ്രീ ബേബി പെരുമാലിയുടെ നിര്യാണത്തിൽ തലശ്ശേരി അതിരൂപത ആദരാഞ്ജലികൾ അർപ്പിച്ചു. അതിരൂപത കമ്മിറ്റിക്ക് വേണ്ടി പ്രസിഡന്റ് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ ഗ്ലോബൽ വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ഗ്ലോബൽ സെക്രട്ടറി ചാക്കോച്ചൻ കാരാമയിൽ എന്നിവർ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

### ബഹു. ഫാദർ ജോസഫ് വലിയകണ്ടത്തിലിന്റെ നിര്യാണത്തിൽ അതിരൂപത കമ്മിറ്റി അനുശോചിച്ചു.

ബഹു. വലിയകണ്ടത്തിൽ അച്ചന്റെ മൃതശരീരത്തിൽ AKCC പതാകയും റീത്തും സമർപ്പിച്ച് ആദരവ് പ്രകടിപ്പിച്ചു. എടൂരിൽ നടന്ന മൃത സംസ്ക്കാര ശുശ്രൂഷയിൽ അതിരൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറവും ഇരിട്ടി മേഖലയിലെ നിരവധി പ്രവർത്തകരും പങ്കെടുത്തു.

### അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി

13-08-2022 ന് അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തലശ്ശേരി സന്ദേശ ഭവനിൽ വച്ച് ചേർന്നു. അതിരൂപതാ പ്രസിഡണ്ട് അഡ്വ. ടോണി

ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ ആമുഖപ്രഭാഷണം നടത്തി. ബേബി നെട്ടനാനി, ബെന്നി പുതിയാമ്പുറം, പീയുസ് പറയിടം, അഡ്വ. ബിനോയ് തോമസ്, ഡേവിസ് ആലങ്ങാടൻ, സിജോ അമ്പാട്ട് എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

## ഫൊറോനാ നേതൃത്വ യോഗം

അതിരൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ കുന്നോത്ത്, പൈസക്കരി, ചെമ്പേരി, ശ്രീകണ്ഠാപുരം, തളിപ്പറമ്പ എന്നീ സ്ഥലങ്ങളിൽ നേതൃത്വ സമ്മേളനങ്ങൾ നടത്തി.

04-08-2022 ന് കുന്നോത്ത് നടന്ന മീറ്റിംഗ് അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ, ഫൊറോനാ വികാരി ഫാദർ അഗസ്റ്റിൻ പാണ്ട്യമാക്കൽ, ബെന്നി പുതിയാമ്പുറം, അഡ്വ. ഷീജ സെബാസ്റ്റ്യൻ, മാത്യു വെള്ളാംകോട് എന്നിവർ പ്രസംഗിച്ചു.

ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് പൈസക്കരിയിൽ വച്ച് നടന്ന യോഗം ഫോറോനാ വികാരി ഫാദർ നോബിൾ ഓണംകുളം ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണം നടത്തി. അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ചു. ബേബി നെട്ടനാനി, വർഗീസ് പള്ളിച്ചിറ, മൈക്കിൾ ചാണ്ടിക്കൊല്ലി എന്നിവർ പ്രസംഗിച്ചു.

നാലുമണിക്ക് ചെമ്പേരി ഫൊറോനാ മീറ്റിംഗ് അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ഫൊറോനാ ഡയറക്ടർ ഫാദർ ഫിലിപ്പ് ഇരുപ്പക്കാട്ട്, നെല്ലിക്കുറ്റി പള്ളി വികാരി ഫാദർ റോബിൻ ഓലിക്കൽ, ഫൊറോന പ്രസിഡണ്ട് ജിമ്മി ഐത്തമറ്റം എന്നിവർ പ്രസംഗിച്ചു.

വൈകുന്നേരം 5 മണിക്ക് ചെമ്പന്തൊട്ടി ഫൊറോന നേതൃത്വയോഗം കോട്ടൂരിൽ വെച്ച് നടന്നു. പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ യോഗം ഉദ്ഘാടനം ചെയ്തു. ഫാദർ ജോർജ് ചാലിൽ, ജോർജ് വലിയമറത്താങ്കൽ, ഡേവിസ് ആലങ്ങാടൻ, സുരേഷ് ജോർജ്, എന്നിവർ പ്രസംഗിച്ചു,

## തളിപ്പറമ്പ ഫൊറോനാ നേതൃത്വ യോഗം

21-08-2022 ന് തളിപ്പറമ്പ സെന്റ് മേരിസ് പാരിഷ് ഹാളിൽ വച്ച് ചേർന്നു. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ യോഗം ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ഫൊറോന ഡയറക്ടർ ഫാദർ മാത്യു ആലങ്കോട്, രൂപതാ വൈസ് പ്രസിഡണ്ട് ജോർജ് വടകര, ഫെറോന വൈസ് പ്രസിഡന്റ് ശ്രീമതി ഐ സി മേരി എന്നിവർ പ്രസംഗിച്ചു.

എറണാകുളം പി.ഒ.സിയിൽ വെച്ച് നടന്ന കെ.സി.ബി.സി. ജാഗ്രത സമിതി യോഗത്തിൽ രൂപതയെ പ്രതിനിധീകരിച്ച് ബേബി നെട്ടനാനി, ബെന്നി പുതിയാമ്പുറം, അഡ്വ. ഷീജ സെബാസ്റ്റ്യൻ, സിജോ അമ്പാട്ട് എന്നിവർ പങ്കെടുത്തു.

## യൂത്ത് കൗൺസിൽ നേതൃത്വ ക്യാമ്പ്

ഓഗസ്റ്റ് 12, 13 തീയതികളിൽ കത്തോലിക്ക കോൺഗ്രസ് അതിരൂപത യൂത്ത് കൗൺസിലിന്റെ ദ്വിദിന നേതൃത്വ ക്യാമ്പ് സന്ദേശ ഭവനിൽ വച്ച് നടത്തപ്പെട്ടു. ക്യാമ്പിന്റെ ഉദ്ഘാടനം അതിരൂപത വികാരി ജനറൽ മോൺ. ആന്റണി മുതുകുന്നേൽ നിർവ്വഹിച്ചു. അതിരൂപത ഫിനാൻസ് ഓഫീസർ ഫാദർ ഡോക്ടർ ജോസഫ് കാക്കരമറ്റം, ഗ്ലോബൽ സെക്രട്ടറി ശ്രീ ബെന്നി ആന്റണി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫാദർ ഫിലിപ്പ് കവിയിൽ, അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ബെന്നി പുതിയാമ്പുറം, ബേബി നെട്ടനാനി, സിജോ അമ്പാട്ട്, സിജോ കണ്ണേഴത്ത്, സിജോ കണ്ണംകുളം, മരിയ ജോസഫ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിന്റെ സമാപന സമ്മേളനം അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. ഈ സമ്മേളനത്തിൽ വച്ച് DIA-DEM എന്ന പേരിൽ AKCC യുവജന മാധ്യമവേദിക്ക് രൂപം നൽകി.

## ശാഖാ സന്ദർശനം

ഓഗസ്റ്റ് 15 ന് ചരൽ ഇടവകയിലും 21 ന് കാപ്പിമല ഇടവകയിലും അതിരൂപത ഡയറക്ടർ ശാഖാ സന്ദർശനങ്ങൾ നടത്തി.

## ഹാർട്ട് ലിംഗ്സ്

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഹാർട്ട് ലിംഗ്സിന്റെ പ്രവർത്തനം ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ നടക്കുന്നു. ഇതിനോടകം അംഗങ്ങളുടെ സഹകരണത്തോടെ 501000/- രൂപ നാല് രോഗികൾക്ക് നൽകാൻ കഴിഞ്ഞു. ശ്രീ ജോർജ് വടകരയുടെ അകമഴിഞ്ഞ നേതൃത്വപ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

അതിരൂപത ഹാർട്ട് ലിംഗ്സ് കോ-ഓർഡിനേറ്റർമാരുടെ യോഗം 21-08-2022 ന് തളിപ്പറമ്പ സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് നടന്നു. യോഗം അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ഫാദർ മാത്യു ആലങ്കോട്, ജോർജ് വടകര, ജിമ്മി ഐത്തമറ്റം എന്നിവർ പ്രസംഗിച്ചു.

സ്നേഹപൂർവം,

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ

# ഏയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

ഡയാലിസിസ് ആവശ്യമുള്ള സമൂഹത്തിലെ നിർധനരായ വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായി കരുവഞ്ചാലിൽ സ്ഥാപിതമായ ഏയ്ഞ്ചൽ **(ANGEL-Archbishop Njaralakatt George's Envision for Life)** ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. സമൂഹത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്നവർക്കായി ആവിഷ്ക്കരിച്ചിരിക്കുന്ന ഈ ഡയാലിസിസ് സെന്ററിലൂടെ വർദ്ധിച്ചുവരുന്ന നിരവധി വൃക്കരോഗികളെ സഹായിക്കാനുള്ള കർമ്മ പദ്ധതികൾ പ്രാവർത്തികമാക്കിയിരിക്കുന്നു. നിശ്ചിത തുക ഈ സത്കർമ്മത്തിനായി സംഭാവന ചെയ്യാൻ സന്നദ്ധതയുള്ള എല്ലാ സുമനസ്സുകളുടെയും ഫൊറോനകളുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇങ്ങനെ ലഭിച്ച തുക ഉപയോഗിച്ച് മെഷീനുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഡയാലിസിസ് സെന്ററിൽ പൂർത്തീകരിക്കാൻ സാധിച്ചു. അതിനായി സഹകരിക്കുകയും മനസ്സറിഞ്ഞ് സഹായിക്കുകയും ചെയ്ത എല്ലാവരേയും സ്നേഹപൂർവ്വം ഓർക്കുന്നു.

## ചികിത്സാ ചിലവുകൾ

ഓരോ ഫൊറോനകളിൽ നിന്നും നിർധന കുടുംബങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന, സഹായം അർഹിക്കുന്ന വൃക്കരോഗികൾക്ക് 850/- രൂപ നിരക്കിൽ ഡയാലിസിസ് സൗകര്യം നൽകുവാൻ അഭിവന്ദ്യ പിതാക്കന്മാരുടെ അധ്യക്ഷതയിൽ ചേർന്ന ഓരോ ഫൊറോനകളുടെയും വികാരിമാർ, ഏയ്ഞ്ചൽ ട്രസ്റ്റ് ബോർഡ് മെമ്പർമാർ, ഫൊറോനയിൽ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വൈദികർ തുടങ്ങിയവർ സംബന്ധിച്ച മീറ്റിംഗിൽ തീരുമാനമെടുത്തു. ഇത്തരത്തിൽ സഹായം അർഹിക്കുന്നവർക്ക് ഓരോ ഡയാലിസിസിനും ചിലവാകുന്ന 900/- രൂപ അതാത് ഫൊറോനകളിൽ അടയ്ക്കാവുന്നതാണ്. മറ്റുള്ളവർ ആശുപത്രിയിലെ ചികിത്സാചെലവുകൾക്കനുസരിച്ച് ഫീസ് ഡയാലിസിസ് സെന്ററിൽ നേരിട്ട് അടയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓരോ ഫൊറോനകളുടെയും വികാരിമാർ, ഫൊറോനയിൽ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വൈദികർ എന്നിവർ മുഖേന ബന്ധപ്പെടാവുന്നതാണ്.

## ഡയാലിസിസ് സെന്ററിന്റെ സേവനം ഇരിട്ടി മേഖലയിൽ

സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റിന്റെ ഇരിട്ടി കടത്തുംകടവിൽ

പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിൽ **ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ 2022 സെപ്റ്റംബർ മാസം മുതൽ ലഭ്യമാവുന്നു.** ആധുനിക സൗകര്യങ്ങളോടെയുള്ള മെഷീനുകളുടെ സേവനങ്ങളാണ് ഡയാലിസിസിനായി ഇവിടെ സജ്ജമാക്കിയിരിക്കുന്നത്. സെന്ററിലേക്ക് ഡയാലിസിസ് ടെക്നീഷ്യന്മാർ, ഓഫീസ് സ്റ്റാഫുകൾ എന്നീ തസ്തിക കളിലേക്ക് അപേക്ഷ ക്ഷണിക്കുകയും ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ വഴി തെരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്തു.

## ഏയ്ഞ്ചൽ - പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകൾ അടിസ്ഥാന മാക്കിയുള്ള സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി ഓരോ മേഖലകളിലും പുതിയ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിരുന്നു വല്ലോ. പുതുതായി ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കു കളും ചെക്ക് ബുക്കുകളും എല്ലാ ഫൊറോനകളിലും ലഭ്യമാക്കിയിട്ടുണ്ട്. പരമാവധി 2000/- (രണ്ടായിരം) രൂപ വരെ പണമായിട്ട് വാങ്ങുന്നതായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കേണ്ടതാണ്. 80G ഉള്ളതിനാൽ ഓഡിറ്ററുടെ നിർദ്ദേശപ്രകാരം ലഭിച്ച സംഭാവനകളുടെ കണക്കുകൾ ഇൻകംടാക്സിൽ സമർപ്പിക്കുമ്പോൾ തുക നൽകുന്ന വ്യക്തിയുടെ പാൻനമ്പർ കൂടി ചേർക്കേണ്ടതാണ്. അതിനാൽ പണമായോ ചെക്ക് ആയോ സംഭാവനകൾ തരുന്നവരുടെ ആധാർ കാർഡിന്റെയും പാൻകാർഡിന്റെയും ഒരോ കോപ്പി വീതം വാങ്ങിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഏയ്ഞ്ചൽ ട്രസ്റ്റിന്റെ അക്കൗണ്ടിൽ സീറോ ബാലൻസ് ആവാതിരി ക്കുവാൻ എല്ലാ ഫൊറോനകളിൽനിന്നും ശ്രദ്ധിക്കേണ്ടതാണ്. അക്കൗണ്ടു കൾ ഇനിയും സീറോ ബാലൻസ് ആയി തുടർന്നാൽ അക്കൗണ്ടുകൾ ക്യാൻസൽ ആവുകയും വീണ്ടും പുതിയ അക്കൗണ്ടുകൾ ആരംഭിക്കേണ്ട തായി വരുമെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഇത്തരത്തിൽ അക്കൗണ്ടു കൾ കാൻസൽ ആവാതിരിക്കുവാൻ സീറോ ബാലൻസ് അക്കൗണ്ടുകളിൽ ഉടനെ ഇടപാടുകൾ നടത്തുവാൻ ഫൊറോന വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകളിലേക്കുള്ള റെസീപ്റ്റ് ബുക്കുകളും നിർധന കുടുംബങ്ങളിലെ കിഡ്നിരോഗികൾക്ക് ഓരോ ഫൊറോനയിൽനിന്നും നൽകേണ്ട സഹായ കൂപ്പണും വൗച്ചറും

വിതരണം ചെയ്തു. ഏറ്റവും അർഹതപ്പെട്ട രോഗിക്ക് മാത്രം കൂപ്പൺ നൽകുവാൻ എല്ലാ ഫൊറോനകളിൽനിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ട്രസ്റ്റുമായി ബന്ധപ്പെട്ട എല്ലാ ചിലവുകളും വൗച്ചർ എഴുതി കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

ഫൊറോനകളിൽ നിന്നും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ് - ചെലവ് കണക്കുകൾ എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കേണ്ടതാണ്. അതിനായി ഫൊറോനയിലെ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വികാരിയച്ച ന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : angeltrust50@gmail.com
കൂടുതൽ വിവരങ്ങൾക്ക് : 8281955563

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

## TSSS DAY - സെലിബ്രേഷൻ

1966 സെപ്റ്റംബർ 01-ാം തീയതി തലശ്ശേരി അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായി പ്രവർത്തനമാരംഭിച്ച തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി 56 വർഷങ്ങൾ പൂർത്തീകരിച്ചിരിക്കുന്ന വേളയിൽ അതിരൂപതയിലെ എല്ലാ TSSS മേഖലാ ഓഫീസുകളിലും യൂണിറ്റുകളിലും പതാക ഉയർത്തിയും മധുരം വിതരണം ചെയ്തും, വിവിധ സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ പങ്കാളികളായിക്കൊണ്ടും പ്രസ്ഥാനത്തിന്റെ 56-ാം വാർഷികദിനാചരണം TSSS കുടുംബാംഗങ്ങൾ ആഘോഷിച്ചു. സാമൂഹ്യ സേവനം, കാർഷികം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി നിരവധി കർമ്മമേഖലകളിൽ നിസ്വാർത്ഥമായി സേവനം ചെയ്യുവാൻ TSSS-ന് ഇന്നോളം സാധിച്ചിട്ടുണ്ട്. പ്രസ്ഥാനത്തിന്റെ ഇന്നോളമുള്ള വളർച്ചയിൽ നിർണ്ണായകമായ പങ്കുകൾവഹിച്ചുകൊണ്ട് TSSS ഡയറക്ടർമാരായും അസി. ഡയറക്ടർമാരായും സേവനം ചെയ്തുവന്ന അതിരൂപതയിലെ എല്ലാ അച്ചന്മാരെയും റീജിയണൽ ഡയറക്ടറച്ചന്മാരെയും പ്രത്യേകം ഓർക്കുന്നു. കൂടാതെ ക്രെഡിറ്റ് യൂണിയൻ, ഗ്രാമിക, മഹിളാ സേവാസംഘം തുടങ്ങി ജനകീയ സംഘങ്ങളിലൂടെ കക്ഷി-രാഷ്ട്രീയ-ജാതി-മത ഭേദമന്യേ പ്രവർത്തിച്ചുവരുന്ന എല്ലാ TSSS പ്രവർത്തകരെയും സ്റ്റാഫ് അംഗങ്ങളെയും പ്രത്യേകം ഓർക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

## സാമ്പത്തിക സഹായ വിതരണം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിലെ ഉരുൾപൊട്ടിയ പ്രദേശങ്ങളിൽ സാമ്പത്തിക സഹായം നൽകി. പൂളക്കുറ്റി, നെടുംപുറംചാൽ പ്രദേശങ്ങളിലെ മുപ്പത്തി അഞ്ചോളം കുടുംബങ്ങൾക്കാണ് കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ കുടിവെള്ള സൗകര്യങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിച്ച വീടുകളുടെ അറ്റകുറ്റപണികൾക്കുമായി സഹായങ്ങൾ നൽകിയത്. കാരിത്താസ് ഇന്ത്യ അസി. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജോളി പുത്തൻപുര അധ്യക്ഷത വഹിച്ച ചടങ്ങിൽ പൂളക്കുറ്റി ഇടവക വികാരിയും പൂളക്കുറ്റി TSSS ക്രെഡിറ്റ് യൂണിയൻ ഡയറക്ടറുമായ റവ. ഫാ. മാർട്ടിൻ വരിക്കാനിക്കൽ സ്വാഗതം പറഞ്ഞു. TSSS റീജിയണൽ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം, അതിരൂപത ചാൻസലർ റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, പേരാവൂർ മേഖലാ പ്രസിഡണ്ട് ശ്രീ. ഗ്രേയ്സൺ ഉള്ളാഹയിൽ, TSSS പ്രോഗ്രാം മാനേജർ ശ്രീമതി ഉഷ ദിനേശൻ, പൂളക്കുറ്റി

ക്രെഡിറ്റ് യൂണിയൻ പ്രസിഡണ്ട് ശ്രീ. സേവ്യർ തൃക്കേക്കുന്നേൽ, പൂളക്കുറ്റി സെന്റ് മേരീസ് ചർച്ച് കോർഡിനേറ്റർ ശ്രീ. ജോസ് കെ.എം., പൂളക്കുറ്റി ക്രെഡിറ്റ് യൂണിയൻ സെക്രട്ടറി ശ്രീമതി ഫിലോമിന ജോസഫ് തുടങ്ങിയവർ സംബന്ധിച്ചു. അൻപതോളം പേർ ചടങ്ങിൽ പങ്കെടുത്തു. കാരിത്താസ് ഇന്ത്യ അസി. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജോളി പുത്തൻപുര ഉരുൾപൊട്ടിയ പ്രദേശങ്ങൾ സന്ദർശിക്കുകയും നാശനഷ്ടങ്ങൾ വിലയിരുത്തുകയും ചെയ്തു.

## ദുരിതബാധിത പ്രദേശങ്ങളിലെ സന്ദർശനം

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ തലശ്ശേരി അതിരൂപത ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി, അതിരൂപത വികാരി ജനറാൾമാരായ മോൺ. ആന്റണി മുതുകുന്നേൽ, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, TSSS പ്രവർത്തകർ തുടങ്ങിയവർ ഉരുൾപൊട്ടൽ പ്രദേശങ്ങളായ പൂളക്കുറ്റി, നെടുംപുറംചാൽ എന്നിവിടങ്ങൾ സന്ദർശിക്കുകയും, ഉരുൾപൊട്ടലിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് അടിയന്തിര സാമ്പത്തിക സഹായമായി 5000/- രൂപ വീതം നൽകുകയും ചെയ്തു.

## കാവൽ പ്ലസ് പ്രൊജക്ട് - ഇന്റർവ്യൂ

എം.എസ്.ഡബ്ല്യു, മിനിമം മൂന്ന് വർഷം കുട്ടികളുമായി ബന്ധപ്പെട്ട മേഖലകളിലെ പ്രവൃത്തി പരിചയം എന്നിവ അടിസ്ഥാനമാക്കി വുമൺ ആൻഡ് ചൈൽഡ് ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് ഗവ. ഓഫ് കേരളയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സംയുക്തമായി കണ്ണൂർ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന കാവൽ പ്ലസ് പദ്ധതിയിൽ പ്രൊജക്ട് കോർഡിനേറ്റർ, ടീം മെമ്പർ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിക്കുകയും ഇന്റർവ്യൂ വഴി തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളെ നിയമിക്കുകയും ചെയ്തു.

## ഭഗവത്പാത ഐ.ടി.ഐ. അഡ്മിഷൻ തുടരുന്നു

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിലെ പൈസക്കരിയിൽ ഗവ. ഓഫ് ഇന്ത്യയുടെ NCVT അംഗീകാരത്തോടെ പ്രവർത്തിച്ചു വരുന്ന ഭഗവത്പാത ഐ.ടി.ഐ. കോളേജിലൂടെ സാധാരണക്കാരായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച തൊഴിൽ അവസരങ്ങൾ ഉറപ്പുവരുത്തുന്നു. ജില്ലയിലെ ഏറ്റവും കുറഞ്ഞ ഫീസ് നിരക്ക്, പ്രഗത്ഭരും അനുഭവജ്ഞാനവുമുള്ള അദ്ധ്യാപകരുടെ കീഴിൽ പരിശീലനം, ഇന്ത്യയിലും വിദേശത്തും 100% ജോലി ലഭ്യത, സുസജ്ജമായ ലാബ് സൗകര്യം, കോഴ്സ് പാസാകുന്ന എല്ലാവർക്കും 100% പ്ലേസ്മെന്റ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം, വ്യക്തിത്വവികസനം, കരിയർഗൈഡൻസ്, ഇംഗ്ലീഷ് കോച്ചിംങ്ങ്

പരിശീലനം, 75%-ൽ കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, നിർധനരായ ട്രെയിനികൾക്ക് പഠനസഹായം, ആധുനിക സൗകര്യങ്ങളോടെ പ്രാക്ടിക്കൽ കമ്പ്യൂട്ടർ ലാബ്, ബസ്സ് കൺസഷൻ, തികഞ്ഞ അച്ചടക്കം തുടങ്ങിയ വിവിധ ആനുകൂല്യങ്ങളോടെ രണ്ട് വർഷംകൊണ്ട് പൂർത്തീകരിക്കാവുന്ന ഇലക്ട്രീഷൻ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ തുടങ്ങിയ NCVT കോഴ്സുകൾക്ക് അഡ്മിഷൻ തുടരുന്നു.

## മുട്ടക്കോഴി വളർത്തലിൽ പരിശീലനം

കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ ദ്വിദിന ജില്ലാതല പരിശീലനത്തിൽ TSSS സ്റ്റാഫ് അംഗങ്ങളായ ശ്രീ. ജോസ്പ്രകാശ്, ശ്രീ. ജോജു, ശ്രീമതി മേഴ്സി ജേക്കബ്, ശ്രീമതി ലിസി ജിജി, ശ്രീമതി ഉഷ ദിനേശൻ എന്നിവർ പങ്കെടുക്കുകയും വിവിധ വിഷയങ്ങളിൽ ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിക്കുകയും സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുകയും ചെയ്തു.

## കെ.എൽ.എം. ട്രെയിനിംഗ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരള ലേബർ മൂവ്മെന്റിന്റെ സഹകരണത്തോടെ കാസർഗോഡ് ജില്ലയിലെ ചെറുപുഴയിൽ ഭിന്നശേഷി കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി ട്രെയിനിംഗ് സംഘടിപ്പിച്ചു.

## കാൻസർ പരിശോധനാ ക്യാമ്പുകൾ

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണ വിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാ ക്യാമ്പുകൾ നടത്തി. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കാനും ഇതുവഴി സാധിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ ഈ മാസത്തെ സൗജന്യ പരിശോധന (നെല്ലിക്കാംപൊയിൽ) സെപ്റ്റംബർ 05 തിങ്കൾ, (ചിറ്റാരിക്കാൽ) സെപ്റ്റംബർ 13 ചൊവ്വ, (ആലക്കോട്) സെപ്റ്റംബർ 15 വ്യാഴം എന്നീ ദിവസങ്ങളിൽ നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലകളിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

### കർഷകരുടെ സാമ്പത്തിക വളർച്ചയ്ക്കുവേണ്ടി കർഷകരൊന്നുചേർന്ന് പ്രവർത്തിക്കുന്ന കൂട്ടായ്മ

**ബയോമൗണ്ടൻ**

തലശ്ശേരി അതിരൂപതാ സംരംഭമായ ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങൾ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി പുരോഗമിച്ചു വരുന്നു.

**ലക്ഷ്യം**

1. എല്ലാ ഇടവകകളിലും ഗ്രൂപ്പുകൾ ആരംഭിക്കുന്നതുവഴി കർഷകരെ വിവിധ കാർഷിക ക്ഷേമ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ച് പ്രവർത്തിക്കുവാൻ സജ്ജരാക്കുന്നു.
2. കാർഷിക ഉൽപന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ട് ശേഖരിക്കുന്നതുവഴി ഇടനിലക്കാരുടെ ചൂഷണം തടയുവാനും മികച്ച വരുമാനം ഉറപ്പുവരുത്തുവാനും സാധിക്കുന്നു.
3. ഒറ്റയ്ക്ക് കൃഷി ചെയ്യുന്നതിൽ നിന്നും വ്യത്യസ്തമായി കൂട്ടായ കൃഷിയിലൂടെ അദ്ധ്വാനം കുറയ്ക്കുവാനും കൂടുതൽ വരുമാനം നേടുവാനും സാധിക്കുന്നു.
4. കർഷകരുടെ ഉൽപന്നങ്ങൾ നേരിട്ടും വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളായി വിപണനം നടത്തുകയും ചെയ്യുന്നു.
5. ഓരോ ഇടവകകളിലും ആരംഭിക്കുന്ന ബയോമൗണ്ടൻ ഫാർമേഴ്സ് യൂണിറ്റുകൾ വഴി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കാർഷിക സംബന്ധമായ വിവിധ സബ്സിഡികളും ആനുകൂല്യങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളും സഹായങ്ങളും ഉറപ്പുവരുത്തുന്നു.
6. വിവിധ കാർഷികയന്ത്രങ്ങൾ, ഉപകരണങ്ങൾ, വളങ്ങൾ, വിത്തുകൾ തുടങ്ങിയവ ഇടവകകളിലെ ബയോമൗണ്ടൻ യൂണിറ്റുകൾവഴി നമ്മുടെ നാട്ടിലെ എല്ലാ ഭാഗങ്ങളിലും എത്തിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഒരുക്കുന്നു.
7. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കാർഷിക സംബന്ധമായ വിവിധ ഡിപ്പാർട്ടുമെന്റുകളുമായി സഹകരിച്ച് കൃഷിയെക്കുറിച്ചുള്ള ഏറ്റവും നൂതനമായ ആശയങ്ങളും പഠനങ്ങളും ക്ലാസ്സുകളും ട്രെയിനിംഗുകളും കർഷകർക്ക് ലഭ്യമാക്കുന്നു.
8. യുവതലമുറയെ കൂടുതലായി കൃഷിയിലേക്ക് ആകർഷിക്കുന്നതിനുവേണ്ട വിവിധ പ്രവർത്തനങ്ങൾ തയ്യാറാക്കുകയും, യുവകർഷകരെ തെരഞ്ഞെടുത്ത് അവരുടെ കൂട്ടായ്മയിലൂടെ പുതിയ കാർഷികരീതികൾ പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

### ത്രിദിന ട്രെയിനിംഗ്

നബാർഡും IIBM-ഉം സംയുക്തമായി ആസാമിലെ ഗോഹാത്തിയിൽ സംഘടിപ്പിച്ച ത്രിദിന ട്രെയിനിംഗിൽ ബയോമൗണ്ടൻ ചെയർമാൻ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, TSSS ഡയറക്ടറും ബയോമൗണ്ടൻ മാനേജിംഗ് ഡയറക്ടറുമായ ഫാ. ബെന്നി നിരപ്പേൽ, TSSS പ്രൊജക്ട് ഓഫീസർ ശ്രീ. തോമസ് ജോൺ എന്നിവർ പങ്കെടുക്കുകയും സർട്ടിഫിക്കറ്റുകൾ കരസ്ഥ മാക്കുകയും ചെയ്തു.

### ബയോമൗണ്ടൻ യൂണിറ്റ് ആരംഭം

ബയോമൗണ്ടൻ കമ്പനിയുടെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കുന്നതിന്റെ ഭാഗമായി തലശ്ശേരി അതിരൂപതയിലെ സെൻട്രൽ ഓഫീസു കളിലെ വൈദികരുടെ നേതൃത്വത്തിൽ മേരിഗിരി, ചെമ്പേരി ഫൊറോനക ളിലെ ഇടവകകൾ സന്ദർശിക്കുകയും, ബയോമൗണ്ടൻ ഫാർമേഴ്സ് യൂണിറ്റുകൾ ആരംഭിക്കുകയും, പദ്ധതി പ്രവർത്തനങ്ങൾ വിശദീകരിക്കു കയും ചെയ്തു.

### ബയോമൗണ്ടൻ ട്രെയിനിംഗ്

ചെമ്പേരി, ചെറുപുഴ, വെള്ളരിക്കുണ്ട് മേഖലകളിൽ ബയോമൗണ്ടൻ ഫാർമേഴ്സ് ഗ്രൂപ്പുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സ്പൈസസ് ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ (Dev. & OSD-P&C), (Ministry of Commerce & Industry, Govt. of India) ഡോ. ജോജി മാത്യു & ടീം അംഗങ്ങളുടെ നേതൃത്വത്തിൽ സെപ്റ്റംബർ മാസത്തിൽ ട്രെയിനിംഗ് സംഘടിപ്പിക്കുന്നു.

### തുടർ പ്രവർത്തനങ്ങൾ

1. എല്ലാ ഇടവകയിലും മിനിമം ഇരുപത്, അല്ലെങ്കിൽ അതിൽ കൂടുതൽ ബയോമൗണ്ടൻ യൂണിറ്റുകൾ ആരംഭിക്കുകയും ഓരോ യൂണിറ്റു കൾക്കും പ്രസിഡണ്ട്, സെക്രട്ടറി, വൈസ് പ്രസിഡണ്ട്, ജോയിന്റ് സെക്രട്ടറി, ഖജാൻജി തുടങ്ങി അഞ്ചംഗ എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.
2. ഇടവകകളിൽ ആരംഭിക്കുന്ന 50 ബയോമൗണ്ടൻ യൂണിറ്റുകളിലെങ്കിലും 50% മുതൽ 80% വരെ സബ്സിഡിയോടുകൂടി കാർഷികയന്ത്രങ്ങ ളുടെയും മറ്റു ഉപകരണങ്ങളുടെയും വിതരണം.
3. ഐശ്വര്യ കറിപൗഡർ യൂണിറ്റ് വിപുലീകരിച്ച് കമ്പനിയുടെ പേരോടുകൂടി മായം കലരാത്ത ശുദ്ധമായ കറിപൗഡറുകളുടെയും, മികച്ച ഗുണ നിലവാരത്തോടുകൂടിയുള്ള ചായപ്പൊടിയുടെയും, സോപ്പ്, സോപ്പുപൊടി, ലിക്വിഡ്, ഡിഷ്വാഷ് തുടങ്ങി വിവിധ ഉൽപന്നങ്ങളുടെയും വിതരണം.

സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ
ബയോമൗണ്ടൻ

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ, ബയോമൗണ്ടൻ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജൂലൈ 2022

21 നെല്ലിക്കാംപൊയിൽ ഫൊറോനയിലെ വൈദികരുടെ കൂട്ടായ്മയിൽ അധ്യക്ഷത വഹിച്ചു. കിളിയന്തറ ഇടവകയിൽ നിര്യാതനായ ശ്രീ. മടുക്കക്കുഴിയിൽ ജോസഫിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 രാവിലെ 6:30 ന് കിളിയന്തറയിലുള്ള എസ്എബിഎസ് പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് കുന്നോത്ത് മേജർ സെമിനാരിയിൽ ക്ലാസുകൾ നയിച്ചു. സന്ദേശഭവനിൽ വച്ച് നടത്തപ്പെട്ട മതാധ്യാപകരുടെ ആമുഖസെമിനാറിൽ ക്ലാസ് നയിച്ചു.

23 പനത്തടി ഫൊറോനയിലെ വൈദികരുടെ കൂട്ടായ്മയിൽ അധ്യക്ഷത വഹിച്ചു.

24 കനകപ്പള്ളി ഇടവകയിൽ ഇടയസന്ദർശനം നടത്തി. പനത്തടി ഇടവകയിൽ നിര്യാതയായ ബഹു. മറ്റത്തിൽ ജോസഫ് അച്ചന്റെ മാതാവ് ശ്രീമതി അന്നമ്മ ജോണിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കള്ളാർ ഇടവകയിൽ വച്ച് നടത്തപ്പെട്ട പനത്തടി ഫൊറോന യുവജന കൂട്ടായ്മയിൽ പങ്കെടുത്ത് സംസാരിച്ചു.

25 ആടാംപാറ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും സിമിത്തേരി വെഞ്ചിരിക്കുകയും ചെയ്തു. പനത്തടി ഇടവകയിൽ ബഹു. മറ്റത്തിൽ ജോസഫ് അച്ചന്റെ മാതാവ് ശ്രീമതി അന്നമ്മ ജോണിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു. പൈസക്കരി ഫൊറോനയിലെ വൈദികരുടെ കൂട്ടായ്മയിൽ അധ്യക്ഷത വഹിച്ചു.

26 ആലക്കോട് ഫൊറോനയിലെ വൈദികരുടെ കൂട്ടായ്മയിൽ അധ്യക്ഷത വഹിച്ചു. ആലക്കോട് ഇടവകയിൽ നിര്യാതയായ ഡിഎസ്ടി പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ അനിത ഡിഎസ്ടിയുടെ മാതാവ് ശ്രീമതി ഏലിയാമ്മ തേവറോലിക്കലിന്റെ ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുന്നോത്ത് മേജർ സെമിനാരിയിൽ നടന്ന സെമിനാരി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

27 കുന്നോത്ത് മേജർ സെമിനാരിയിൽ നടന്ന സെമിനാരി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു

28 കോളയാട് ഇടവകയിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. കമ്പല്ലൂർ ഇടവകയിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും സൺഡേ സ്കൂളിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിക്കുകയും ചെയ്തു.

29 കുന്നോത്ത് മേജർ സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസ് നയിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് എകെഎം ട്രസ്റ്റിന്റെ ബോർഡ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി ക്രമീകരിച്ച പെർമനന്റ് സിനഡിൽ പങ്കെടുത്തു.

30 പേരാവൂർ ഫൊറോനയിലെ വൈദികരുടെ കൂട്ടായ്മയിൽ അധ്യക്ഷത വഹിച്ചു. പേരാവൂർ ഇടവകയിൽ വച്ച് ശ്രീ. ജെയിംസ് മൂക്കൻതോട്ടത്തിലിന്റെയും എലിസബത്ത് വെള്ളക്കടയിലിന്റെയും മനസമ്മതത്തിന് മുഖ്യകാർമികത്വം വഹിച്ചു. മഞ്ഞുവയൽ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവകയിൽ നിര്യാതനായ എസ്എബിഎസ് തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ അനില മണ്ണൂരിന്റെ പിതാവ് ശ്രീ. ചെറിയാൻ മണ്ണൂരിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

31 ഇടപ്പുഴ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും മതബോധന വിദ്യാർത്ഥികളുമായി സംസാരിക്കുകയും ചെയ്തു. തുടർന്ന് ഹെഗ്ളയിലുള്ള അതിരൂപതയുടെ സാന്താ മാതാ നേഴ്സിങ് കോളേജിന്റെ തറക്കല്ലിടിയിൽ കർമ്മം നിർവഹിച്ചു. വൈകിട്ട് മലബാർ എക്സ്പ്രസ്സിന് ബിഷപ്പ് വള്ളോപ്പിള്ളി ഫൗണ്ടേഷൻ അവാർഡ്ദാന ചടങ്ങിൽ പങ്കെടുക്കുന്നതിനായി തിരുവനന്തപുരത്തേക്ക് യാത്ര തിരിച്ചു.

## ഓഗസ്റ്റ് 2022

01 ബിഷപ്പ് വള്ളോപ്പിള്ളി ഫൗണ്ടേഷൻ അവാർഡ് ദാന ചടങ്ങിൽ വിശിഷ്ട അതിഥിയായി പങ്കെടുത്തു.

01–05 അഭിവന്ദ്യ പിതാക്കന്മാർക്കായി കെസിബിസി ക്രമീകരിച്ച ധ്യാനത്തിൽ പങ്കെടുത്തു.

02 ഓൺലൈനായി ക്രമീകരിച്ച പെർമനന്റ് സിനഡിൽ പങ്കെടുത്തു. ദീപികയുടെ ഷെയർ ഫോൾഡേഴ്സ് മീറ്റിംഗിൽ ഓൺലൈൻ ആയി പങ്കെടുത്തു.

04 കെസിബിസി മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട 'മധുരം സായന്തനം' എന്ന പ്രോഗ്രാമിൽ അധ്യക്ഷത വഹിച്ചു.

06 നെടുംപുറംചാൽ, പൂളക്കുറ്റി ഇടവകകളിലെ ഉരുൾപൊട്ടൽ പ്രദേശങ്ങളും ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിച്ചു. വിൻസന്റ് ഡി പോളിന്റെ അതിരൂപത വാർഷിക സമ്മേളനം സന്ദേശഭവനിൽ ഉദ്ഘാടനം ചെയ്തു. രയറോം ഇടവകയിൽ അജപാലന സന്ദർശനത്തിനായി പുറപ്പെട്ടു.

07 രയറോം ഇടവകയിൽ അജപാലന സന്ദർശനം നടത്തി. കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി സന്ദർശിച്ചു.

08 രാവിലെ ബഹു. ജോസഫ് വലിയകണ്ടം അച്ചനെ കണ്ണൂർ കൊയ്‌ലി ആശുപത്രിയിൽ എത്തി സന്ദർശിച്ചു, പ്രാർത്ഥിച്ചു.

ആർച്ച്ബിഷപ്പ്സ് ഹൗസിൽ നടന്ന കരുവഞ്ചാൽ ആശുപത്രിയുടെ അവലോകനയോഗത്തിൽ അധ്യക്ഷത വഹിച്ചു. ലോഡ്സ് കപ്പിൽ മിനിസ്ട്രി ഓൺലൈനായി സംഘടിപ്പിച്ച ദമ്പതി സെമിനാറിൽ ക്ലാസ് നയിച്ചു.

വൈകുന്നേരം നിര്യാതനായ ബഹു. ജോസഫ് വലിയകണ്ടം അച്ചന് വേണ്ടി പ്രീസ്റ്റ് ഹോമിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

09 കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിത്സയിലായിരുന്ന അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിനെ സന്ദർശിച്ചു. തലശ്ശേരി അതിരൂപതാംഗമായ ബഹു. ജോസഫ് വലിയകണ്ടം അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. അതിരൂപത കേന്ദ്രത്തിൽ വച്ച് നടന്ന കൂരിയാ മീറ്റിംഗിൽ പങ്കെടുത്തു.

വിളമന ഇടവകയിൽ നിര്യാതയായ ബഹു. കൊട്ടുകാപ്പള്ളി തോമസ് അച്ചന്റെ മാതാവ് ശ്രീമതി മേരി കൊട്ടുകാപ്പള്ളിക്കുവേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

10 തലശ്ശേരി സന്ദേശഭവനിൽ നടന്ന സഭാനവീകരണ വർഷ ഒരുക്ക ധ്യാന ടീം അംഗങ്ങളുടെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ശാലോം ടെലിവിഷന്റെ ഷൂട്ടിംഗിൽ പങ്കെടുത്തു. ദളിത് ക്രൈസ്തവരുടെ അവകാശങ്ങൾക്കുവേണ്ടി കണ്ണൂർ കലക്ട്രേറ്റിൽ കണ്ണൂർ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സമരത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. തലശ്ശേരി മൈനർ സെമിനാരിയിൽ നടന്ന മാസധ്യാന വൈദിക കൂട്ടായ്മയിൽ പങ്കെടുത്തു.

11 വിമൽജ്യോതി എൻജിനീയറിങ് കോളേജിൽ നടത്തപ്പെട്ട ഇന്റർനാഷ

ണൽ സെമിനാർ ഉദ്ഘാടനം ചെയ്തു. പടന്നക്കാട് റീജണൽ ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. വടവാതൂർ സെമിനാരിയിൽ സിമ്പോസിയത്തിൽ പങ്കെടുക്കുവാനായി പുറപ്പെട്ടു.

12 വടവാതൂർ സെന്റ് തോമസ് മേജർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് പൗരസ്ത്യ വിദ്യാപീഠത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കർദിനാൾ ടിസറന്റ് തിരുമേനിയെക്കുറിച്ചുള്ള സിംഫോസിയത്തിൽ പ്രബന്ധം അവതരിപ്പിച്ചു. എറണാകുളം നൈപുണ്യ ബിസിനസ് സ്കൂളിൽ നടത്തപ്പെട്ട ക്രിസ്ത്യൻ ആർട്ടിസ്റ്റ് കളക്ടീവ് എന്ന പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഓൺലൈനായി ക്രമീകരിച്ച പെർമനന്റ് സിനഡിൽ പങ്കെടുത്തു.

13 മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സംസ്ഥാന വ്യാപകമായുള്ള മദ്യം, മയക്കുമരുന്ന്, പുകവലികൾക്ക് എതിരെയുള്ള ബോധവൽക്കരണം അതിരൂപതാ കേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്തു. എകെസിസി യൂത്ത് കോഡിനേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്ത് സംസാരിച്ചു. തലശ്ശേരി മൈനർ സെമിനാരിയിൽ നടത്തപ്പെട്ട ബെനഫാക്ടേഴ്സ് ഡേ ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ട വിമൽജ്യോതി എൻജിനീയറിങ് കോളേജിന്റെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. കാർത്തികപുരം ഇടവക നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. ബഹു. തോമസ് തടത്തിൽപുത്തൻവീട്ടിൽ അച്ചൻ കോടോപ്പള്ളി ഇടവകയിൽ നിർമ്മിച്ച പുതിയ സ്റ്റുഡിയോയുടെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. വിമലശ്ശേരി ഇടവകയിൽ അജപാലന സന്ദർശനത്തോടനുബന്ധിച്ച് ഭവനങ്ങൾ സന്ദർശിച്ചു.

14 വിമലശ്ശേരി ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം 4.30 ന് അരിവിളഞ്ഞപൊയിൽ ഇടവകയിൽ നിര്യാതയായ ബഹു. മാത്യു പ്രവർത്തുംമലയിൽ അച്ചന്റെ വല്യമ്മച്ചി ശ്രീമതി അന്നമ്മ പ്രവർത്തുംമലയിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു. തലശ്ശേരി മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ട സ്വാതന്ത്ര്യദിന അക്കാഡമി ഉദ്ഘാടനം ചെയ്തു. മേജർ സെമിനാരി വൈദിക വിദ്യാർഥികളുടെ ഡയറക്ടറിയായ ലിങ്കിന്റെ പ്രകാശന കർമ്മം നിർവഹിച്ചു. അതിരൂപത കേന്ദ്രത്തിൽ നടത്തപ്പെട്ട കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

15 പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാളിനോടനുബന്ധിച്ച് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ കുർബാന

അർപ്പിക്കുകയും സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പതാക ഉയർത്തുകയും ചെയ്തു. തലശ്ശേരി അതിരൂപത ആസ്ഥാനം സ്ഥിതി ചെയ്യുന്ന കൊടുവള്ളി 52-ാം വാർഡിൽ നിന്ന് ഈ വർഷം എസ്എസ്എൽസിക്കും പ്ലസ്ടുവിനും എല്ലാ വിഷയത്തിലും എ പ്ലസ് നേടിയ മുഴുവൻ വിദ്യാർഥികളെയും വാർഡിന്റെ ആഭിമുഖ്യത്തിൽ ആദരിച്ച പ്രത്യേക ചടങ്ങിൽ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും വിദ്യാർത്ഥികളെ ആദരിക്കുകയും ചെയ്തു. വിരാജ്പേട്ടയിലുള്ള നമ്മുടെ അതിരൂപതയുടെ സാന്താമരിയ നേഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ ലാം ലൈറ്റിംഗ് സെറിമണി ഉദ്ഘാടനം ചെയ്തു.

16 സീറോ മലബാർ സിനഡിൽ പങ്കെടുക്കുവാൻവേണ്ടി കാക്കനാട് സെന്റ് തോമസ് മൗണ്ടിലേക്ക് പുറപ്പെട്ടു.

# Programme of the Archbishop
## MAR JOSEPH PAMPLANY

**SEPTEMBER 2022**

| | | | |
|---|---|---|---|
| 01 | | - | NCBC |
| 02 | | - | GSMS Class |
| 03 | | - | Ernakulam |
| 04 | | - | Engaged |
| 05- 07 | | - | Mumbai: International seminar on Family and Marriage |
| 08 | 03:00 pm | - | Kulathuvayal: MSMI Jubilee |
| 09 | 10:00 am | - | Presbyteral Council |
| | 08:30 pm | - | Sandesabhavan: Staff Meeting |
| 10 | 06:00 pm | - | Chappel Blessing: Akasaparavakal Chully |
| | 08:30 pm | - | Kadumeni: Ordination- Dn. Sebastian Thengumpallil |
| | 04:00 pm | - | Kanakapally: Marriage |
| 11-16 | | - | Annual Retreat I |
| 12 | 04:00 pm | - | Aravanchal: Wedding |
| 14 | | - | Kakkanad: Class - Ongoing formation for Junior Priests |
| 15 | 10:30 am | - | Balesugiri: Marriage |
| | 07:30 pm | - | Jubilee: Fr. Pullan |

| | | | |
|---|---|---|---|
| 17 | 10:00 am | - | Payyambalam |
| 18-23 | | - | Annual Retreat II |
| 18 | | - | Pastoral Visit |
| 19 | | - | Enaged |
| 20 | 03:00 pm | - | Karakunnel: Blessing Convent - Mary Mediatrix |
| 21 | 08:00 am | - | Thiruvalla: Malankara Reunion |
| 24 | 10:00 am | - | VJEC: Pastoral Council |
| 25 | | - | Pastoral Visit |
| 26 | | - | Visitors' Day |
| 27 | 10:00 am | - | Minor Seminary: Deacons' Parents Meet |
| | 09:00 pm | - | Alpha: Class on Anthropology |
| 28 | 10:00 am | - | Alpha: PhD Defence |
| 29 | 03:00 pm | - | Padappu: Convent Blessing MSMI |
| 30 | | - | Engaged |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ജൂലൈ 2022

28 രാവിലെ 10 മണിക്ക് തേർമല ഇടവകയിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. വൈകിട്ട് 5 മണിക്ക് കണ്ണൂർ ഹോളി ഫാമിലി ഇടവകയിൽ വി. അൽഫോൻസാമ്മ യുടെ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

31 ബാംഗ്ലൂർ സുൽത്താൻപാളയം സെന്റ് അൽഫോൻസാ ദൈവാലയ ത്തിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു

### ഓഗസ്റ്റ് 2022

03 കുന്നോത്ത് നസ്രത്ത് സിസ്റ്റഴ്സിന്റെ നോവിഷ്യേറ്റ് ഹൗസിൽ വി. കുർബാന അർപ്പിച്ചു. വൈകിട്ട് 4 മണിക്ക് ഒറ്റതൈ ഇടവകയിൽ ശ്രീ. ജോസ് കളപ്പുരയ്ക്കലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് ദൈവാലയ ത്തിൽ മുഖ്യകാർമികത്വം വഹിച്ചു. വൈകിട്ട് 7 മണിക്ക് തലശ്ശേരി മൈനർ സെമിനാരിൽ വിയാനി ദിനത്തോടനുബന്ധിച്ച് നടത്തിയ അക്കാഡമിയിൽ അദ്ധ്യക്ഷത വഹിച്ചു.

04 രാവിലെ തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. വിയാനിയുടെ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

05 രാവിലെ 10:30 ന് കുന്നോത്ത് മേജർ സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്ലാസ്സ് എടുത്തു.

06 വൈകിട്ട് 3 മണിക്ക് കരിവേടകം ഇടവകയിൽ ശ്രീ. ദേവസ്യ തുണ്ടത്തിലിന്റെ ഭവനം ആശീർവദിച്ചു. 4 മണിക്ക് കരിവേടകം ഇടവകയിൽ സി. ഷൈജി പോൾ എം.എസ്.എം.ഐയുടെ സന്ന്യാസ ജീവിതത്തിന്റെ രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും നവയാ പാലാക്കുഴിക്ക് ആദ്യകുർബാന നൽകുകയും ചെയ്തു.

07 രാവിലെ പടിമരുത് ഇടവകയിൽ വി. കുർബാന അർപ്പിച്ചു.

## Programme of the Archbishop Emeritus
## Mar George Njaralakatt

**SEPTEMBER 2022**

| | | | |
|---|---|---|---|
| 01 | | - | NMBC |
| 05 | | - | Padamkavala: Holy Qurbana |
| 07 | | - | Udayagiri:Marriage |
| | | - | Panathur: Holy Qurbana |
| 08 | 10:30 am | - | Marriage: Malome |
| | 03:00 pm | - | Pulingome: House Blessing |
| 09 | 09:30 am | - | GSMS Kunnoth: Class |
| 13 | 11:00 am | - | Nirmalagiri: Retired Teachers' Meet |
| 14 | 10:00 am | - | Ettupara: Convent Blessing |
| 15 | 10:30 am | - | Nazreth Generalate Kunnoth: Holy Qurbana |
| 19 | | - | Nadavayal: La Salette |
| 21 | 08:00 am | - | Kanichar: Balabhavan |
| 22-23 | | - | Banglore: CBCI Standing Committee |

**Secretary to the Archbishop Emeritus**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ജൂലൈ 2022

23 താമരശ്ശേരി രൂപത മുക്കം ഇടവകയിൽ വച്ച് ശ്രീ. ജോർജ് തടത്തിലിന്റ വിവാഹത്തിന്റെ സുവർണ ജൂബിലി ആഘോഷത്തിൽ വി. കുർബാന അർപ്പിച്ചു.

25 തലശ്ശേരി അതിരൂപതാംഗമായ ബഹു. മറ്റത്തിൽ ജോസഫ് അച്ചന്റെ അമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. മാലോം ഇടവകയിൽ നിര്യാതയായ എസ്.എ.ബി.എസ്. താമരശ്ശേരി പ്രൊവിൻഷ്യൽ സുപ്പിരിയർ മദർ ആനീസ് കുമ്പളന്താനത്ത് എസ്.എ.ബി.എസ്.ന്റെ മാതാവ് ശ്രീമതി റോസമ്മ കുമ്പളന്താനത്തിന്റെ ഭവനത്തിൽ ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു.

27 തലശ്ശേരി അതിരൂപതാംഗമായ ബഹു. റാത്തപ്പിള്ളി ജോസഫ് അച്ചന്റെ വല്യപ്പൻ ശ്രീ. മത്തായി റാത്തപ്പിള്ളിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയുടെ കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

28 തലശ്ശേരി എഫ്.സി.സി. മഠത്തിൽ വി. കുർബാന അർപ്പിച്ചു. വൈകുന്നേരം മുണ്ടാനൂർ വി. അൽഫോൻസാ ദൈവാലയത്തിൽ ആഘോഷകരമായ തിരുനാൾ കുർബാന അർപ്പിച്ചു.

29 താമരശ്ശേരി രൂപത തേക്കുംകുറ്റി ഇടവകയിൽ ബഹു. ജെയിംസ് കുഴിമറ്റം അച്ചന്റെ മാതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയുടെ കർമങ്ങൾക്ക് കാർമികത്വം വഹിച്ചു.

31 താമരശ്ശേരി രൂപത മഞ്ഞുവയൽ ഇടവകയിൽ നിര്യാതയായ എസ്.എ.ബി.എസ്. തലശ്ശേരി പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ അനില മണ്ണൂർ എസ്.എ.ബി.എസ്.ന്റെ പിതാവ് ശ്രീ. ചെറിയാൻ മണ്ണൂരിന്റെ മൃതസംസ്ക്കാര ശുശ്രുഷയുടെ കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

## ഓഗസ്റ്റ് 2022

1-5 കെ സി.ബി.സി വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

06 താമരശ്ശേരി രൂപത തിരുവമ്പാടി ഇടവകയിൽ ബഹു. സി. ട്രീസ മരിയ സി.എം.സി.യുടെ മൃതസംസ്ക്കാര ശുശ്രൂഷയുടെ കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

08 ആയന്നൂർ ഇടവകയിൽ റോബിൽ-റോസ്മി ദമ്പതികളുടെ നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി.

09 തലശ്ശേരി അതിരൂപതാംഗമായ ബഹു. ജോസഫ് വലിയകണ്ടം അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു. വിളമന ഇടവകയിൽ നിര്യാതയായ ബഹു. കൊട്ടുകാപ്പള്ളി തോമസ് അച്ചന്റെ മാതാവ് ശ്രീമതി മേരി കൊട്ടുകാപ്പള്ളിക്കുവേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

10 വിളമന ഇടവകയിൽ നിര്യാതയായ ബാഹു. കൊട്ടുകാപ്പള്ളി തോമസ് അച്ചന്റെ മാതാവ് ശ്രീമതി മേരി കൊട്ടുകാപ്പള്ളിയുടെ മൃതസംസ്ക്കാര ശുശ്രൂഷയുടെ കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

15 പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗാരോപണ തിരുനാളിനോട് അനുബന്ധിച്ച് ബിഷപ്പ്സ് ഹൗസിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് ദേശീയപതാക ഉയർത്തി.

16 സീറോ മലബാർ സഭാ സിനഡിൽ പങ്കെടുക്കുന്നതിനായി കാക്കനാട് സെന്റ് തോമസ് മൗണ്ടിലേക്ക് തിരിച്ചു.




എറണാകുളം കളമശ്ശേരിയിൽ ഉള്ള
ബഹു. ആന്റണി കുറിച്ചാപറമ്പിൽ അച്ചന്റെ
നേതൃത്വത്തിലുള്ള എ.കെ.എം ചാരിറ്റബിൾ ട്രസ്റ്റിന്റെ
ഓഫീസ് സ്ഥിതി ചെയ്യുന്ന എ.കെ.എം ടവർ

RNI Reg. No. *5910/18* Date of Publication: *28/08/2022*
**Registered KL/TLY/20/22-24**
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24



സെപ്റ്റംബർ 05

# വി. മദർ തെരേസയുടെ തിരുന്നാൾ

Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Hollow Way Road Thalassery - 670 101. Published from Archbishop's House, Hollow Way Road, Thalassery - 670 101 Kerala. Editor- Fr. Sajan George Thengumpally.